O25:2291 3251
BHASHA DEVI MAHATMAYAM KOCHUNNI THAMBURAN

MUL
041935

# ദേവീമാഹാത്മ്യം

ഭാഷ

ഇതിൽ ഉൾപ്പെട്ട ഹ്രീ ശ്രീ മഹാശക്തി
മുതലായ പദങ്ങളെ വിവരിക്കുന്ന

# ശ്രീകുരുംബാദേവി

മാഹാത്മ്യസപ്തതിയും
ദേവികളുടെ രൂപവിവരണത്തോടുകൂടിയ
പൂജാവിധി

## പാനയും

ചേത്ത്

കൊടുങ്ങല്ലൂർ
കൊച്ചുണ്ണിത്തമ്പുരാൻ
തിരുമനസ്സുകൊണ്ട്
ഉണ്ടാക്കിയത്.

തൃശ്ശിവപേരൂർ
'ഭാരതവിലാസം' അച്ചുകൂടത്തിൽ
അച്ചടിച്ചത്.

1086

പകപ്പവകാശം ടി. അച്ചുകൂടത്തിലേക്കുള്ളതാകുന്നു.

CITY LIBRARY
MADRAS

ROCHOUSE & SONS.
Booksellers : Madras.

[ ] ഈ അടയാളത്തിൽ കൊടുത്തിട്ടുള്ളവ കേരളീയരുടെ ഗ്രന്ഥപാഠപ്രകാരമുള്ള അധിക പാഠമാകുന്നു.

* ( ) ഈ അടയാളത്തിൽ കാണുന്നവ മേപ്പടി ഗ്രന്ഥപാഠപ്രകാരമുള്ള പാഠാന്തരമാകുന്നു.

* [ ]* ഈ അടയാളത്തിൽപെട്ടവ പുസ്തകപാഠപ്രകാരമുള്ള അധികപാഠമാകുന്നു.

41435

25:2291

UNIVERSITY LIBRARY
[illegible] 1927
MADRAS

# ദേവീമാഹാത്മ്യം

## ഭാഷാ.

---

ഹരിഃ ശ്രീഗണപതയെനമഃ.

അവിഘ്നമസ്തു

ശ്രീമഹാദേവ്യൈനമഃ.

---

[തപംചെയ്യുംമഹാഭാഗമാൎക്കണ്ഡേയഋഷിതന്നോടായ്
ചോദ്യംചെയ്താൻവ്യാസശിഷ്യൻമഹാതേജസ്വിജൈമിനി.
ഇച്ചരാചരലോകത്തിൽനിറയുംദേവിതന്നുടേ
അവതാരങ്ങളേച്ചൊൽകവിസ്തരിച്ചുമഹാമുനേ!] ൧

ശ്രീമാൎക്കണ്ഡേയൻ പറഞ്ഞു.

സാവൎണ്ണിസൂൎയ്യതനയനെട്ടാമൻമനുതന്നുടെ
ഉൽപ്പത്തിയെച്ചൊല്ലുവൻഞാൻവിസ്തരിച്ചതുകേൾക്കുക. ൨
സാവൎണ്ണിഭാനുവിൻപുത്രനാമഹാഭാഗനാംനൃപൻ
മഹാമായാനുഭാവത്താൽമനുവായതുകേൾക്കുക. ൩
സ്വാരോചിഷാന്തരേമുന്നംചൈത്രവംശേപിറന്നവൻ
കേളിയേറുന്നസുരഥൻരാജാവാൎന്നിതൊക്കെയും. ൪
തന്മക്കളേപ്പോലെലോകംനന്നായ്കാക്കുമെവന്നഹോ
കോലാവിദ്ധ്വംസിഭൂപന്മാർവന്നുവൈരികളായുരം. ൫
പോർചെയ്താനവരോടേററമുഗ്രശിക്ഷകലന്നവൻ
അല്പന്മാരാകിലുംകോലാവിദ്ധ്വംസികൾജയിച്ചുതേ. ൬
അന്നാപ്രബലശത്രുക്കളൊത്രമിച്ചോരവൻപുനഃ
അപ്പോൾതൻപുരിയിൽപ്പുക്കുതൻദേശപതിയായിനാൻ. ൭
ബലംവിട്ടേഴമാംഭൂപൻതന്റെകോശബലങ്ങളെ
ഹരിച്ചാർബലമേറുന്നദുൎമ്മന്ത്രികൾദുരാഗ്രഹാൽ. ൮
പിന്നെനായാട്ടിന്നാടക്യാൽസ്വാമിത്വംപോയൊരാനൃപൻ
ഒറെറക്കുതിരമേൽകേറിപ്പുക്കാൻഗഹനകാനനം. ൯
അവൻകണ്ടാനങ്ങുശാന്തവ്യാഘ്രാദിമൃഗസങ്കുലം ൧൦

മുനിശിഷ്യരാജപലംപാരംവസിഷ്ഠർഷീശപരാശ്രമം. ൧൧
അങ്ങുമിങ്ങുംനടന്നുംകൊണ്ടാമുനിപ്രവരാശ്രമേ
തെല്ലുകാലാവസിച്ചാനാമുനിസൽകൃതനായവൻ. ൧൨
ചിന്തിച്ചാനപ്പോഴങ്ങേവംമമതാകൃഷ്ടചൂതവൻ
മൽപൂർവ്വന്മാർപണ്ടുകാത്താപ്പുരമെന്നെവെടിഞ്ഞുപോയ്.
മൽഭൃത്യന്മാരസത്തുക്കൾധർമ്മത്താലതുകാക്കുമോ
എപ്പോഴുംനീരെഴുംശൂരനെൻറഹസ്തികുലോത്തമൻ. ൧൪
എൻവൈരികൾക്കുവശനായെന്തോന്നനുഭവിപ്പതും
മാനാന്നവിത്തത്താൽനിത്യംമുൻപെൻസേവകരായവർ. ൧൫
ഇപ്പോളന്യമഹീപാലസേവചെയ്യുന്നുനിശ്ചയം
[എൻറഭാര്യ്യവരാരോഹപുത്രനത്യന്തശോഭനൻ. ൧൬
പെണ്ണുങ്ങളപ്സരസ്സോക്കളംവിണ്ണോക്കളംവീടശേഷവും]
ദ്രവ്യയക്കാരവർസദാപാരംചിലവുചെയ്കയാൽ. ൧൭
ഞാൻഞെരുങ്ങിശ്ശേഖരിച്ചാബ്ഭണ്ഡാരംശൂന്യമായ്പരം
ഇതുമിപ്പടിതാൻമറവപലതുംപാർക്കുമാനൃപൻ. ൧൮
വിപ്രാശ്രമസമീപത്തിൽക്കണ്ടാനൊരുവൈശ്യനെ
ചോദിച്ചുരാജാവവനോടാരുനീവന്നതെന്തുവാൻ. ൧൯
ശോകത്താൽദുർമ്മനസ്സാണഞ്ഞെന്നുതോന്നുന്നതെന്തിനാൽ
അബ്ഭൂപൻപ്രണയംമൂലമിത്ഥംചൊന്നതുകേട്ടവൻ. ൨൦
വിനയത്താൽതാണുവൈശ്യൻചൊന്നാൻനൃപനൊടുത്തരം
സമാധിയെന്നുചൊല്ലുണ്ടവൈശ്യൻഞാൻധനിവംശജൻ
ദുഷ്ടഭാര്യ്യാത്മജന്മാരുതള്ളിയെന്നെധനാഗ്രഹാൽ
ഭാര്യ്യാബന്ധുക്കൾസർവ്വസ്വംഹരിച്ചാട്ടിക്കളഞ്ഞുഞാൻ. ൨൨
ദരിദ്രനായ്ദുഃഖിതനായണഞ്ഞേനീമഹാവനം
മക്കൾതൻസുഖദുഃഖാദിയെന്നെന്നിങ്ങറിയുന്നഞാൻ. ൨൩
അറിയുന്നില്ല,ഭാര്യ്യാസബന്ധുവൃത്താന്തവുംതഥാ
ഭവനത്തിലവർക്കിപ്പോൾസുഖമോഹന്ത!ദുഃഖമോ. ൨൪
ശിഷ്ടന്മാരോമത്സുതന്മാർദുഷ്ടന്മാരോനിനക്കുകിൽ

രാജാവു ചോദിച്ചു.

പുത്രദാരാദികൾധനംഹരിച്ചാട്ടിക്കളഞ്ഞനീ

അവരിൽപ്പിന്നെയുംസ്നേഹമുൾക്കൊണ്ടിടുന്നതെന്തഹോ.

വൈശ്യൻ പറഞ്ഞു.

ഞങ്ങളെപ്പററിയങ്ങുന്നു ചൊന്നതിങ്ങിനെതാനിത്
നിഷ്ഠുരത്വംമന്മനസ്സിൽതട്ടുന്നില്ലെന്തുചെയ്യു ഞാൻ. ൨൬
അച്ഛൻപതിസ്വജനമെന്നിഷ്ടംവിട്ടുധനാഗ്രഹാൽ
തള്ളികളെഞ്ഞൊരവരിൽത്താനുള്ളിൽസ്നേഹമുണ്ടുമേ. ൨൭
ഇതെന്തെന്നറിയുംഞാനുമറിയുന്നില്ലവന്മതേ!
എന്നുള്ളഗുണദൃഷ്ട്യന്ധുഃസ്നേഹാൽതാഴുന്നതെന്തിത്. ൨൮
തെളിവില്ലുള്ളിൽനിശ്വാസമുണ്ടിനിക്കവെർമൂലമായ്
സ്നേഹംവിട്ടവരിൽക്രൂരമല്ലെന്നുള്ളെന്തുചെയ്യു ഞാൻ. ൨൯

മാർക്കണ്ഡേയൻ പറഞ്ഞു.

ഭാഗുരിദ്വിജ!പിന്നിടിവൈശ്യനായസമാധിയും
അപ്പാർത്ഥിവേന്ദ്രനുംകൂടിച്ചെന്നാരാമുനിസന്നിധൌ. ൩൦
യഥാശാസ്ത്രംയഥായോഗ്യമുപചാരങ്ങൾചെയ്തുടൻ
ഇരുന്നുവൈശ്യഭൂപന്മാർചിലവാർത്തകൾചൊല്ലിനാർ. ൩൧

രാജാവു പറഞ്ഞു.

ഭഗവൻ!ഞാനൊന്നുചോദിക്കുന്നേനതരുൾചെയ്യണം
ഉറപ്പാട്ടുംപെടാതുള്ളെന്നുള്ളിലെദുഃഖമെന്തിത്. ൩൨
അജ്ഞനെൻറമട്ടുവിദ്വാനാംമമരാജ്യാംഗമൊക്കെയും
എന്റെയെന്നുഴിപോയാലുംതോന്നാനെന്തുമുനീശ്വര! ൩൩
കളത്രപുത്രമിത്രങ്ങൾഭൃത്യന്മാരിവർനിന്ദയാൽ
തള്ളികളഞ്ഞിട്ടുമിവനവരിൽസ്നേഹമേററവും. ൩൪
ഇവനേവംതഥാഞാനുംരണ്ടാളുംബഹുദുഃഖികൾ
ദോഷംകണ്ടിട്ടുമാവസ്തുവെൻറയാണെന്നുറപ്പവർ. ൩൫
ജ്ഞാനമുള്ളോരുഞങ്ങൾക്കുമെന്തീമോഹംമഹാമുനേ!
ഇനിക്കുമിവനുംജ്ഞാനാന്ധ്യത്താൽമൂഢതയുണ്ടിത്. ൩൬

ഋഷി (വസിഷ്ഠൻ) പറഞ്ഞു.

വിഷയങ്ങളിലെജ്ഞാനംജന്തുക്കൾക്കുണ്ടശേഷവും
ആജ്ഞാനവുംമഹാഭാഗ!പലമാതിരിയിങ്ങിനെ. ൩൭
ജന്തുക്കൾപകലന്ധങ്ങൾചിലതന്യങ്ങൾരാത്രിയിൽ

രാത്രിയുംപകലുംതുല്യദൃഷ്ടിയുള്ളവയായ്ചിലർ. ൩൮
സത്യംജ്ഞാനികൾമർത്ത്യന്മാർമർത്ത്യന്മാർമാത്രമല്ലഹോ
എല്ലാംജ്ഞാനികളാണല്ലോപശുപക്ഷിമൃഗാദികൾ. ൩൯
മനുഷ്യർക്കുണ്ടുശാസ്ത്രത്താൽജ്ഞാനംജന്തുവിനില്ലിത്
ഈരണ്ടുപേർക്കുംസദൃശംവിജ്ഞാനംഭക്ഷണാദിയിൽ. ൪൦
താൻതിന്നേക്ഷുത്തടങ്ങുമെന്നറിവുള്ളിപ്പത്രികൾ
ക്ഷുൽബാധപൂണ്ടുംനൽകുന്നുകുഞ്ഞുങ്ങൾക്കിതഭക്ഷണം. ൪൧
എന്നാൽപ്രത്യുപകാരാർത്ഥമല്ലോമക്കളിലാഗ്രഹം
മർത്ത്യന്മാർക്കുനരശ്രേഷ്ഠ! കാണുന്നില്ലേഭവാനിത്. ൪൨
എങ്കിലുംസംസരിക്കുന്നുമഹാമായാതിവൈഭവാൽ
ഇതെന്റെയെന്നചുഴിയുള്ളജ്ഞാനക്കുണ്ടിൽവീണിവർ.
അതിനാൽവിസ്മയിക്കേണ്ടിങ്ങീശനാംഹരിതന്നുടേ
യോഗനിദ്രമഹാമായമോഹിപ്പിക്കുന്നുപാരിടം. ൪൪
അദ്ദേവിയാംഭഗവതിമഹാമായ, ബലത്തിനാൽ
വലിച്ചേകുന്നുമോഹത്തിന്നറിവുള്ളവർചിത്തവും. ൪൫
സൃഷ്ടിച്ചിടുന്നുമുപ്പാരുംചരാചരജഗത്തവൾ
തെളിഞ്ഞിവൾവരംനൽകിലോകർക്കേകുന്നുമുക്തിയേ. ൪൬
മോക്ഷംനൽകുമനാദ്യന്തവിദ്യയുംബന്ധഹേതുവാം
അവിദ്യയും, സർവ്വനാഥനാഥയാമവൾതാൻദൃഢം. ൪൭

രാജാവു ചോദിച്ചു.

ഭഗവാനേ! മഹാമായയെന്നോതുംമഹേശ്വരി
ഏതാണെങ്ങിനെയുണ്ടായിവിപ്ര! തൽകർമ്മമെങ്ങിനെ. ൪൮
അദ്ദേവിതൻജന്മരൂപപ്രഭാവങ്ങളശേഷവും
ബ്രഹ്മജ്ഞശ്രേഷ്ഠനാമങ്ങുന്നോതിക്കേൾപ്പാൻമമാഗ്രഹം. ൪൯

ഋഷി പറഞ്ഞു.

നിത്യതാൻവിശ്വമയിയാമവൾതീർത്തിതൊക്കെയും
എങ്കിലുംകേൾക്കുകവൾതൻജന്മങ്ങൾപലതോതുവൻ. ൫൦
എപ്പോൾപ്രത്യക്ഷമാകുന്നുദേവകാര്യാർത്ഥമായവൾ
അപ്പോളിങ്ങുജനിച്ചാളെന്നോതുന്നുനിത്യയാകിലും. ൫൧
ജഗത്തൊരാഴിയാംകല്പാന്തത്തിൽഭോഗീന്ദ്രമെത്തയിൽ

പ്രഭുവാം ഭഗവാൻ വിഷ്ണു സേവിച്ചാൻ യോഗനിദ്രയെ. ൫൨
അപ്പോൾ വിഷ്ണുശ്രോത്രമലാലുണ്ടായ് രണ്ടുഗ്രമൂൎത്തികൾ
മധുകൈടഭദൈത്യന്മാർ ചെന്നാർ വിധിവധത്തിനായ്. ൫൩
വിഷ്ണുനാഭിസരോജത്തിൽ മേവും ബ്രഹ്മാ പ്രജാപതി
ആ ദൈത്യക്രൌൎയ്യവും വിഷ്ണുസ്വാപവും തത്ര കണ്ടുടൻ. ൫൪
മനസ്സിരുത്തി നിന്നോറം വിഷ്ണുനിദ്രയെ വിട്ടിടാൻ
വിഷ്ണുനേത്രത്തിൽ വാഴുന്നാ യോഗനിദ്രയെ വാഴ്ത്തിനാൻ. ൫൫
“രക്ഷാന്തദേ! ഭഗവതി! ജഗദ്ധാത്ര്യഖിലേശ്വരി!
മഹാതേജസ്വിയാം വിഷ്ണുതൻ നിദ്രേ! തവ വന്ദനം. ൫൬
നീ സ്വാഹ, നീ സ്വധ, വഷൾക്കാരം, നീ സ്വരരൂപിണി
സുധ നീ, സൂക്ഷ്മരേ! നിത്യേ! മാത്രമൂന്നായി നില്പവൾ. ൫൭
നിത്യാനുച്ചാൎയ്യയായൎദ്ധമാത്രയായി വിശേഷതഃ
നില്ക്കുന്നു നീ, നീ സാവിത്രി ദേവി! നീ ജനനീ പരാ. ൫൮
ഈ ജ്ജഗത്തൊക്കെയും തീൎത്തും ധരിച്ചും കാത്തുമങ്ങിനെ
ഒടുവിൽ ദേവി നീ തന്നെ സംഹരിക്കുന്നു സൎവ്വദാ. ൫൯
ഈ ജ്ജഗത്തിന്റെ സൃഷ്ടിസ്ഥിത്യന്തകാലങ്ങളിൽ തഥാ
സൃഷ്ടി നീ, രക്ഷ നീ തന്നെ സംഹാരം നീ ജഗന്മയി! ൬൦
മഹാവിദ്യ, മഹാമായ, മഹാമേധ, മഹാസ്മൃതി
മഹാമോഹയുമങ്ങുന്നു മഹാദേവി! മഹാസുരി! ൬൧
ഗുണത്രയം കൊണ്ടു ഹിഷ്ടം സൎവ്വപ്രകൃതി നീ ശിവേ!
കാളരാത്രി മഹാരാത്രി മോഹരാത്രി ഭയങ്കരി. ൬൨
[രാത്രിയെന്നു ചൊല്ലുന്നു നീതാനേക്ലേശനാശിനി!]
ശ്രീ നീ, യീശ്വരിനീ, ഹ്രീ നീ, നിശ്ചയാത്മികബുദ്ധി നീ. ൬൩
നീതാൻ ലജ്ജാ, പുഷ്ടി, തുഷ്ടി, ശാന്തി, ക്ഷാന്തികളും തഥാ
വാൾ, ശൂലം, തല, വില്ല, മ്പു, മുസുണ്ഡി, പരിഘം ഗദ. ൬൪
ശംഖ, ചക്രങ്ങളേവം പത്തായുധം നീ ധരിപ്പവൾ
സൌമ്യ നീ ക്രൂരതര നീ സൎവ്വസൌമ്യാതിസുന്ദരീ. ൬൫
നീതാൻ പരാപരങ്ങൾക്കു പരമാ പരമേശ്വരീ
സദസദ്രൂപമായെന്തുണ്ടതിന്റെ സമസ്തവും. ൬൬
ശക്തിയാമങ്ങു സൎവ്വാത്മികേ! വാഴ്ത്തുന്നതെങ്ങിനെ

ജഗൽസൃഷ്ടിസ്ഥിതിലയംചെയ്യുംദൈത്യാരിതന്നെയും. ൧൮
നിദ്രാന്ധനാക്കിടുംനിന്നെസ്തുതിപ്പാനെവനീശ്വരൻ
ഞാൻ,വിഷ്ണു,ശിവനിഞങ്ങൾക്കിവണ്ണംദേഹബന്ധനം.
ഉണ്ടാക്കിവിലസുംനിന്നെസ്തുതിപ്പാനാരുശക്തിമാൻ
ഇയ്യൽകൃഷ്ണസ്വപ്രഭാവങ്ങളാൽസംസ്തുതയായനീ. ൧൯
മധുകൈടഭദുർദ്ധർഷാസുരമോഹിനിയാകണം
ജവാൽജഗത്സ്വാമിയായമുകുന്ദനെയുണർത്തണം
ഈമഹാദൈത്യഘാതത്തിന്നിവനറിവുമേകണം." ൨൦

ഋഷി പറഞ്ഞു.

മധുകൈടഭഘാതത്തിന്നായ്കൃഷ്ണനെയുണർത്തുവാൻ
ബ്രഹ്മാവേവംസ്തുതിച്ചോരുതാമസീദേവിയക്ഷണം. ൨൧
വിഷ്ണുതൻകണ്മുഖംമൂക്കുകൈകാൽമാറുമനസ്സിവ
വിട്ടവ്യക്തജന്മാംബ്രഹ്മൻകാണുമാറവൾമേവിനാൾ. ൨൨
ഏകാർണ്ണവത്തിൽപ്പാമ്പാകുംമെത്തമേൽനിന്നുമാധവൻ
നിദ്രവിട്ടെഴുനീററിട്ടുകണ്ടാനവരെയുംപുനഃ. ൨൩
കോപാൽചുവന്നകണ്ണോത്തുവിധിഹിംസയ്ക്കുപോമവർ
മധുകൈടഭദുഷ്ടന്മാർവീര്യവിക്രമശാലികൾ. ൨൪
വിഭുവാംവിഷ്ണുഭഗവാനോരപിന്നെബ്ഭുജായുധൻ
അയ്യായിരംവത്സരങ്ങളവരോടടരാടിനാൻ. ൨൫
മഹാമായവിമോഹിപ്പിച്ചതിശക്ത്യാമദിച്ചവർ
വരംഞങ്ങൾതരാംവാങ്ങുകെന്നുവിഷ്ണുവൊടോതിനാർ. ൨൬

ശ്രീഭഗവാൻ പറഞ്ഞു.

നിങ്ങൾതോഷിച്ചിലോരണ്ടുപേരുമേവദ്ധ്യരാകണം
വേറെവരംകൊണ്ടെന്താണിങ്ങിതേവേണ്ടുവരംമമ. ൨൭

ഋഷി പറഞ്ഞു.

ഈവണ്ണംവഞ്ചിതന്മാരാമവർമന്നൊക്കെവെള്ളമായ്
കണ്ടിട്ടുചൊല്ലിനാർവിഷ്ണുഭഗവാനോടുതൽക്ഷണം. ൨൮
നിൻപോരാൽഞങ്ങൾതോഷിച്ചുഞങ്ങൾതൻനല്ലമൃത്യുനീ
ഞങ്ങളേക്കൊൽക വെള്ളത്തിൽമുങ്ങാത്തുലകിൽവെച്ചുനീ.
ആതാവാമെന്നുഭഗവാൻശംഖചക്രഗദാധരൻ

തുടമേൽവെച്ചവർകൾതൻതലചക്രേണവെട്ടിനാൻ. ൭൦
ആക്കൈടഭമധുധ്വംസംചെയ്തിട്ടുഭഗവാൻഹരി
തീൎത്താനവ്യക്തോത്ഭവനാംബ്രഹ്മാവിൻഘോരമാംഭയം. ൭൧
[അവർമേദസ്സുകൊണ്ടൂഴികല്പിച്ചാൻവിഷ്ണുഭൂപതേ!
ഉണ്ടായിയതുകൊണ്ടൂഴിക്കേവം'മേദിനി'യെന്നുപേർ.] ൭൨
ബ്രഹ്മാവുതാൻവാഴ്ത്തുകയാൽജ്ജനിച്ചാളവളങ്ങിനെ
ഇദ്ദേവിതൻപ്രഭാവംകേളിനിയുംനിന്നോടോതുവൻ. ൭൩

ഇങ്ങിനെ ശ്രീ മാൎക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽ മധുകൈടഭവധമെന്ന
ഒന്നാമദ്ധ്യായം കഴിഞ്ഞു.

## രണ്ടാമദ്ധ്യായം.

ഋഷി പറഞ്ഞു.

തികച്ചുനൂറാണ്ടുണ്ടായ്പണ്ടമരാസുരസംഗരം
മഹിഷൻദൈത്യപതിയന്നമരേന്ദ്രൻപുരന്ദരൻ. ൧
ഊക്കേറുംദൈത്യർതോല്പിച്ചാരന്നുവാനവർസേനയെ
എല്ലാദ്ദേവകളേയുംവെന്നിന്ദ്രനായ്മഹിഷാസുരൻ. ൨
പ്രജേശനാംബ്രഹ്മനെമുമ്പാക്കിത്തോറ്റോരുദേവകൾ
മുക്കണ്ണനുംകണ്ണനുമുള്ളിടത്തിലുടനെത്തിനാർ. ൩
വിണ്ണോരാക്കേറെറംതോലിചേൎത്തമഹിഷാസുരചേഷ്ടിതം
ഉണ്ടായമട്ടുചൊന്നാരങ്ങവരോടുസുധാശികൾ. ൪
ഇന്ദ്രാഗ്നിവായുചന്ദ്രാൎക്കപാശികാലാധികാരവും
അവൻതന്നെവഹിക്കുന്നുമാറുമുള്ളന്യാധികാരവും. ൫
ദുഷ്ടനാമഹിഷൻവിണ്ണിൽനിന്നുതള്ളിയദേവകൾ
കൂട്ടമായൊക്കെമൎത്ത്യന്മാർപോലെവാഴുന്നുഭൂതലേ. ൬
ശരണാഗതരായ്ഞങ്ങളിദ്ദൈത്യോദന്തമൊക്കയും
ചൊല്ലി; നിങ്ങൾനിനച്ചാലുമവനെക്കൊല്ലുവാൻവഴി. ൭

ദേവന്മാർ ചൊന്നതേവം കേട്ടീശനും മധുവൈരിയും
ഭ്രുകുടീകുടിലാസ്യന്മാരായി കോപിച്ചു തൽക്ഷണം. ൮
ഏറം കോപിച്ച ചക്രീശബ്രഹ്മാസ്യങ്ങളിൽനിന്നുടൻ
വെവ്വേറെയുണ്ടായോരോരോ തേജസ്സുകൾ മഹത്തുകൾ. ൯
മററുള്ളിന്ദ്രാദിദേവന്മാർമെയ്യിൽനിന്നും മഹസ്സുകൾ
വലുതായുത്ഭവിച്ചിട്ടു തോന്നിച്ചൊന്നായി സർവ്വവും. ൧൦
ദിക്കൊക്കെജ്ജ്വാലതിങ്ങിക്കൊണ്ടോരാം തേജോജാൽ കരെത്തിനെ
കത്തുന്ന കുന്നിനെപ്പോലെ കണ്ടാരങ്ങമൃതാശികൾ. ൧൧
അതുലം സർവ്വഗീർവ്വാണദേഹജാതം മഹസ്സതു
മൂപ്പാർനിറഞ്ഞാഭപൂണ്ടങ്ങൊന്നായ്നിന്നൊരു നാരിയായ്.
അവൾതന്മുഖമുണ്ടായീ ശംഭുവിന്റെ മഹസ്സിനാൽ
യമതേജസ്സിനാൽ കേശം, കൈകൾ വിഷ്ണുമഹസ്സിനാൽ. ൧൩
സൌമ്യതേജസ്സിനാൽ കൊങ്ക, മദ്ധ്യമിന്ദ്രമഹസ്സിനാൽ
ജംഘോരു പാശിമഹസാ, നിതംബം ഭൂമിതേജസാ. ൧൪
ബ്രഹ്മതേജസ്സിനാൽ തൃക്കാൽ, വിരലർക്കന്റെ തേജസാ
വിത്തേശതേജസാ നാസ, കരാംഗുലി വസുത്വിഷാ. ൧൫
ദന്തം പ്രജാപതികൾതൻതേജസാ, നയനത്രയം
അഗ്നിതേജസ്സിനാൽ, ഭ്രൂക്കളുണ്ടായ് സന്ധ്യാമഹസ്സിനാൽ
കാററിൻതേജസ്സിനാൽ കാതു, മററു ദേവകൾതന്റെയും
ഓരോ തേജസ്സുകൊണ്ടേവമുണ്ടായ്വന്നു മഹേശ്വരി. ൧൬
സർവ്വദേവമഹാതേജോജാതയാമവളെപ്പുനഃ
കണ്ടു മോദിച്ചു മഹിഷദ്രോഹം പൂണ്ടുള്ള ദേവകൾ. ൧൮
ശൂലത്തിൽനിന്നെടുത്തേകീ ശൂലം ദേവിയ്ക്കു ശങ്കരൻ
ചക്രത്തിൽനിന്നെടുത്തേകീ ചക്രം ദേവിയ്ക്കു മാധവൻ. ൧൯
ശംഖം കൊടുത്തു വരുണൻ, വേലു നൽകി ഹുതാശനൻ
ബാണപൂർണ്ണേഷുധികളും വില്ലും മാരുതനേകിനാൻ. ൨൦
വജ്രത്തിൽനിന്നെടുത്തേകീ വജ്രമിന്ദ്രൻ സുരാധിപൻ
ഐരാവതത്തിൻമണിയുമായിരക്കണ്ണനേകിനാൻ. ൨൧
കാലദണ്ഡം യമൻ നൽകി, പാശം വരുണനേകിനാൻ
ബ്രഹ്മൻ പ്രജേശ്വരൻ നൽകീ കിണ്ടിയും ജപമാലയും. ൨൨

രോമക്കുഴിയിലെല്ലാംതൻപ്രഭനൽകീദിവാകരൻ
നല്ലവാളുംപരിചയുംകാലൻദേവിക്കുനൽകിനാൻ. ൨൩
നൽപുതുപ്പട്ടുമമലഹാരവുംക്ഷീരസാഗരം
ദിവ്യമായശിരോരത്നം,വള,തോൾവള,കാതില. ൨൪
ദിവ്യമായുള്ളർദ്ധചന്ദ്രംമിന്നീടുംകാൽച്ചിലമ്പുകൾ
കഴുത്തിൽകെട്ടുവാൻവേണ്ടുംവിശേഷപ്പെട്ടഭൂഷണം. ൨൫
വിരലെല്ലാററിലുംകൽവെച്ചംഗുലീയങ്ങളെന്നിവ
വിശ്വകർമ്മാവവൾക്കേകീകുഠാരമതിനിർമ്മലം. ൨൬
മുറിയാച്ചട്ടയുംനാനാശസ്ത്രാസ്ത്രങ്ങളുമങ്ങിനെ
തലമാറിവയിൽച്ചാർത്താൻവാടാത്താപ്പത്മമാലയെ. ൨൭
സമുദ്രംനൽകിദേവിക്കായതിശോഭനപത്മവും
ഹിമവാൻവാഹനംസിംഹംനൽകിനാൻബഹുരത്നവും. ൨൮
മദ്യമെല്ലാപ്പൊഴുംതിങ്ങുംപാനപാത്രത്തെവിത്തപൻ
മഹാമണിയണിഞ്ഞീടുംനാഗഹാരമവൾക്കഹോ. ൨൯
ഈമന്നെടുക്കംസർവ്വാഹിനാഥൻശേഷൻകൊടുത്തുതേ
സമ്മാനമായന്യദേവന്മാരുംഭൂഷായുധങ്ങളെ. ൩൦
കൊടുത്തപ്പോൾദേവിവീണ്ടുമട്ടഹാസംമുഴക്കിനാൾ
ഘോരമാമവൾനാദത്താൽനഭസ്സൊക്കെനിറഞ്ഞുതേ. ൩൧
അളവററതുകൊണ്ടേററമുണ്ടായ്പാരംപ്രതിധ്വനി
കുലുങ്ങീസർവ്വലോകങ്ങൾ,കലങ്ങീകടലൊക്കെയും. ൩൨
കമ്പിച്ചുമന്നു,കുന്നെല്ലാംവിറച്ചുസരസംതദാ
ആസ്സിംഹവാഹിനിയൊടായ്ജയിയ്ക്കെന്നോതിദേവകൾ.
ഭക്ത്യാമുനികൾതാണുംകൊണ്ടിവളെക്കൂപ്പിവാഴ്ത്തിനാർ
മൂപ്പാരിളക്കംകണ്ടസ്ത്രശസ്ത്രപാണികളായുടൻ. ൩൪
സന്നദ്ധസർവ്വസൈന്യന്മാരായെഴുന്നേററദാനവർ
'ആ! ഇതെന്തെ'ന്നുകോപിച്ചുപറഞ്ഞുമഹിഷാസുരൻ. ൩൫
സർവ്വദൈത്യന്മാരൊടൊത്താശ്ശബ്ദത്തിൻനേർക്കുപാഞ്ഞുതേ
മൂപ്പാരിൽവിങ്ങുംപ്രഭയുംമാനംമുട്ടുംകിരീടവും. ൩൬
ഭൂമിതാഴ്ത്തുംകാൽച്ചവിട്ടുംപൂണ്ടുനിൽക്കുന്നദേവിയെ
കണ്ടാനവൻദിക്കുമുട്ടുമോരായിരഭുജത്തൊടും. ൩൭

പാതാളമൊക്കെയുംക്ഷോഭിപ്പിക്കുംജ്യാനിനദത്തൊടും
ശസ്ത്രാസ്ത്രബഹുവർഷത്താൽദിക്കൊക്കെക്കെത്തിടുംവിധം.
പിന്നെപ്പോരുതുടന്നാരദ്ദേവിയോടസുരാരികൾ
മഹിഷാസുരസേനേശൻചിക്ഷുരാഖ്യൻമഹാസുരൻ. ൧൯
നാലംഗപ്പടയുംമററമായ്നേത്താൻചാമരാഖ്യനും
ആറായിരപ്പത്തുതേരൊത്തുദഗ്രാഖ്യൻമഹാസുരൻ. ൨൦
നൂറലക്ഷംതേരൊടൊത്തുയുദ്ധംവെട്ടിമഹാഹനു
അഞ്ചുകോടിത്തേരൊടൊത്തിട്ടസിലോമമഹാസുരൻ. ൨൧
ഷഷ്ടിലക്ഷംതേരൊടൊത്തുപോർചെയ്യാൻബാഷ്ക്കളാസുരൻ
രഥകോടി,ഗജാശ്വൌഘബഹുസാഹസ്രസംയുതൻ. ൨൨
ആയുദ്ധത്തിൽപ്പൊരുതിനാനുഗ്രദർശനദാനവൻ
വിലാളനാമവനഞ്ചുലക്ഷംതേരുകലന്നുടൻ. ൨൩
യുദ്ധംചെയ്യാൻരഥേഭാശ്വഗണത്തോടൊത്തുപിന്നെയും
മഹാസുരന്മാരന്യന്മാർസംഖ്യകൂടാതെയുള്ളവർ. ൨൪
ദേവിയോടൊരുമിച്ചിട്ടക്കാലത്തിൽപ്പൊരുതീടിനാർ
കോടികോടിസഹസ്രംതേർകാലാൾദന്തിതുരംഗമം. ൨൫
ഇവയോടൊത്തുനിന്നാനായുദ്ധത്തിൽമഹിഷാസുരൻ
ഉലക്ക,വേൽ,വാൾ,കോടാലി,തോമരം,പട്ടിശായുധം. ൨൬
ഭിണ്ടിപാലാഖ്യമിവയാൽദേവിയോടടരാടിനാർ
ചിലർപാശംപ്രയോഗിച്ചാരന്യന്മാർവേലുചാട്ടിനാർ. ൨൭
ആദ്ദേവിയെക്കൊല്ലുവാൻവാൾകൊണ്ടേററമവർവെട്ടിനാർ
ആദ്ദേവിയാംചണ്ഡികയുമാശ്ശസ്ത്രാസ്ത്രങ്ങളെപ്പുനഃ ൨൮
തന്നസ്ത്രശസ്ത്രവർഷത്താൽകളിയാൽത്താൻനുറുക്കിനാൾ
അനായാസമുഖിദേവിവിബുധർഷിസ്തുതേശ്വരി. ൨൯
ശസ്ത്രാസ്ത്രങ്ങളെവർഷിച്ചാൾദാനവേന്ദ്രതനുക്കളിൽ
ക്രോധാൽസടയിളക്കീട്ടാദ്ദേവീവാഹനകേസരി. ൩൦
വൻകാട്ടിൽകാട്ടുതീപ്പോലെനടന്നാൻദൈത്യസേനയിൽ
യുദ്ധംചെയ്യുംദേവിവിട്ടനിശ്വാസങ്ങൾഗണങ്ങളായ്. ൩൧
സംഭവിച്ചുടനേലക്ഷംലക്ഷമായെപ്പൊരുതീടിനാർ
പട്ടിശാഖ്യം,ഭിണ്ടിപാലം,വാൾ,കോടാലി,യിവററയാൽ. ൩൨

അസുരപ്പടയെക്കൊന്നാർദേവീശക്ത്യതിവൃദ്ധിയാൽ
ഗണങ്ങൾപടഹംകൊട്ടിചിലർശംഖംമുഴക്കിനാർ. ൧൪
മദ്ദളംകൊട്ടിനാരന്യന്മാരായുദ്ധമഹോത്സവേ
ഗദാസിശക്തിശ്ശൂലാദിവർഷംകൊണ്ടുടനീശ്വരി. ൧൫
കൊന്നാൾമഹാസുരന്മാരെവളരെസ്സംഖ്യയെന്നിയേ
ദേവിഘണ്ടാസ്വനംകേട്ടുമോഹിച്ചസുരർവീണതേ. ൧൬
പാശബദ്ധാസുരന്മാരെവലിച്ചാൾമന്നിലിട്ടവൾ
രണ്ടായ്പ്പൊളിഞ്ഞുദൈത്യന്മാർദേവീതീക്ഷ്ണാസിപാതനാൽ.
ഗദകൊണ്ടുചതഞ്ഞേററംകിടന്നാർചിലരൂഴിയിൽ
ഉലക്കത്തല്ലേററമോറചിലപേർചോരകക്കിനാർ. ൧൭
ത്രിശൂലംകൊണ്ടുമാർകീറിച്ചിലർവീണുമഹീതലേ
ശരവർഷംകൊണ്ടുപോരിൽചിലരേററംനുറുങ്ങിനാർ. ൧൮
പ്രാണങ്ങളെയുപേക്ഷിച്ചുകുന്നൊക്കുംദേവവൈരികൾ
കൈമുറിഞ്ഞുചിലക്കന്യന്മാക്കുകണ്ണംമുറിഞ്ഞുപോയ്. ൧൯
നടുവേകീറിയന്യന്മാർപതിച്ചുതലപോയ്ച്ചിലർ
മഹാസുരന്മാരന്യന്മാർവീണുകാലററഭൂമിയിൽ. ൨൦
പൊളിച്ചുചിലരേദ്ദേവികാൽകൈകണ്ണൊററയാംവിധം
തലഃപോയ്പ്പിണൊരന്യന്മാർകബന്ധാകൃതിപൂണ്ടുടൻ. ൨൧
എഴുന്നേററത്തമാസ്ത്രംപൂണ്ടീശയോടടരാടിനാർ
തുഷ്ടതാളത്തിനൊപ്പിച്ചാപ്പോരിൽക്കൂത്താടിനാർചിലർ.
യുദ്ധംചെയ്യാർകബന്ധങ്ങൾവാൾവേല്പൃഷ്ടിയെടുത്തവർ
ദേവിയോടായ്നില്ക്കനില്ക്കന്നോതീട്ടന്യസുരാരികൾ. ൨൨
ചത്തുവീണരഥാശ്വേഭമഹാസുരഗണത്തിനാൽ
ആമഹായുദ്ധമുണ്ടായഭൂമിഭാഗമഗമ്യമായ്. ൨൩
ആഗ്ഗജാശ്വാസുരാനീകമദ്ധ്യത്തിൽക്കൂടെയങ്ങിനെ
ഒലിച്ചുവലുതായുള്ളചോരപ്പുഴകളങ്ങുടൻ. ൨൪
തീവഃയ്ക്കാൽത്തുറവേപ്പോലെയാമഹാദൈത്യസേനയെ
ഭസ്മമാക്കിനശിപ്പിച്ചാൾക്ഷണംകൊണ്ടുമഹേശ്വരി. ൨൫
വിറച്ചുസടപൂണ്ടട്ടഹാസംചെയ്യുമൃഗേന്ദ്രനും
ദൈത്യദേഹങ്ങളിൽജ്ജീവനുണ്ടോയെന്നങ്ങുനോക്കിനാൻ.

ദൈത്യന്മാരോടുപോർചെയ്താരങ്ങാദ്ദേവീഗണങ്ങളും
ഇതുകണ്ടലർവർഷിച്ചാർമോദിച്ചുദിവിദേവകൾ. ൩൭

ഇങ്ങിനെ ശ്രീമാർക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽ മഹിഷാസുരസൈന്യവധമെന്ന
രണ്ടാമദ്ധ്യായം കഴിഞ്ഞു.

## മൂന്നാമദ്ധ്യായം.

ഋഷിപറഞ്ഞു.

ആസ്സൈന്യത്തെക്കൊന്നിടുന്നകണ്ടുകോപാൽമഹാസുരൻ
സേനേശൻചിക്ഷുരൻദേവിയോടുയുദ്ധത്തിന്നെത്തിനാൻ. ൧
ദേവീദേഹത്തിലദ്ദൈത്യൻവർഷിച്ചുശരവൃഷ്ടിയാൽ
കാർമേഘംമേരുശൃംഗത്തിൽമഴപെയ്യുംകണക്കിനെ. ൨
ദേവിപിന്നെക്കളിയാൽത്താനവന്റെശരവൃഷ്ടിയെ
മുറിച്ചശ്വങ്ങളേക്കൊന്നാൾസൂതനേയുംശരങ്ങളാൽ. ൩
വിൽമുറിച്ചാളുടൻപൊക്കമേറുംകൊടിമരത്തെയും
വിൽമുറിഞ്ഞുള്ളവൻമെയ്യിലെല്ലാമെയ്താൾശരങ്ങളെ. ൪
ഹതസൂതാശ്വനരഥൻവിൽമുറിഞ്ഞാമഹാസുരൻ
ചർമ്മാസിധരനായിട്ടാദ്ദേവിതൻനേർക്കുപാഞ്ഞുതേ. ൫
മൂർച്ചകൂടുന്നവാൾകൊണ്ടുസിംഹമൂർദ്ധാവിൽവെട്ടിനാൻ
ഉടനേറംജവാൽവെട്ടീദേവീസവ്യഭുജത്തിലും. ൬
ദേവീഭുജംതൊട്ടവാളുപൊടിഞ്ഞുനൃപനന്ദന!
എടുത്താനുടനേശ്ശൂലംകോപത്താൽകൺചുവന്നവൻ. ൭
അന്യാർക്കമണ്ഡലംപോലെകത്തുംതേജസ്സുചേർന്നത്
എറിഞ്ഞാനാമഹാദൈത്യനുടനേഭദ്രകാളിയിൽ. ൮
ശൂലംവിട്ടാളാവരുന്നശ്ശൂലംകണ്ടിട്ടുചണ്ഡികാ
ആശ്ശൂലവുംദാനവനുമതുകൊണ്ടുതകർന്നുപോയ്. ൯
ആവീര്യമേറുംമഹിഷസേനേശൻചത്തനന്തരം
ആനക്കഴുത്തേറിവന്നാൻചാമരൻത്രിദശാർദ്ദനൻ. ൧൦

അവനാപ്പിന്നെ വേൽ ചാട്ടിയതിനെദ്ദേവി ചണ്ഡികാ
ഹുങ്കാരത്താൽപതിപ്പിച്ചാൾമന്നിൽപ്രഭകെട്ടുടൻ. ൧൧
പൊടിഞ്ഞുവേൽവീണതുകണ്ടതിക്രോധേന ചാമരൻ
ശൂലംവിട്ടാനതുംദേവിമുറിച്ചാൾസായകങ്ങളാൽ. ൧൨
പൊങ്ങിച്ചാടീട്ടുടൻസിംഹംഗജകുംഭാന്തരസ്ഥനായ്
അദ്ദേവശത്രുവോടേറാംബാഹുയുദ്ധംതുടങ്ങിനാൻ. ൧൩
പോരിടസ്സ്ഥാഗ്ഗജത്തിങ്കൽനിന്നുമന്നിൽപ്പതിച്ചവർ
പോർചെയ്യാരതിസംരംഭംപൂണ്ടുഗ്രപ്രഹരങ്ങളാൽ. ൧൪
പിന്നെവേഗനമേല്പോട്ടു ചാടിവീണിട്ടുകേസരി
അടിച്ചു ചാമരൻതന്റെമസ്തകംവേർപെടുത്തിനാൻ. ൧൫
ശിലാവൃക്ഷാദിയാൽകൊന്നുദേവിഗണമുദഗ്രനെ
കരാളനേയുമേവംതാൻദന്തമുഷ്ടിതലങ്ങളാൽ. ൧൬
ഉദ്ധതൻപൊടിയായ്രുഷ്ടദേവിതൻഗദകൊണ്ടുടൻ
ബാഷ്കളൻഭിന്ദിപാലത്താൽതാമ്രനന്ധകനമ്പിനാൽ. ൧൭
ഉഗ്രാസ്യനുഗ്രവീര്യാഖ്യനവ്വണ്ണംതാൻമഹാഹനു
ത്രിണേത്രനിവരെക്കൊന്നുശൂലംകൊണ്ടുമഹേശ്വരി. ൧൮
വാളുകൊണ്ടുബിഡാലന്റെതലവെട്ടിനരകിനാൾ
ദുർദ്ധരാഖ്യൻദുർമ്മുഖാഖ്യനിവരെക്കൊന്നിതമ്പിനാൽ. ൧൯
തന്റെസൈന്യംക്ഷയിച്ചേവംപോകുമ്പോൾമഹിഷാസുരൻ
ഭയപ്പെടുത്തിനാൻപോത്തായിട്ടാദ്ദേവീഗണങ്ങളേ. ൨൦
മുഖത്താൽച്ചിലരേത്തല്ലിച്ചവിട്ടിയുടനന്യരെ
വാൽകൊണ്ടടിച്ചുപരരെശ്ശൃംഗത്താൽകീറിയങ്ങിനെ. ൨൧
വേഗഭ്രമണനിശ്വാസവായുനാദങ്ങൾകൊണ്ടവൻ
ഗണങ്ങളെപ്പലരെയുംപതിപ്പിച്ചാൻമഹീതലേ. ൨൨
ഗണങ്ങളെപ്പതിപ്പിച്ചനേരിട്ടാദ്ദൈത്യനോടിനാൻ
ദേവീസിംഹത്തിനെക്കൊൽവാനപ്പോൾകോപിച്ചുചണ്ഡി
ശബ്ദിച്ചുചുരമാന്തിക്കൊണ്ടുക്കേറെന്നവനംരുഷാ, [കൊ ൨൩
ഏറിഞ്ഞുതൻകൊമ്പുകൾകൊണ്ടേറംവൻപർവ്വതങ്ങളെ.
ആഞ്ഞവൻചുരമാന്തേറ്റതകന്നുധരണീതലം
അവന്റെവാലിൻതല്ലേറ്റകടൽമുക്കീസമസ്തവും. ൨൫

ഇളക്കംകൊമ്പുകൊണ്ടേററംനുറുങ്ങിപ്പോയികാറുകൾ
പാറുവീണവളരെശപാസക്കാറേററകുന്നുകൾ. ൨൬
ക്രോധത്താലിപ്പടിവളരുന്നാദൈത്യരാജനെ
കണ്ടാച്ചണ്ഡികകോപിച്ചാളവനെക്കൊല്ലുവാൻതദാ. ൨൭
ആമഹാസുരനെപ്പാശമെറിഞ്ഞിട്ടവൾകെട്ടിനാൾ
കെട്ടുപെട്ടവനുംവിട്ടുപോത്തിൻരൂപംമഹാരണേ. ൨൮
ഉടൻപിന്നെസ്സിംഹമായാൻ;ദേവിയാഹരിതൻതല
വെട്ടിനാളപ്പോൾവാൾകൈക്കൊണ്ടൊരാളായ്പുനദാനവൻ
ഖഡ്ഗചർമ്മങ്ങളോടൊന്നിച്ചവനെപ്പിന്നെയമ്പിനാൽ
നുറുക്കിനാളുടൻദേവിയവൻപിന്നെയൊരാനയായ്. ൩൦
അലറിക്കൊണ്ടുകൈകൊണ്ടുവലിച്ചാനാമൃഗേന്ദ്രനെ
വലിയ്ക്കുമാഗ്ഗജത്തിൻകൈദേവിവാൾകൊണ്ടുവെട്ടിനാൾ.
പിന്നെരണ്ടാമതുംപോത്തിൻദേഹംപൂണ്ടുമഹാസുരൻ
സചരാചരമാംമുപ്പാരവ്വണ്ണംതാനിളക്കിനാൻ. ൩൨
പിന്നെക്കോപാൽകൺചുവന്നുജഗന്മാതാവുചണ്ഡികാ
ചിരിച്ചുകൊണ്ടുടനുടൻകുടിച്ചാൾപാനമുത്തമം. ൩൩
ബലവീര്യമദംവദ്ധിച്ചലറന്നാസ്സുരാരിയും
എറിഞ്ഞാൻദേവിതൻനേക്കുകൊമ്പുകൊണ്ടചലങ്ങളെ.
മദാലോറംചുമന്നാസ്യംപൂണ്ടദ്ദേവിശരങ്ങളാൽ
അക്കുന്നൊക്കെപ്പൊടിച്ചോതിയവനോടാകലാക്ഷരം. ൩൪

ദേവിഅരുളിച്ചെയ്തു.

ക്ഷണനംഗജ്ജിയ്ക്കുജള!ഞാൻമധുസേവിച്ചിടുംവരെ [ൻ. ൩൬
ഞാൻനിന്നെക്കൊന്നപിമ്പാത്തുവാനോർഗജ്ജിക്കുമിങ്ങുതാ

ഋഷിപറഞ്ഞു.

എന്നുരച്ചവളദ്ദൈത്യൻതന്മേൽച്ചാടിക്കരേറിനാൾ
കാൽകൊണ്ടമത്തിട്ടവനെശ്ശൂലത്താൽകുത്തിനാൾഗളേ. ൩൭
പിന്നെദ്ദേവീപദാക്രാന്തനവൻചർമ്മാസിധാരിയായ്
മഹാവീര്യമെഴും ദൈത്യനായ്പുറപ്പെട്ടുതന്മുഖാൽ. ൩൮
പാതിപോന്നപ്പോഴേയുദ്ധംചെയ്യുന്നാദൈത്യരാജനെ
തലവൻവാളിനാൽവെട്ടിവീഴിച്ചാൾദേവിയാമവൾ. ൩൯

ഹാഹാനാദത്തൊടാദൈത്ത്യപ്പടയോടീസമസ്തവും
പിന്നെയാറംസുഖംപൂണ്ടുദേവസൈന്യങ്ങളൊക്കയും.
ദിവ്യമാമുനിമാരൊത്താദ്ദേവിയേവാഴ്ത്തിവാനവർ
പാടീഗന്ധൎവ്വനാഥന്മാരപ്സരസ്ത്രീകളാടിനാർ. ൪൫

ഇങ്ങിനെ മാൎക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽ മഹിഷാസുരവധമെന്ന
മൂന്നാമദ്ധ്യായം കഴിഞ്ഞു.

# നാലാമദ്ധ്യായം.

ഋഷിപറഞ്ഞു.

[മഹിഷാസുരനെക്കൊന്നശേഷംദേവിയെവാഴ്ത്തുവാൻ
തുടങ്ങിശക്രൻമുമ്പായദേവസംഘങ്ങളൊക്കയും] ൧

ഊക്കേറുമക്കുലനെവയ്മ്പടയൊത്തുദേവ!
കൊന്നപ്പൊളിന്ദ്രമുഖദേവഗണങ്ങളെല്ലാം
രോമാഞ്ചചാരുതനുവാൎന്നതിഹൎഷമോടു
നമ്രാംസശിൎഷഗളമൊത്തവളേസ്തുതിച്ചാർ. ൨

നിശ്ശേഷദേവഗണശക്തിസമൂഹമാംമെയ്
പൂണ്ടുംജഗത്തിതുമഹാത്മഗുണേനതീൎത്തും
മിന്നുന്നസൎവ്വസുരതാപസപൂജ്യദേവി
നൽകേണമിങ്ങുശുഭമായവളെത്തൊഴുന്നു. ൩

ബ്രഹ്മശവിഷ്ണുഫണിനായകർചൊൽകിൽമുട്ടും
നിസ്തുല്യവീൎയ്യബലമുള്ളമഹേശി!ദേവി
പാപാതിഭീതികളവാനുമശേഷലോകം
കാപ്പാനുമായ്ത്തിരുമനസ്സവൾവെച്ചിടട്ടേ. ൪

സമ്പത്തുതാൻസുകൃതികൾക്കു,വിപത്തുപാപ-
മുള്ളോൎക്കു,ബുദ്ധിവിബുധൎക്കു,സദാശയൎക്കു
ശ്രദ്ധാഭിജാത്യമുടയോൎക്കിഹലജ്ജയേവ-
മാംദേവി!കാക്കുകജഗത്തിതവന്ദനംതേ. ൫

നിന്മെയ്യചിന്ത്യമിതുദേവഗണാസുരാദി-
ശ്ലേറാംസുരാരിശമനംതവദേവിവീൎയ്യം

യുദ്ധത്തിൽനിന്റെചരിതങ്ങൾമഹാത്ഭുതങ്ങൾ
വർണ്ണിച്ചിടുന്നതിവയെങ്ങിനെഞങ്ങളെല്ലാം. ൬
വേർപാരിനൊക്കെയു,മദോഷ,ഹരീശ്വരാദി-
കജ്ഞേയനീ,ത്രിഗുണ,യില്ലനിനക്കൊരററം
നിന്നംശമിയ്യുലകടച്ചിതിനാശ്രയംനീ-
യ്യവ്യാകൃതപ്രകൃതിനീപരമാദ്യയല്ലോ. ൭
സർവ്വാമരക്ഷമഖിലാദ്ധ്വരതൃപ്തിചേക്ക-
മാസ്വാഹനീ,പിതൃഗണത്തിനതൃപ്തിചേക്കാൻ
ചൊല്ലുന്നുലോകർമുഴവൻസ്വധയായനിന്നെ-
ത്താൻദേവി!വഹ്നിദയിതേ!പിതൃജീവനാധേ! ൮
മുക്തിയ്ക്കുഹേതുസുമഹാവ്രത,പാക്വെയ്യാ-
ത്താബ്രഹ്മവിദ്യ,പരമോത്തമ,ദേവി!നീതാൻ
ശീലിച്ചിടുന്നുനിയതേന്ദ്രിയദോഷശൂന്യ-
മോക്ഷേച്ഛുസന്മുനികളീശ്വരിയായനിന്നെ. ൯
ശബ്ദാത്മികേ!സുവിമലക്ക,യജൂസ്സു,ഗാന-
ശ്രീമഞ്ജുസാമ,മിവയാംത്രയിദേവി!നീതാൻ
കൃഷ്യാദിയായിവിലസുന്നജഗത്തുകാപ്പാൻ
സർവ്വേശ്വരി!ത്രിഭുവനാർത്തിനിഹന്ത്രിയാംനീ. ൧൦
നീദുർഗ്ഗ,ദുർഗ്ഗഭവസിന്ധുവുടൻകടത്തു-
മമ്മേ,ശിവാങ്കഗതയാംശിവദേവിനീതാൻ
നിക്കൈടഭാരിഹൃദയസ്ഥിതയായലക്ഷ്മി
ശാസ്ത്രാർത്ഥമൊക്കെയറിയുന്നൊരുമേധയുംനീ. ൧൧
പൂർണ്ണേന്ദുബിംബസമമുത്തമഹേമകാന്തി-
കാന്തംസ്മിതാർദ്രമതിമോഹനമാനനംതേ
കണ്ടിട്ടുമുൽക്കടരുഷാമഹിഷാസുരേന്ദ്രൻ
ചെയ്യാൻപ്രഹാരമിഹവേഗമതെത്രചിത്രം. ൧൨
കോപിച്ചുനിന്റെവദനംഭ്രുകുടികരാളം
രക്തേന്ദുബിംബസമമായയിദേവികണ്ടും
ചത്തീലുടൻമഹിഷനെന്നതതീവചിത്രം
കിട്ടുന്നുരുഷ്ടയമദൃഷ്ടിയിലാക്കജവൻ? ൧൩

തോഷാത്സമൃദ്ധികളെനിയ്യുടനേകിടുന്നു
രോഷാൽമുടിച്ചുകളയുന്നുകുലങ്ങളേനീ
നീവാച്ചൊരീമഹിഷസൈന്യവധംകഴിച്ചോ-
രിത്ഥംവുതന്നെയിതുഞങ്ങളറിഞ്ഞുദേവി! ൰൪
നിയ്യുംപ്രസാദമൊടുമംഗളമേകിടുന്നോർ
നാട്ടാക്കൾസമ്മത,രവക്കുയശോധനങ്ങൾ
ധർമ്മാദിവർഗ്ഗമവരിൽകുറയില്ലധന്യ-
രാകുന്നവക്കുസുതഭൃത്യകളത്രപോഷം. ൰൫
ധർമ്മങ്ങളൊക്കെയെനിശംപരമാദരേണ
ചെയ്യുന്നുദേവി!ശുഭവാനിഹനിൻപ്രസാദാൽ
പൂകുന്നുവിണ്ണിലുമുടൻഫലമന്നുമോക്ഷ-
മോക്കുമ്പോൾമൂന്നുലകിലുംഫലദാത്രിനീതാൻ. ൰൬
ഓർത്താൽസമസ്തഭയവുംകളയുന്നുദുർഗ്ഗേ!
സ്വസ്ഥക്കുനല്ലമതിനീപരമേകിടുന്നു
ദാരിദ്ര്യദുഃഖഭയനാശിനി!ചെയ്യുമാരു
നിയ്യെന്നിയ്യെഭുരിദയയോടുപകാരം? ൰൭
പാരിന്നുസൌഖ്യമിവരേകലചെയ്കിലുണ്ടാം
ചെയ്കില്ലഫലംവളരെനാളിവ,രീരണത്തിൽ
ചത്താൽ ഗ്ഗമിച്ചിടുമുടൻസുരനാട്ടിലെന്നു
പാർത്തിട്ടുദേവി!കുലചെയ്യുരിപുക്കളേനീ. ൰൮
നോക്കാലെതാനസുരരേപ്പൊടിഭസ്മമാക്കാ-
തങ്ങുന്നുവൈരിനികരത്തിൽവിടുന്നുശസ്ത്രം
ചെല്ലട്ടെവിണ്ണിലരിവർഗ്ഗവുമസ്ത്രശുദ്ധി-
യാലെന്നുനന്മതിനിനക്കഹിതവ്രജത്തിൽ. ൰൯
നിൻവാളുശൂലമിവതങ്ങടെഘോരഘോര-
തേജസ്സുകൊണ്ടുയുധിദൈത്യവരക്കുനേത്രം
പൊട്ടാതിരുന്നതിനുനിന്മുഖചന്ദ്രകാന്തി
വീക്ഷിക്കതന്നെയൊരുകാരണമോർത്തിടുമ്പോൾ. ൨൦
ശീലംചലാഘശമനംതവദേവി!,ദേവ-
വിദ്വേഷികാരിബലംതവദീയം

അന്യൎക്കചിന്ത്യമസമംഖലുരൂപ,മേവം
ചെയ്യുന്നവൈരികളിലുംദയയേസ്സുടംനീ. ൨൧
നിൻവിക്രമത്തിനിതിനെന്തുപമാന,മെങ്ങു
മാറാർനടുങ്ങുമതിസുന്ദരമായരൂപം
മുപ്പാരിലുംവരദയാകിയദേവി!നിന്നിൽ-
ത്താൻകാണമുള്ളിലലിവോടടരിൽകടുപ്പം. ൨൨
നീകാത്തുവിശ്വലകമൂന്ന,രിനിഗ്രഹത്താൽ,
പോരിങ്കലാരിപുഗണങ്ങളെയുംഹനിച്ച്
സ്വൎഗ്ഗത്തിലാക്കി,ഭയമുന്മദദൈത്യജാതം
ഞങ്ങൾക്കുമുള്ളതുകളഞ്ഞിതുനീ,നമസ്തേ. ൨൩

ശൂലത്താൽഞങ്ങളെക്കാക്ക,വാൾകൊണ്ടുംകാക്കകംബികേ
പാലിക്കഘണ്ടാനാദത്താൽജ്യാനാദത്താലെയുംതഥാ. ൨൪
നീകിഴക്കുംപടിഞ്ഞാറുംതെക്കുമുത്തരദിക്കിലും
രക്ഷിച്ചാലുംസ്വശൂലത്തെച്ചുറ്റിച്ചീശ്വരി!ചണ്ഡികേ! ൨൫
മുപ്പാരിലുള്ളനിൻസൌമ്യഘോരഘോരതനുക്കളാൽ
രക്ഷിച്ചാലുംഞങ്ങളെയുംസൎവ്വലോകത്തെയുംതഥാ. ൨൬
നിൻകൈത്തളിർതൊട്ടുംശൂലംവാൾതൊട്ടുള്ളായുധങ്ങളാൽ
ഞങ്ങളെക്കാത്തുകൊണ്ടാലുമെങ്ങുമെപ്പൊഴുമംബികേ! ൨൭

ഋഷിപറഞ്ഞു.

ഏവംസ്തുതിച്ചുംദിവ്യനന്ദനപാദപസുമങ്ങളാൽ
തേച്ചുംധൂപിച്ചുമൎച്ചിച്ചുംഭക്ത്യാദേവകളൊക്കെയും. ൨൮
വണങ്ങിക്കൊണ്ടുനില്ക്കുമ്പോൾജഗന്മാതാവുചൊല്ലിനാൾ
അതിപ്രസന്നമുഖിയായ്ത്രിദശന്മാരൊടൊക്കെയും. ൨൯

ദേവിയരുളിച്ചെയ്തു.

നൽസ്തോത്രംകൊണ്ടുമതിയാം ഭക്തികൊണ്ടുംതെളിഞ്ഞുഞാൻ
സുരാമാംഗന്ധോപഹാരംചെന്നാരാധിച്ചതുമൂലവും. ൩൦
ഭയകാലത്തിലിസ്തോത്രംകൊണ്ടൎച്ചിക്കുന്നവൎക്കുഞാൻ
ഭയമുള്ളതുപോക്കീട്ടുമിഷ്ടകാമങ്ങൾനൽകിടും ൩൧
വാനോരൊക്കെവരിച്ചാലുമെങ്കൽനിന്നിഷ്ടമൊട്ടത്
ഞാനിസ്തവാൎച്ചനകൾകൊണ്ടേറസ്സന്തോഷിച്ചുനൽകുവൻ.

[ഇനി ശേഷിച്ചതെന്തുള്ളു ലോകങ്ങൾക്കുപകാരമായ്
ചെയ്യാൻ ദുഷ്കരമായ്ക്കാരമെന്തതിങ്ങറിയിക്കുവിൻ] ൩൩

ദേവകൾ പറഞ്ഞു.

ചെയ്യാളൊക്കെ ഭഗവതി ശേഷിച്ചിട്ടില്ല തെല്ലുമേ
അസ്മദ്വിദ്വിഷനായീടും മഹിഷദൈത്യനെക്കൊന്നകാരണം.
ഞങ്ങൾക്കായുപകാരമേകേണമങ്ങുന്നാൽ മഹേശ്വരി!
ഞങ്ങൾക്കുണ്ടാം മഹാനർത്ഥമോർത്താലോർത്താൽ മുടിക്കുനീ.
സ്തോത്രങ്ങളിവയാൽ നിന്നെ സ്തുതിക്കുന്ന മനുഷ്യന്
ജ്ഞാനൈശ്വര്യാർത്ഥദാരാദിസമ്പത്തുകൾ വളർത്തണം
ഞങ്ങളിൽ തെളിവേറും നീ യമലാസ്യ! സദാംബികേ! ൩൬

ഋഷി പറഞ്ഞു.

തങ്ങൾക്കും പാരിനും വേണ്ടിട്ടേവം ദേവപ്രസാദിതാ
ഭദ്രകാളി യതാവാമെന്നോതി ഭൂപ! മറഞ്ഞുതേ. ൩൭
വാനോർ ശരീരങ്ങളിൽ നിന്നുണ്ടായുണ്ടു ജഗത്രയം
ദേവി രക്ഷിച്ചാരിവൃത്തം ചൊന്നേൻ നിന്നോടു മന്നവ. ൩൮
ഇനിയും ദുഷ്ടരാം സുംഭാനിസുംഭാദ്യസുരേന്ദ്രരെ
കൊൽവാനും പാരുകാപ്പാനും ദേവി ദേവോപകാരിണി. ൩൯
ഗൌരീദേഹത്തിൽ നിന്നുണ്ടായ്കൾ വൃന്ദപ്രകാരമോ?
ആവിധം വേണ്ടമട്ടോതാം ഞാൻ നിന്നോടതു കേൾക്കുക. ൪൦

ഇങ്ങിനെ മാർക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽ
ദേവീസ്തുതിയെന്ന നാലാമദ്ധ്യായം കഴിഞ്ഞു.

## അഞ്ചാമദ്ധ്യായം.

ഋഷി പറഞ്ഞു.

[പണ്ടു സുംഭനിസുംഭാഖ്യദൈത്യന്മാരുഗ്രമൂർത്തികൾ
ബാല്യത്തിൽ താന്തുണവിട്ടു ദിവ്യസംവത്സരായുതം. ൧
ലോകപാവനമായുള്ള പുഷ്കരദ്വീപമായതിൽ
നിന്നുകൊണ്ടു തപം ചെയ്യാർ ഭൂപ! വിസ്മയമാംവിധം. ൨

പിന്നെ മറ്റുള്ളോരു ഭഗവാൻബ്രഹ്മൻലോകപിതാമഹൻ
അവൎക്കുവേണ്ടുംനല്ലോരുവരംസൎവ്വവുമേകിനാൻ.] ൩
*(പിന്നെ)സ്സുംഭനിസുംഭാഖ്യദൈത്യ(ന്മാർവരശക്തിയാൽ)
ഹരിച്ചാരിന്ദ്രനുള്ളോരുമൂപ്പാരുംയാഗഭാഗവും ൪
സൂൎയ്യൻചന്ദ്രൻവൈശ്രവണൻയമൻവരുണനെന്നിവർ
നടത്തുമധികാരങ്ങളവർതന്നെനടത്തിനാർ. ൫
വായ്വഗ്നികൎമ്മങ്ങളെയുമവർതന്നെനടത്തിനാർ
മടങ്ങിരാജ്യംപോയോടിപ്പോയാരുടനെദേവകൾ. ൬
പിന്നമൎത്ത്യാകൃതിധരിച്ചിന്ദ്രനൊന്നിച്ചുവാനവർ
നടന്നുപാരിൽഭ്രമനിപിടച്ചുകൃശരായ്നൃപ! ൭
ഏവമങ്ങുവസിക്കുന്നദേവകൾക്കുമഹാദ്യുതേ!
കഴിഞ്ഞുപോയ്മഹാരാജ!നാല്പതോളംചതുൎയ്യുഗം. ൮
അധികാരംഹരിച്ചിട്ടാദൈത്യരാട്ടികളഞ്ഞവർ
സൎവ്വദേവകളോൎത്താരാമടങ്ങാതുള്ളദേവിയെ. ൯
നൊമ്മൾക്കവൾവരംതന്നിട്ടുണ്ടോൎത്താൽസങ്കടങ്ങളിൽ
നിങ്ങൾക്കുള്ളമഹാനൎത്ഥമുടനെല്ലാംമുടിച്ചുവൻ. ൧൦
എന്നോൎച്ചിട്ടുദേവന്മാർമറ്റുമാമലചൂകിനാർ
സ്തുതിച്ചാരവിടെപ്പിന്നെദ്ദേവിയാംവിഷ്ണുമായയേ. ൧൧

ദേവകൾ പറഞ്ഞു.

ദേവി!ഭദ്രേ!മഹാദേവി!ശിവേ!പ്രകൃതിസന്തതം
നമസ്കാരംനിനക്കുള്ളുവെച്ചവൾക്കിതവന്ദനം. ൧൨
രൌദ്രയായ്നിത്യയായ്ഗൌരിയായ്ഭ്രുവായ്സുഖരൂപയായ്
ജ്യോതിസ്സ്വരൂപയായ്മിന്നുംനിനക്കായ്വന്ദനംസദാ. ൧൩
കല്യാണിയായ്നൈരൃതിയായ്ക്കൂൎമ്മിയായ്രാജലക്ഷ്മിയായ്.
വൃദ്ധിയായ്സിദ്ധിയായ്മിന്നുംസൎവ്വശക്തി!നമോസ്തുതേ ൧൪
കൃഷ്ണയായ്ധൂമ്രയായേവംദുൎഗ്ഗയായ്ദുൎഗ്ഗപാരയായ്
സാരയായ്ഖ്യാതിയായ്മിന്നുംസൎവ്വകാരിണി!തേനമഃ. ൧൫
ദേവശക്തിക്രിയകളായതിസൌമ്യാതിരൌദ്രയായ്
ജഗൽപ്രതിഷ്ഠയായ്മിന്നുംനിനക്കുനമനംസദാ. ൧൬
എല്ലാപ്രാണിയിലുംവിഷ്ണുമായയായുള്ളദേവിയെ

നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൧൭
*[എല്ലാപ്രാണിയിലുംജീവനാഡിയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ]* ൧൮
എല്ലാപ്രാണിയിലുംബുദ്ധിരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൧൯
*[എല്ലാപ്രാണിയിലുംനിദ്രാരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൨൦
എല്ലാപ്രാണിയിലുംക്ഷുത്തായ്നിന്നിട്ടന്നൊരുദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൨൧
എല്ലാപ്രാണിയിലുംഛായാരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ]* ൨൨
എല്ലാപ്രാണിയിലുംശക്തിരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൨൩
*[എല്ലാപ്രാണിയിലുംതൃഷ്ണാരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ]* ൨൪
എല്ലാപ്രാണിയിലുംക്ഷാന്തിരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൨൫
*[എല്ലാപ്രാണിയിലുംജാതിരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ]* ൨൬
എല്ലാപ്രാണിയിലുംലജ്ജാരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ ൨൭
എല്ലാപ്രാണിയിലുംശാന്തിരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൨൮
*[എല്ലാപ്രാണിയിലുംശ്രദ്ധാരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ]* ൨൯
എല്ലാപ്രാണിയിലുംകാന്തിരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൩൦
എല്ലാപ്രാണിയിലുംലക്ഷ്മീരൂപയായുള്ളദേവിയെ
നമിയ്ക്കുന്നുനമിയ്ക്കുന്നുനമിയ്ക്കുന്നുനമോനമഃ. ൩൧
*[എല്ലാപ്രാണിയിലുംവൃത്തിരൂപയായുള്ളദേവിയെ

നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ]* ൩൨
എല്ലാപ്രാണിയിലുംസ്മൃത്യാകാരയായുള്ളദേവിയെ
നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ ൩൩
എല്ലാപ്രാണിയിലുംസാധുദയയായുള്ളദേവിയെ
നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ. ൩൪
എല്ലാപ്രാണിയിലുംതുഷ്ടിരൂപയായുള്ളദേവിയെ
നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ. ൩൫
*[എല്ലാപ്രാണിയിലുംമാതൃരൂപയായുള്ളദേവിയെ
നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ]* ൩൬
എല്ലാപ്രാണിയിലുംഭ്രാന്തിരൂപയായുള്ളദേവിയെ
നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ. ൩൭
എല്ലാപ്രാണിയിലുംവ്യാപിച്ചിന്ദ്രിയങ്ങളെയൊക്കയും
നടത്തീടുന്നദേവിക്കുനമസ്കാരംപുനഃപുനഃ. ൩൮
ചിച്ശക്തിയായ്ജഗത്തൊക്കെനിറഞ്ഞീടുന്നദേവിയെ
നമിക്കുന്നനമിക്കുന്നനമിക്കുന്നനമോനമഃ. ൩൯

പണ്ടിഷ്ടസിദ്ധിക്കമരേന്ദ്രപാവക-
ബ്രഹ്മാനിലേന്ദ്വാദിസുരസ്തുതേശ്വരീ
ശുഭപ്രദാത്രീശുഭഭദ്രകർത്രിയായ്-
ഭവിക്കണംപോക്കണമിങ്ങനർത്ഥവും. ൪൦

ഇത്തവ്വമത്യുൽബ്ബണദൈത്യപീഡിത-
ന്മാരായിട്ടുംഞങ്ങൾനമിക്കുമീശ്വരീ
ശുഭപ്രദാത്രീശുഭഭദ്രകർത്രിയായ്
ഭവിക്കണംപോക്കണമിങ്ങനർത്ഥവും. ൪൧

ഭക്ത്യാനമിച്ചോർക്കമവർക്കതൽക്ഷണം
താനേവിപത്തൊക്കെമുടിക്കുമീശ്വരീ
ശുഭപ്രദാത്രീശുഭഭദ്രകർത്രിയായ്
ഭവിക്കണംപോക്കണമിങ്ങനർത്ഥവും. ൪൨

ഋഷി പറഞ്ഞു.

ദേവന്മാരിത്തരംസ്തോത്രംചെയ്യുമ്പോളങ്ങുപാർവ്വതി

ഗംഗാജലത്തിൽസ്നാനത്തിന്നെഴുന്നെള്ളിനൃപാത്മജ! ൪൩
നിങ്ങൾവാഴ്ത്തുന്നതാരെയെന്നവൾവാനോരൊടോതിനാൾ
ഉമാശരീരകോശാത്തയായപ്പോൾദേവിചൊല്ലിനാൾ. ൪൪
ദേവന്മാരൊക്കയുംസുംഭനിസുംഭാസുരശക്തിയാൽ
പോരിൽതോറ്റിട്ടമൽസ്തോത്രമിതുചെയ്യുന്നുസാമ്പ്രതം. ൪൫
പാർവ്വതീദേഹകോശത്തിൽനിന്നുണ്ടായതുകാരണം
നാട്ടിലെല്ലാംകൌശികിയെന്നേവംചൊല്ലുന്നുദേവിയെ. ൪൬
അവൾപോന്നപ്പൊളാശ്ശൈലപുത്രിയുംകൃഷ്ണയാകയാൽ
കാളികാഖ്യകലന്നിട്ടുവാണാൾതുഹിനപർവ്വതേ. ൪൭
[പിന്നെസ്സൌന്ദൎയ്യമേറീടുംരൂപംകൈക്കൊണ്ടുചണ്ഡികാ
മഹാവീൎയ്യംപൂണ്ടവരെക്കൊൽവൻഞാനെന്നുരച്ചുടൻ. ൪൮
അപ്സരോയക്ഷഗന്ധർവ്വസിദ്ധവിദ്യാധരാദികൾ
സേവിക്കുംഹിമവാൻതന്റെശൃംഗംപ്രാപിച്ചുതൽക്ഷണം].
അദ്ദേവീവാക്കുകേട്ടിട്ടുപോയാർമോദേനദേവകൾ
[ആരമ്യശൈലശൃംഗത്തിൽപൊന്നൂഴിഞ്ഞാലയാടിയും. ൫൦
പാടിയുംപുഞ്ചിരിക്കൊഞ്ചൽതേടിയുംവരരൂപിണി
വാണാൾദേവഹിതംനൽകാൻകാമാൽവളരെനാളവൾ]
പിന്നെസ്സൌന്ദൎയ്യമേറീടുംരൂപംകൈക്കൊണ്ടദേവിയെ
ദൈത്യേന്ദ്രഭൃത്യരാംചണ്ഡമുണ്ഡന്മാരങ്ങുകണ്ടുതേ. ൫൨
മന്നിടത്തിൽനടന്നീടുംകാമരൂപികളായവർ
[യദൃച്ഛയാലാരുചിരരൂപംകണ്ടത്ഭുതാകുലം ൫൩
സുംഭനെക്കാണ്മവാൻകാമാൽതന്മുരമ്പുകിനാർനൃപ!]
അവൾതൻമോഹനഗുണംസുംഭനോടവർചൊല്ലിനാർ. ൫൪
ഒരുപെണ്ണുവിളങ്ങുന്നുമഞ്ഞുകുന്നിൽമഹാപ്രഭോ!
ആമട്ടുത്തമരൂപത്തെക്കണ്ടിട്ടില്ലെങ്ങുമാരുമേ. ൫൫
ഈദ്ദേവിയാരെന്നറികഗ്രഹിക്കദേവഭഞ്ജന!
സ്ത്രീരത്നമാച്ചാരുഗാത്രികാന്ത്യാലോകംനിറഞ്ഞവൾ. ൫൬
ദൈത്യേന്ദ്ര!നിന്നീടുന്നുണ്ടങ്ങവളേക്കാണ്മണംഭവാൻ
ഗന്ധർവ്വനാഗദൈതേയവിബുധാംഗനയല്ലവൾ. ൫൭
കണ്ടിട്ടുമില്ലകേട്ടിട്ടുമില്ലെങ്ങുമവളേപ്രഭോ!

മുപ്പാരിൽഭാവഹാവാദിപൂണ്ടെഴുംകാന്തമാരുടെ. ൧൯
തിലാംശങ്ങളെടുത്തിട്ടുതീർത്തതല്ലോതിലോത്തമ
തിലോത്തമാസഹസ്രത്തിൻതിലാംശാൽതീർത്താരായവൾ.
ശൈലാഗ്രേപൊന്നുഴിഞ്ഞാലേകരിമിന്നുന്നഭംഗിയിൽ
പതിനാറുവയസ്സാകുംമട്ടയൌവനമൊത്തവൾ. ൨൦
മിന്നുന്നലോകങ്ങൾപതിന്നാലിൻദേവതേപോലവൾ
ഭ്രാതാക്കളില്ല, ബന്ധുക്കളില്ലവൾക്കില്ലതാതനും. ൨൧
മാറുകാപ്പോരുമില്ലാരാളവൾവാഴുന്നുനിർജ്ജനേ
നല്ലയൌവനവുംരൂപസമ്പത്തുംപൂണ്ടഭംഗിയിൽ. ൨൨
ഭവാനുയോഗ്യയായ്മിന്നുമവളെക്കാണണംഭവാൻ
മുപ്പാരിലുള്ളരത്നങ്ങൾഗജാശ്വാദികളൊക്കെയും. ൨൩
ഇപ്പോൾഭവൽഗൃഹത്തിങ്കൽഭാസിക്കുന്നുണ്ടയിപ്രഭോ!
ഐരാവതംപാരിജാതവൃക്ഷമുച്ചൈശ്രവസ്സിവ. ൨൪
രത്നങ്ങളാജ്ജാതികളിലാനയിച്ചുപുരന്ദരാൽ
മുന്നംബ്രഹ്മന്റെയാതൊരീവിമാനോത്തമമത്ഭുതം. ൨൫
ഹംസസംയുക്തമായിട്ടുനിന്നിടുന്നുതവാങ്കണേ
ഹൃതംധനേശങ്കൽനിന്നീമഹാപത്മംമഹാനിധി. ൨൬
അബ്ധിതന്നാനല്ലിമിന്നുംവാടാത്താമരമാലയെ
പൊൻപെയ്യുംവാരുണംഛത്രംവിളങ്ങുന്നുഭവൽഗൃഹേ. ൨൭
ദക്ഷന്റേതായിരുന്നോരീരഥരത്നവുമിങ്ങിനെ
ഭവാനീശ! ഹരിച്ചാനാമൃത്യുമാരണശക്തിയേ. ൨൮
ആകുന്നുവാരുണംപാശംഭവൽഭ്രാതാവുതൻകരേ
നിസുംഭന്റേതാണല്ലോസിന്ധുജാഖിലരത്നവും. ൨൯
അഗ്നിശൌചാഖ്യവസ്ത്രങ്ങളങ്ങേക്കീഹുതാശനൻ
രത്നങ്ങളെല്ലാംദൈത്യേന്ദ്ര! ഹരിച്ചാനിത്തരംഭവാൻ. ൩൦
ഇക്കല്യാണിപ്പെണ്മണിയെക്കയ്ക്കൊണ്ടീടാത്തതെന്തിനാൽ.

ഋഷി പറഞ്ഞു.

ചണ്ഡമുണ്ഡവചസ്സേവംകേട്ടപ്പോൾസുംഭനാമവൻ
ദേവിദൌത്യത്തിനായിട്ടാൻസുഗ്രീവാസുരവര്യനെ. ൩൧
എൻവാക്കിനാൽപോയവളോടീമട്ടീമട്ടുചൊല്ലുക

മോഹിച്ചിങ്ങവൾവന്നീടാൻവേണ്ടതങ്ങാശുചെയ്കനീ. ൬൨
ആദ്ദേവിപാഴുംഗചിരമായകുന്നിലണഞ്ഞവൻ
മാധുര്യമേറുംനൽച്ചൊല്ലാൽകൊണ്ടവളോടുടനോതിനാൻ. ൬൩

ദൂതൻ പറഞ്ഞു.

ദേവി!ദൈത്യേശ്വരൻസുംഭൻത്രൈലോക്യപരമേശ്വരൻ
കല്പിച്ചയച്ചദൂതൻഞാനിങ്ങുവന്നേൻതവാന്തികേ. ൬൪
ദേവയോനിയിലെല്ലാംതന്നാജ്ഞയ്ക്കുതടവററവൻ
ജിതാശേഷാസുരാരാതിയവൻചൊന്നതുകേൾക്കുക. ൬൫
വാനോരെൻചൊല്പടിക്കെല്ലാംമുപ്പാരുമുഴുവൻമമ
വെവ്വേറായജ്ഞഭാഗങ്ങളൊക്കെബ്ഭക്ഷിച്ചിടുന്നുഞാൻ. ൬൬
ശ്രേഷ്ഠരത്നങ്ങൾമുപ്പാരിലുള്ളതെല്ലാംവശേമമ
ഇന്ദ്രവാഹനമായോരുഹസ്തിരത്നംഹരിച്ചുഞാൻ. ൬൭
ഉച്ചൈശ്ശ്രവസ്സശ്വരത്നംപാലാഴിമഥനോത്ഭവം
നന്നായ്നമസ്കരിച്ചിട്ടുദേവന്മാർകാഴ്ചവെച്ചുമേ. ൬൮
ദേവഗന്ധർവ്വോരഗങ്ങൾക്കെന്തെല്ലാമിനിയുണ്ടിഹ
രത്നങ്ങളാമാവസ്തുക്കളെന്നിൽത്താനതിശോഭനേ! ൬൯
സ്ത്രീരത്നംപാരിൽനീയെന്നുനിശ്ചയിക്കുന്നുദേവിനാം
ആനീരത്നംഭുജിച്ചീടുംഞങ്ങളോടൊത്തിണങ്ങുക. ൭൦
എൻതമ്പിയാംനിസുംഭാഖ്യമഹാവിക്രമിതന്നെയോ
രത്നമാംനീഭജിച്ചാലുമെന്നെയോചഞ്ചലേക്ഷണേ! ൭൧
നേരററപരമൈശ്വര്യമുണ്ടാംമൽപ്പത്നിയാവുകിൽ
ഉള്ളാലിതുസമാലോചിച്ചെൻപരിഗ്രഹമാകനീ. ൭൨

ഋഷി പറഞ്ഞു.

ഇപ്പാർധരിക്കുമാബ്ഭദ്രദുർഗ്ഗാഭഗവതീശ്വരി
ഗംഭീരസ്മിതമുൾക്കൊണ്ടുചൊന്നാളാമൊഴികേട്ടുടൻ. ൭൩

ദേവി അരുളിച്ചെയ്തു.

നീപറഞ്ഞതുനേരാണിങ്ങൊന്നുംപോയ്ചൊന്നതില്ലനീ
മുപ്പാരിന്നീശ്വരൻസുംഭനതുപോലെനിസുംഭനും. ൭൪
എന്നാൽപ്രതിജ്ഞയൊന്നുണ്ടിങ്ങതുഭഞ്ജിക്കുമെംഗിയോ?
കേൾക്കഞാനല്പബുദ്ധിതാൻമുന്നംചെയ്തപ്രതിജ്ഞയെ.

പോരിലാരെന്നെവെല്ലുന്നതാരെൻദൎപ്പവ്യണാശനൻ
പാരിലാരെൻതുല്യബലനെൻഭൎത്താവവനായ്വരും. ൪൨
അതുകൊണ്ടസുരശ്രേഷ്ഠൻസുംഭനോതാൻനിസുംഭനോ
വന്നിങ്ങുവെന്നെന്നെവേട്ടീടട്ടേതാമസമെന്തിഹ. ൪൩

ദൂതൻ പറഞ്ഞു.

ദേവിഗവ്വാണിത്തരമെൻമുമ്പിൽവെച്ചിട്ടരായ്ക്കോലാ
മപ്പാരിലേതവൻസുംഭനിസുംഭാഗ്രത്തിൽനില്പവൻ. ൪൪
പോരിൽമാറല്ലദൈത്യന്മാർമുമ്പിലുംസൎവ്വദേവകൾ
ദേവി!നില്ക്കുന്നില്ലപെണ്ണാംനീയ്യൊററയ്ക്കെന്തഹോപുനഃ.
ഇന്ദ്രാദ്യഖിലദേവന്മാർപോരിൽസുംഭാദിസമ്മുഖേ [നെ
നിൽക്കുന്നില്ലൊരുപെണ്ണാംനീപിന്നെന്നിൽക്കുന്നതെങ്ങി
എൻചൊല്ലാൽത്താൻപോകസുംഭനിസുംഭാന്തികമാശുനീ
മുടിചുററിവലിച്ചേററംമാനംകെട്ടുഗമിയ്ക്കോലാ. ൪൫

ദേവി അരുളിച്ചെയ്തു.

ഇതിപ്പടിബലീസുംഭനതിവീൎയ്യൻനിസുംഭനും
പ്രതിജ്ഞചെയ്തുപോയ്ഞാൻമുമ്പോൎത്തീടാതെന്തുചെയ്യട്ടും.
ആനീപോകെൻവചസ്സെല്ലാമസുരേന്ദ്രനൊടാദരാൽ
ചൊന്നാലുമായവൻപിന്നെച്ചെയ്യട്ടേയുക്തമായത്. ൪൬

ഇങ്ങിനെ മാൎക്കണ്ഡേയപുരാണത്തിൽ ദേവീമാഹാത്മ്യ
ത്തിൽ ദേവീദൂതസംവാദം
അഞ്ചാമദ്ധ്യായംകഴിഞ്ഞു.

---

## ആറാമദ്ധ്യായം.

ഋഷി പറഞ്ഞു.

ഇത്ഥംദേവീഭാഷിതംകേട്ടാദ്ദൈത്യൻഭൃശമൎഷിതൻ
ദൈത്യേന്ദ്രനോടങ്ങുചെന്നുവിസ്തരിച്ചതുചൊല്ലിനാൻ. ൧
ആദ്ദൂതൻചൊന്നൊരാവാക്കുകേട്ടടൻദാനവേശ്വരൻ
കോപിച്ചുദൈത്യാധിപനാംധൂമ്രാക്ഷനൊടുചൊല്ലിനാൻ. ൨
തലചുററിവലിച്ചേററമലച്ചാദ്ദുഷ്ടയേബലാൽ

ധൂമ്രാക്ഷനിതൻപടയൊത്തുടനേകൊണ്ടുപോരിക. ൯
ഒരാളങ്ങവളെക്കാപ്പാൻപുറപ്പെട്ടുകിലായവൻ
നിന്നാൽവദ്ധ്യൻസുരൻയക്ഷൻഗന്ധൎവ്വൻതന്നെയാകിലും.

ഋഷി പറഞ്ഞു.

ആത്തുസുംഭാജ്ഞയെക്കൊണ്ടാദ്ദാനവൻധൂമ്രലോചനൻ
ദൈത്യഷഷ്ടിസഹസ്രത്തോടൊത്തുവേഗേനപോയിനാൻ. ൧൦
മഞ്ഞുമ്മലയിൽവാഴുന്നാദ്ദേവിയേക്കണ്ടവൻപുനഃ
ചൊന്നാൻസുംഭനിസുംഭാഗ്രേപോകെന്നുച്ചത്തിലേറവും.
നിഃമോദിച്ചാശ്രയിക്കില്ലെന്നെൻഭൎത്താവിനെയെങ്കിലോ
കൊണ്ടുപോകുംകചാകൎഷാവശയാംനിന്നെഞാൻബലാൽ. ൧൧

ദേവി അരുളിച്ചെയ്തു.

പടയൊന്നിച്ചുദൈത്യേന്ദ്രനയച്ചുബലവാൻഭവാൻ [ഞാൻ
ബലാലെന്നെക്കൊണ്ടുപോയാൽപിന്നെയെന്തങ്ങുചെയ്വു

ഋഷി പറഞ്ഞു.

ഇതുകേട്ടവൾതൻനേൎക്കപാഞ്ഞാൻധൂമ്രാക്ഷദാനവൻ
ദേവിഹുങ്കാരത്തിനാൽത്താനവനെബ്ഭസ്മമാക്കിനാൻ. ൧൨
ചൊടിച്ചാദ്ദൈത്യസൈന്യത്തിൽപിന്നെയങ്ങിനെയംബിക
വൎഷിച്ചാൾമൂൎച്ചയുള്ളമ്പുവേൽകോടാലിയിവററയാൽ. ൧൩
ഉടൻസടയിളക്കിക്കൊണ്ടുഗ്രമായലറിക്രുധാ
ദേവീവാഹനമാസ്സിംഹംചാടിനാൻദൈത്യസേനയിൽ. ൧൪
അടിച്ചുചിലരേക്കൊന്നാൻകടിച്ചിട്ടന്യദൈത്യരെ
അവൻമഹാസുരന്മാരെച്ചവിട്ടിക്കൊന്നുതൽക്ഷണം. ൧൫
നഖങ്ങൾകൊണ്ടാപ്പഞ്ചാസ്യൻചിലൎതൻവയർകീറിനാൻ
തഥാതലതെറിപ്പിച്ചാൻകൈപരത്തിയടിച്ചുടൻ. ൧൬
ചിലൎതൻതലകാൽകയ്യെന്നിവയെല്ലാംനുറുക്കിനാൻ
അന്യോദരോൽഗതം രക്തംകുടിച്ചുധുതകേസരൻ. ൧൭
മഹാത്മാവായൊരാദ്ദേവീവാഹംസിംഹംമഹാരുഷാ
ക്ഷണംകൊണ്ടുനശിപ്പിച്ചാനദ്ദൈത്യബലമൊക്കെയും. ൧൮
ധൂമ്രാക്ഷദൈത്യനെദ്ദേവിഭസ്മമാക്കിയവാൎത്തയും
ദേവീസിംഹംസൈന്യമെല്ലാംനശിപ്പിച്ചോരുവാൎത്തയും. ൧൯

കേട്ടുടൻസുംഭദൈത്യേന്ദ്രൻകോപാൽപ്രസ്ഫുരിതോഷ്ഠനായ്
കല്പിച്ചാൻച്ചണ്ഡമുണ്ഡമഹാസുരരൊടിങ്ങിനെ. ൧൯
ഹേചണ്ഡ! ഹേമുണ്ഡ! നിങ്ങൾബഹുസൈന്യങ്ങളൊത്തുടൻ
അങ്ങുപോയ്ചെന്നുവേഗത്തിലവളേക്കൊണ്ടുപോരുവിൻ.
തലചുററിവലിച്ചിട്ടോകെട്ടിയോസംശയംരണേ
നിങ്ങൾക്കുണ്ടാവുകിൽകൊൽകസൎവ്വദൈത്യായുധങ്ങളാൽ.
പഞ്ചാസ്യനേയുമാദ്ദുഷ്ടയേയുംകൊന്നാശുപോരുവിൻ
അദ്ദേവിയെക്കഴിയുകിൽകെട്ടികൊണ്ടിങ്ങുപോരുവിൻ. ൨൦

ഇങ്ങിനെ മാൎക്കണ്ഡേയപുരാണത്തിൽ ദേവിമാഹാ
ത്മ്യത്തിൽ ആറാമദ്ധ്യായം
കഴിഞ്ഞു.

---

## ഏഴാമദ്ധ്യായം.

ഋഷി പറഞ്ഞു.

ചണ്ഡമുണ്ഡാദിദൈത്യന്മാരവർകല്പനകേട്ടുടൻ
നാലങ്കപ്പടയൊത്തസ്ത്രശസ്ത്രംകൈക്കൊണ്ടുപോയിനാർ. ൧
ശൈലേന്ദ്രന്റെമഹാസ്വൎണ്ണശൃംഗേകേസരിതൻഗളേ
ഇരുന്നുപുഞ്ചിരിയിട്ടുംദേവിയേദൈത്യർകണ്ടുതേ. ൨
ഉത്സാഹാലവളേക്കണ്ടുപിടിപ്പാനവർചെന്നുതേ
വിൽവലിച്ചുംവാളെടുത്തുമടുത്താരന്യരാംചിലർ. ൩
ഉടനാശ്ശാത്രവന്മാരോടേററംകോപിച്ചുചണ്ഡികാ
മഷിപോലെകറുത്തായന്നേരംദേവീമുഖംരുഷാ. ൪
ദേവിതൻഭ്രുകുടീവക്രഫാലപട്ടത്തിൽനിന്നുടൻ
ഉണ്ടായ്പാശാസികളൊടൊത്തുഗ്രമുഖികാളികാ. ൫
വിചിത്രഖട്വാംഗധരതലമാലയണിഞ്ഞവൾ
വ്യാഘ്രചൎമ്മാംബരാമാംസംശുഷ്കിച്ചതിഭയങ്കരീ. ൬
അതിവിസ്തീൎണ്ണമുഖവുമിളകുംഘോരജിഹ്വയും
ദിക്കിൽതിങ്ങുംശബ്ദവുംതാണാരക്താക്ഷിയുമുള്ളവൾ. ൭
മഹാസുരന്മാരെവേഗാൽനേത്തുതാഡിച്ചുകൊണ്ടവൾ

അശ്വത്തേരിസൈന്യത്തിലാഞ്ഞുലന്തിന്നൊടുക്കിനാൾ. ൮
പോരാളിമണിതോട്ടിക്കാരപരക്കാരിതൊത്തുടൻ
ഒന്നൊക്കെക്കൊണ്ടെടുത്തിട്ടുവായിലിട്ടാൾഗജങ്ങളെ. ൯
പോരാളിയോടൊത്തഹയംതേരാളിയമരുംരഥം
വായിലിട്ടുഗ്രമാംവണ്ണംകടിച്ചാൾദശനങ്ങളാൽ. ൧൦
പിടിച്ചാളേകനെക്കേശേകഴുത്തിൽപിന്നെയന്യനെ
ചവിട്ടീട്ടന്യനെക്കൊന്നാൾമാറിനാൽഞെക്കിയന്യനെ. ൧൧
ആദൈത്യരങ്ങിനെവിട്ടുംമഹാശസ്ത്രാസ്ത്രമൊക്കെയും
പിടിച്ചുകോപാൽവായ്ക്കൊണ്ടുപൊടിച്ചുദശനങ്ങളാൽ. ൧൨
മഹാദേഹബലംപൂണ്ടൊട്ടാനവപ്പടയൊക്കെയും
മട്ടിച്ചാൾചിലരെത്തിന്നാൾതല്ലിനാൾചിലരെത്തഥാ. ൧൩
ചിലർവാൾവെട്ടുകൊണ്ടന്യർഖട്വാംഗത്തല്ലുകൊണ്ടുടൻ
നാശംപ്രാപിച്ചുദൈത്യന്മാർകടികൊണ്ടിട്ടുമങ്ങിനെ. ൧൪
ക്ഷണാൽകൊന്നുപതിപ്പിച്ചാദൈത്യസൈന്യത്തെയൊക്കെ
ചണ്ഡൻകണ്ടത്യുഗ്രയാമാകാളിതൻനേരെയോടിനാൻ. [യും
ചണ്ഡൻബാണൌഘവർഷത്താൽമുണ്ഡൻചക്രൌഘവൃഷ്ടി
ഭീമാക്ഷിയാകുമവളെമ്മൂടിദൈത്യേന്ദ്രരാമവർ. [യാൽ
തന്മുഖത്തിൽകടക്കുന്നാച്ചക്രചക്രംവിളങ്ങിതേ
കാറിന്നുള്ളിൽപ്പോകുമർക്കബിംബസംഘംകണക്കിനേ. ൧൭
ചൊടിച്ചുടൻചിരിച്ചാളക്കാളിഭൈരവനാദിനി
കരാളവക്ത്രാന്തരസ്ഥദുർദ്ദർശദശനോജ്ജ്വലാ. ൧൮
സഹുംകാരംവാളിളക്കിക്കാളിപാഞ്ഞഥചണ്ഡനെ
മുടിയിൽപിടിപെട്ടിട്ടാവാൾകൊണ്ടുതലവെട്ടിനാൾ. ൧൯
നേർത്താനവളോടായ്മുണ്ഡൻചണ്ഡൻചത്തതുകണ്ടുടൻ
അവനുംവീണു, കോപിച്ചക്കാളിഖട്വാംഗതാഡനാൽ. ൨൦
മഹാവീര്യമെഴുംചണ്ഡമുണ്ഡനിഗ്രഹദർശനാൽ
പേടിച്ചോരോവഴിക്കോടികൊന്നുശേഷിച്ചൊരാപ്പട. ൨൧
ചണ്ഡമുണ്ഡശിരസ്സുംകൈക്കൊണ്ടുകാളിയണഞ്ഞുടൻ
അതിഘോരാട്ടഹാസംചേർന്നവൾദേവിയോടോതിനാൾ.
ഞാനങ്ങേക്കായ്ക്കൊണ്ടുവന്നേൻചണ്ഡമുണ്ഡപശുക്കളെ

അങ്ങുതാൻകൊന്നിടുംയുദ്ധയജ്ഞെതസ്സുംഭനിസ്സുംഭാരെ. ൨൩

ഋഷി പറഞ്ഞു.

ചണ്ഡമുണ്ഡാസുരന്മാരെക്കൊണ്ടുവന്നതുകണ്ടുടൻ
കല്യാണിയാംദേവിഭംഗ്യാകാളിയോടരുൾചെയ്തുതേ. ൨൪
ചണ്ഡമുണ്ഡാസുരന്മാരെക്കൊണ്ടുവന്നതുകൊണ്ടുനീ
ചാമുണ്ഡയെന്നുലോകത്തിൽദ്ദേവിവിഖ്യാതയായ്വരും. ൨൫

ഇങ്ങിനെ ശ്രീ മാൎക്കണ്ഡയപുരാണത്തിൽ ദേവി
മാഹാത്മ്യത്തിൽ ചണ്ഡമുണ്ഡവധം
എന്ന എഴാമദ്ധ്യായം
കഴിഞ്ഞു.

---

# എട്ടാമദ്ധ്യായം.

---

ഋഷിപറഞ്ഞു.

ചണ്ഡമുണ്ഡാസുരന്മാരുമെണ്ണമററബലങ്ങളും
ചത്തുവീണുനശിച്ചപ്പോൾസുംഭനാമമരേസുരൻ. ൧
കോപാധീനമനസ്സായിട്ടുടനുഗ്രപ്രതാപവാൻ
ദൈത്യസൎവ്വബലോദ്യോഗത്തിന്നുകല്പിച്ചുഭൂപതേ! ൨
പുറപ്പെടട്ടെദൈത്യന്മാർതൻബലംസൎവ്വമൊത്തുടൻ
എണ്പത്തുനാലുകംബുക്കളെണ്പത്താറിന്നുദായുധർ. ൩
എന്നാജ്ഞയാൽകോടിവീൎയ്യദൈത്യവൃന്ദങ്ങളമ്പതും
ധൂമ്രന്മാരുടെവൃന്ദങ്ങൾനൂറുംപോരിന്നുപോരണം. ൪
കാലകന്മാർദൌൎഹൃദന്മാർമൌൎയ്യന്മാർകാലകേയരും
എന്നാജ്ഞയാലിദ്ദൈത്യന്മാർവേഗാൽപോരിന്നുപോരണം.
എന്നുകല്പിച്ചുദൈത്യേന്ദ്രൻസുംഭനത്യുഗ്രശാസനൻ
പുറപ്പെട്ടുമഹാസൈന്യബഹുസാഹസ്രസംയുതനായ്. ൫
മഹോല്പാതങ്ങളന്നേറെയുണ്ടായ്ഭൂതലത്തിലും
ചോരയുംചളിയുംപെയ്തുകല്പാന്താംഭോദമസ്ഥിയും. ൬
ശബ്ദിച്ചുമാംസംതിന്നുന്നജന്തുക്കളതിഘോരമായ്
ഉൽപ്പാതമെന്നുനോക്കാതെസുംഭൻപോയാൻഹിമാചലേ. ൭

വന്നിട്ടുമത്യുഗ്രമാമാസ്സൈന്യത്തെക്കണ്ടുചണ്ഡികാ
നിറച്ചുഞാണൊലികളാൽഭൂമ്യാകാശങ്ങൾതന്നകം൹ ൯
പിന്നെസ്സിംഹംമഹാനാദമേററവുംചെയ്തുമന്നവ!
ആനാദംമണിനാദത്താൽദേവിയേററംവളർത്തിനാൾ. ൧൦
ദിക്കൊക്കെനിറയുംഘണ്ടാസിംഹജ്യാനിനദങ്ങളെ
വിസ്തീൎണ്ണമുഖിയാംകാളിവെന്നാളുഗ്രാരവങ്ങളാൽ. ൧൧
ആശ്ശബ്ദംകേട്ടുകോപിച്ചദൈത്യസൈന്യങ്ങൾചുററുമായ്
ദേവിയെയുംകാളിയേയുംസിംഹത്തേയുംവളഞ്ഞുതേ. ൧൨
ദേവവൈരിക്ഷയത്തിന്നുംദേവശ്രേഷ്ഠോദയത്തിനും
അപ്പോൾഭൂപ!വിരിഞ്ചേശവിഷ്ണുഗുഹേന്ദ്രശക്തികൾ. ൧൩
അവർമെയ്കളിൽനിന്നുണ്ടായതിവീൎയ്യബലാഢ്യമാർ
ദേവിതന്നന്തികേചെന്നാർതത്തദ്രൂപിണിമാർതഥാ. ൧൪
ഏതുമട്ടേതുദേവന്നുരൂപവാഹനഭൂഷകൾ
അവന്റെശക്തിയതുമട്ടസുരപ്പോരിന്നെത്തിനാൾ. ൧൫
ബ്രഹ്മാണിയാംബ്രഹ്മശക്തികിണ്ടിയുംജപമാലയും
കൈക്കൊണ്ടന്നങ്ങളേന്തുന്നവിമാനംകേറിവന്നുതേ. ൧൬
ബാലേന്ദുനാഗകടകമണിഞ്ഞുവൃഷഭസ്ഥയായ്
ശ്രേഷ്ഠത്രിശൂലംകൈക്കൊണ്ടുവന്നാൾമാഹേശ്വരീശ്വരീ.
കൌമാരിയാംദേവിവേലുകൈക്കൊണ്ടുഗുഹരൂപയായ്
ദൈത്യയുദ്ധത്തിന്നുനല്ലമയിലിൽകേറിവന്നുതേ. ൧൮
ഗരുഡാരൂഢയായ്വന്നാൾവൈഷ്ണവീശക്തിയങ്ങിനെ
കയ്യിൽചക്രഗദാശംഖശാൎങ്ഗഖഡ്ഗംധരിച്ചവൾ. ൧൯
നേരായയജ്ഞവാരാഹരൂപിയാംഹരിതന്നുടെ
ആശ്ശക്തിയുംപന്നിതന്മെയ്യെടുത്തവിടെയെത്തിനാൾ. ൨൦
നക്ഷത്രൌഘംചിന്നുമാറങ്ങിളക്കുംസടപൂണ്ടവൾ
നരസിംഹസമാകാരാനാരസിംഹിയണഞ്ഞുതേ. ൨൧
ഇന്ദ്രന്റെമട്ടുതാൻവജ്രംകൈക്കൊണ്ടൈരാവതസ്ഥയായ്
ആയിരക്കണ്ണിയായ്വന്നാളൈന്ദ്രിയാമവളങ്ങിനെ. ൨൨
അദ്ദവശക്തികളോടൊത്തീശൻദേവിയോടോതിനാൻ
കൊന്നാലുമസുരന്മാരെവന്നാലുംവേഗമെന്നുടൻ. ൨൩

പിന്നെദ്ദേവീശരീരത്തിൽനിന്നുണ്ടായതിഭീഷണാ
അത്യുഗ്രാചണ്ഡികാശക്തിശിവാശതനിനാദിനീ. ൨൪
ജടചെമ്പിച്ചീശനോടുമടങ്ങാതേവളംചൊല്ലിനാൾ
ഭഗവൻ!ദൂതനായ്സ്സുംഭനിസുംഭാഗ്രത്തിലെത്തണം. ൨൫
ഗൎവ്വരാംദൈത്യരാംസുംഭനിസുംഭന്മാരൊടുംഭവാൻ
മാറണംപോരിന്നങ്ങുവന്നദൈതേയരൊട്ടുമോതണം. ൨൬
മുപ്പാരിന്ദ്രൻലഭിക്കട്ടേഹവിസ്സുണ്ണട്ടെവാനവർ
ജീവിപ്പാനിച്ശയുണ്ടെങ്കിൽപാതാളേനിങ്ങൾപൂകുവിൻ. ൨൭
ബലഗൎവ്വാൽപിന്നെവേണംപോൎനിങ്ങൾക്കെങ്കിലോവരാം
വേണ്ടുവോളംഭവന്മാംസംതിന്നട്ടേമച്ശിവാഗണം. ൨൮
അദ്ദേവിശിവനെത്തന്നെദൂതനാക്കിയകാരണാൽ
ശിവദൂതീതിചൊല്ലുന്നോണ്ടപേർപൂണ്ടാളവൾപാരിതിൽ. ൨൯
ശൎവ്വൻചൊല്ലിദ്ദേവിതൻവാക്കമെമഹാദൈത്യർകേട്ടുടൻ
ദേവിനിന്നരുളുന്നേടത്തമൎഷംതിങ്ങിയെത്തിനാർ. ൩൦
ആദ്യംതാൻപിന്നെനേത്തുഗ്രശരശക്ത്യൃഷ്ടിവൃഷ്ടിയെ
ആദ്ദേവിതന്മേൽവൎഷിച്ചാർപൂൎണ്ണാമൎഷാൽസുരാരികൾ.
ദൈത്യർവിട്ടമ്പു,വേൽ,ശ്ശൂലം,കോടാലിയിവയീശ്വരി
മുറിച്ചുകളിയാൽവില്ലുവലിച്ചെയ്യുശരങ്ങളാൽ. ൩൧
ശ്ശൂലംകോറിപ്പൊളിച്ചിട്ടുംഖട്വാംഗംകൊണ്ടുതല്ലിയും
ശത്രുക്കളെക്കൊന്നുകാളിദേവ്യഗ്രേസഞ്ചരിച്ചുതേ. ൩൨
മാഹേശ്വരീത്രിശ്ശൂലത്താൽചക്രത്താലങ്ങുവൈഷ്ണവി
കൊന്നുകോപേനകൌമാരിദാനവന്മാരെവേലിനാൽ. ൩൩
ഐന്ദ്രിതൻവജ്രമേറ്റിട്ടുവളരെദ്ദൈത്യദാനവർ
മെയ്പിളൎന്നോറവുംചോരപെയ്തുവീണാർമഹീതലേ. ൩൪
മുഖത്താൽതല്ലിയുംതേറ്റത്തലയാൽമാറുകീറിയും
വാരാഹമൂൎത്തിചക്രത്താൽപിളൎന്നുംകൊന്നുദൈത്യരെ. ൩൫
പോരിൽദ്ദിക്കമുഴക്കിക്കൊണ്ടലറീട്ടസുരേന്ദ്രരെ
നഖത്താൽകീറിയുംതിന്നുംനാരസിംഹിനടന്നുതേ. ൩൬
ശിവദൂതിനിജാത്യുഗ്രാട്ടഹാസംകേട്ടുഭീതിയാൽ
പാരിൽപ്പതിച്ചസുരരെക്കീറിത്തിന്നാളുടൻതദാ. ൩൭

നാനോപായങ്ങൾകൊണ്ടേവംകോപിച്ചസുരവൎയ്യരെ
മൎദ്ദിച്ചുമാതൃസംഘത്തെക്കണ്ടോടിദ്ദിതിജപ്പട. ൩൯
മാതൃസംഘാൎദ്ദനംകൊണ്ടുദൈത്യൎമണ്ടുന്നകണ്ടുടൻ
പോരിന്നണഞ്ഞാൻകോപിച്ചുരക്തബീജൻമഹാസുരൻ.
മഹാവീൎയ്യാഢ്യനാസ്സുംഭനിസ്സുംഭഭഗിനീസുതൻ
രാജൻക്രോധവതീപുത്രൻമഹാബലപരാക്രമൻ. ൪൧
ചോരത്തുള്ളിയവൻമെയ്യിൽനിന്നുമന്നിൽപ്പതിക്കിലോ
അപ്പോഴപ്പോരിൽനിന്നുണ്ടാമതുപോലൊരുദാനവൻ. ൪൨
ഗദകൈക്കൊണ്ടുപോർചെയ്യാനൈന്ദ്രിയോടാമഹാസുരൻ
തൻവജ്രംകൊണ്ടൈന്ദ്രിയുടൻതാഡിച്ചാൾരക്തബീജനെ.
വജ്രമേറ്റൊരവന്നേറ്റമുടൻചോരയൊലിച്ചതേ
യോദ്ധാക്കളവിടന്നുണ്ടായ്തദ്രൂപബലമുള്ളവർ. ൪൪
അവൻതന്മെയ്യിൽനിന്നെത്രചോരത്തുള്ളികൾവീണുവോ
തദ്വീൎയ്യോത്സാഹദേഹങ്ങളൊത്തുണ്ടായത്രപൂരുഷർ. ൪൫
അതിൽനിന്നുംപിന്നെയുണ്ടായതിൽനിന്നുംപുനഃപുനഃ
മാതൃക്കളോടതിക്രൂരശസ്ത്രപാതാതിഘോരമായ്. ൪൬
ആരക്തജാസുരന്മാരുമവിടെപ്പോരുതിടിനാർ
പിന്നെയുംവജ്രമേറ്റേറ്റാദൈത്യദേഹജശോണിതം. ൪൭
ഒലിച്ചദിക്കിൽനിന്നുണ്ടായ്വന്നുപൂരുഷരായിരം
ചക്രംകൊണ്ടിവനെപ്പോരിലൂക്കോടേവെട്ടിവൈഷ്ണവി. ൪൮
ഗദകൊണ്ടൈന്ദ്രിതാഡിച്ചു ളാദ്ദ നവകുലേന്ദ്രനെ
വൈഷ്ണവീചക്രമേറ്റുണ്ടാംചോരതീൎത്തമഹാസുരർ ൪൯
വളരെക്കൂടിവന്നപ്പോൾജഗത്തൊക്കെനിറഞ്ഞുപോയ്
താഡിച്ചുവേലാൽകൌമാരിവാളാൽവാരാഹിയങ്ങിനെ. ൫൦
മാഹേശ്വരിത്രിശൂലത്താൽരക്തബീജാസുരേന്ദ്രനെ
നന്നായിട്ടരിശംപൂണ്ടാരക്തബീജമഹാസുരൻ. ൫൧
താഡിച്ചുഗദയാൽദേവമാതൃക്കളെയശേഷവും
ഏറ്റവുംശക്തിശൂലാദിയേറ്റവൻതന്റെശോണിതം. ൫൨
ഒലിച്ചുപാരിലവിടന്നേറെയുണ്ടായിശ്ശോണിതം
ആദൈത്യരക്തംനിൎമ്മിച്ചദൈത്യന്മാരാൽജ്ജഗത്ത്രയം. ൫൩

എല്ലാംനിറഞ്ഞുപോയപ്പോളേററം പടിച്ചുദേവകൾ
[വിണ്ണിൽദ്ദിവ്യവിമാനത്തിൽനിന്നുതങ്ങളിലോതിനാർ. ൪൪
ഈരക്തബീജനെയൊഴിച്ചിട്ടുപോലെമഹാസുരൻ
ഉണ്ടായിട്ടില്ലിപ്പൊളിങ്ങില്ലുണ്ടാവുകയുമില്ലിനി] ൪൫
ആദ്ദേവദുഃഖംകണ്ടിട്ടുഃവശംചണ്ഡികചൊല്ലിനാൾ
കാളിയോടയിചാമുണ്ഡേ! വലുതാക്കുകനീമുഖം. ൪൬
മച്ഛസ്ത്രമേററൊഴുകിടുംരക്തബീജാസ്രമാകനീ
കുടിക്ക, തുള്ളിപോകാതീഃവശമുള്ളമുഖത്തിനാൽ. ൪൭
തദുല്പന്നാസുരന്മാരത്തിന്നുപോരിൽനടക്കനീ
ചോരയേവംക്ഷയിച്ചിട്ടീദ്ദൈത്യൻപ്രാപിച്ചിടുംക്ഷയം. ൪൮
നീതിന്നാലുഗ്രരായ്മറ്റിട്ടുണ്ടാവുകയുമില്ലവർ
എന്നുരച്ചിട്ടുശൂലംകൊണ്ടവനെക്കുത്തിചണ്ഡികാ. ൪൯
എടുത്തുരക്തബീജൻറചോരകാളിമുഖത്തിനാൽ
ഇവൻചണ്ഡികയെപ്പിന്നെഗ്ഗദകൊണ്ടടിച്ചുതല്ലിനാൻ. ൫൦
ഒട്ടുംവേദനയേകുദ്രവിക്കുണ്ടാക്കീലാഗ്ഗദാഹതി
കുത്തേററവൻമെയ്യിൽനിന്നുചോരയേററമൊലിച്ചുത. ൫൧
എടുത്താളുതുചാമുണ്ഡയങ്ങുമിങ്ങുംമുഖത്തിനാൽ
ചോരവീണിവർതൻവായിലുണ്ടാകുംദൈത്യവർഗ്ഗരെ. ൫൨
കടിച്ചുതിന്നുചാമുണ്ഡകുടിച്ചാളാനിണത്തെയും
താഡിച്ചുഖഡ്ഗബാണഷ്ടിശൂലവജ്രായുധങ്ങളാൽ. ൫൩
കാളിചോരകുടിക്കുന്നാരക്തബീജനെയീശ്വരി
ശസ്ത്രൗഘഹതനായിട്ടാരക്തബീജമഹാസുരൻ. ൫൪
ചോരയില്ലാതെയായിട്ടുവീണാൻഭൂമിപ! ഭൂമിയിൽ
രക്തബീജജദൈത്യന്മാർനശിച്ചാരൊക്കെയിങ്ങിനെ. ൫൫
സാമ്യമററസുഖംപൂണ്ടാരദ്ദേവകളുടൻനൃപ!
തുള്ളീമാതൃഗണംരക്തമദാവർദ്ധിച്ചുമോദതഃ. ൫൬

ഇങ്ങിനെ ശ്രീമാർക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽ രക്തബീജവധമെന്ന
എട്ടാമദ്ധ്യായം കഴിഞ്ഞു.

# ഒമ്പതാമദ്ധ്യായം.

രാജാവു പറഞ്ഞു.

രക്തബീജവധംചണ്ഡ്ദേവിതൻവൃത്തവൈഭവം
ഭഗവാനേഭവാനെന്നോടുരച്ചതിതുവിസ്മയം. ൧
ഇനിയുംകേൾക്കണമിനിയ്ക്കുൽക്കടക്രോധിസുംഭനും
നിസുംഭനുംരക്തബീജൻവീണപ്പോളെന്തുചെയ്തതും. ൨

ഋഷി പറഞ്ഞു.

രക്തബീജനെയുംമറ്റുള്ളോരെയുംകൊന്നനന്തരം
കോപിച്ചാരേറ്റവുംസുംഭനിസുംഭന്മാർമഹാരണേ. ൩
പെരുമ്പടനശിയ്ക്കുന്നകണ്ടമർഷംകലർന്നുടൻ
മുഖ്യാസുരപ്പടയുമായ്നിസുംഭൻനേർക്കെപാഞ്ഞുതേ ൪
അവന്റെചുറ്റുമായ്നിന്നുകോപാൽചുണ്ടുകടിച്ചുടൻ
മഹാസുരന്മാരരികിൽചെന്നാർദേവീവധത്തിനായ്. ൫
മഹാവീര്യൻസുംഭനുംതൻപടയൊന്നിച്ചുവന്നുതേ
മാതൃക്കളോടേറ്റുപോർചെയ്തിട്ടുദേവിയെക്കൊല്ലുവാൻക്രുധാ. ൬
പോർചെയ്താർദേവിയോടേയ്സുംഭനിസുംഭന്മാരുടൻപരം
മേഘങ്ങൾപോലെവർഷിച്ചാരത്യുഗ്രശരവൃഷ്ടിയെ. ൭
മുറിച്ചാളവർവിട്ടമ്പുദേവി,തന്റെശരങ്ങളാൽ
ദൈത്യേശരാംഗങ്ങളിലുംതാഡിച്ചാളായുധങ്ങളാൽ. ൮
നിസുംഭൻനച്ചരിചയുംതീക്ഷ്ണാസിയുമെടുത്തുടൻ
വെട്ടിദേവിവാഹനമാംസിംഹശ്രേഷ്ഠന്റെമൌലിയിൽ. ൯
നിസുംഭൻതൻനല്ലവാളുമഷ്ടചന്ദ്രകചർമ്മവും
മുറിച്ചുദേവി,സിംഹത്തെവെട്ടിയപ്പോൾക്ഷുരത്തിനാൽ. ൧൦
ഖഡ്ഗചർമ്മങ്ങളറ്റപ്പോളാദ്ദൈത്യൻവേലുചാട്ടിനാൻ
രണ്ടായ്മുറിച്ചാൾചക്രത്താൽനേരിട്ടെത്തുന്നശക്തിയെ ൧൧
നിസുംഭദൈത്യൻശ്ശൂലത്തെവിട്ടാൻകോപംവളർന്നുടൻ
വരുംശ്ശൂലത്തെയുംദേവിയിടിച്ചിട്ടുപൊടിച്ചുതേ. ൧൨
ആഞ്ഞെറിഞ്ഞാൻഗദയവൻദേവിതൻനേർക്കുപിന്നെയും

ദേവീത്രിശൂലംകൊണ്ടേററംപിളൎന്നാശ്ശുദഭസ്മമായ്. ൧൨
പിന്നെപ്പരശ്ശു കൈക്കൊണ്ടുവരുന്നാദൈത്യവൎയ്യനെ
വീഴിച്ചസായകൌഘത്താൽതാഡിച്ചൂഴിയിലീശ്വരി ൧൪
ഉഗ്രവിക്രമനത്തമ്പിനിസുംഭൻവീണനന്തരം
ചെന്നാനേററംരുഷാസുംഭൻദേവിയോടമർചെയ്യുവാൻ. ൧൫
ശ്രേഷ്ഠായുധംചേൎന്നുച്ചനിസ്തുല്യാഷ്ടഭുജങ്ങളാൽ
മാനംനിറഞ്ഞവൻതേരിൽക്കേറിശ്ശോഭിച്ചവങ്ങിനെ. ൧൬
വരുമായവനെക്കണ്ടുദേവിശംഖംമുഴക്കിനാൾ
ചെയ്യാളേററംദുസ്സഹമാംവില്ലിൻഞാണിൻെറശബ്ദവും. ൧൭
നിറച്ചാളവൾദിക്കെല്ലാംനിജഘണ്ടാരവത്തിനാൽ
അസുരപ്പടകൾക്കുള്ളവീൎയ്യമെല്ലാംകെടുംവിധം. ൧൮
പിന്നെസ്സിംഹാദന്തിമദംപോക്കുംഭീമാരവങ്ങളാൽ
നിറച്ചാൻഭൂമിയാകാശംപത്തുദിക്കിവയങ്ങിനെ. ൧൯
അടിച്ചാൾമാനവുംമന്നുംചാടിക്കാളികരങ്ങളാൽ
ഉടൻനാദേത്തശ്ശബ്ദങ്ങളാശ്ശബ്ദത്താൽമറഞ്ഞുപോയ്. ൨൦
ശിവദൂതിയുടൻദൈത്യക്കാടൽചേൎത്തലറീടിനാൾ
സുംഭൻകോപിച്ചു,ദൈത്യന്മാർഞെട്ടിനാരാരവങ്ങളാൽ. ൨൧
ദുഷ്ട!നീനില്ലു!നില്ലെന്നുദേവിചൊല്ലുംദശാന്തരേ
മാനത്തിൽനില്ക്കുംദേവന്മാർജയിക്കെന്നുപുകഴ്ത്തിനാർ. ൨൨
ആഞ്ഞെറിഞ്ഞാൻപെരുന്തിയ്യോത്തത്യുഗ്രജ്വാലശക്തിയെ
സുംഭൻ,കളഞ്ഞാളതിനെമഹോൽക്കാശക്തിയാൽശിവാ.
നിറഞ്ഞുമൂപ്പാരിനുള്ളസുംഭസിംഹാരവത്തിനാൽ
അതിനാൽഭൂപ!ജിതമായ്ശ്ലോരനിൎഘാതനിസ്വനം. ൨൪
സുംഭബാണങ്ങളെദ്ദേവിസുംഭൻദേവീശരങ്ങളെ
മുറിച്ചനൂറായിരമങ്ങുഗ്രസ്വീയശരങ്ങളാൽ. ൨൫
ശൂലംകൊണ്ടവനെക്കോപിച്ചുടനദ്ദേവികുത്തിനാൾ
മോഹിച്ചുഭൂതലേവീണാനാകൎത്തറവുമേറവൻ. ൨൬
തൻറടമുണ്ടായിട്ടപ്പോൾനിസുംഭൻവില്ലെടുത്തുടൻ
ദേവികാളീഹരികളിൽതൂകിയമ്പുകളങ്ങിനെ. ൨൭
പത്തായിരംകൈകൾപൂണ്ടുപിന്നെയുംദാനവേശ്വരൻ

ചക്രായുധംകൊണ്ടുനന്നായ്വിശേഷശരിയെമൂടിനാൻ. ൨൮
പിന്നെദുർഗ്ഗാർത്തിതീർത്തീടുംദുർഗ്ഗാഭഗവതിക്രുധാ
മുറിച്ചാളാച്ചക്രബാണങ്ങളേതന്റെശരങ്ങളാൽ. ൨൯
നിസുംഭൻഗദയെക്കൈക്കൊണ്ടുദൈത്യപ്പടയോടൊത്തുടൻ
ദേവിയേക്കൊല്ലുവാൻനേരിട്ടോടിച്ചെന്നാനനന്തരം. ൩൦
വരുമ്പോൾത്താനവൻതന്റെഗദദേവിനുറുക്കിനാൾ
ഉടൻനിശിതഖഡ്ഗംകൊണ്ടു,വൻകൈക്കൊണ്ടുശൂലവും. ൩൧
ശൂലംകൈക്കൊണ്ടെത്തിടുമാനിസുംഭസുരവൈരിയെ
ആഞ്ഞോങ്ങിവിട്ടശൂലത്താൽകുത്തീമാറത്തുചണ്ഡികാ. ൩൨
അവന്റെശൂലഭിന്നോരസ്ഥലാൽവീഴ്ചബലാധികൻ
നില്ലുനില്ലെന്നുചൊല്ലിക്കൊണ്ടുണ്ടായപരനാംപുമാൻ. ൩൩
പുറപ്പെട്ടുന്നവൻതന്റെതലവാൾകൊണ്ടുവെട്ടിനാൾ
ഉറക്കെദ്ദേവിഹാസംപൂണ്ടിവൻവീണാനുടൻഭുവി. ൩൪
അപ്പോൾസിംഹംതീക്ഷ്ണദംഷ്ട്രകൊണ്ടുകണ്ഠംപൊടിച്ചുടൻ
അദൈത്യരെത്തിന്നുതഥാകാളിയുംശിവദൂതിയും. ൩൫
കൌമാരിതന്റെവേൽകൊണ്ടുനശിച്ചുചിലദാനവർ
ബ്രഹ്മാണിതൻമന്ത്രപൂതജലത്താൽനഷ്ടരായ്ചിലർ. ൩൬
മാഹേശ്വരീത്രിശൂലത്താൽകീറിവീണുതഥാചിലർ
വാരാഹിതന്മുഖത്തല്ലാൽഭൂമിയിൽപൊടിയായ്ചിലർ. ൩൭
ചക്രംകൊണ്ടുംതഥാവജ്രംകൊണ്ടുംകേശവശക്തിയും
ഐന്ദ്രിയും,ദാനവന്മാരേക്കണ്ടംകണ്ടംനുറുക്കിനാർ. ൩൮
മരിച്ചുചിലദൈത്യന്മാർപോരിൽനിന്നോടിനാർചിലർ
ചിലരേത്തിന്നുഹരിയുംകാളിയുംശിവദൂതിയും. ൩൯

ഇങ്ങിനെ ശ്രീമാർക്കണ്ഡേയപുരാണത്തിൽ

ദേവീമാഹാത്മ്യത്തിൽ നിസുംഭവധമെന്ന

ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

# പത്താമദ്ധ്യായം.

ഋഷി പറഞ്ഞു.

പ്രാണൻപോലുള്ളനുജനാം നിസുംഭനെ വധിച്ചതും
പടയെക്കൊന്നതും കണ്ടു കോപത്താൽ സുംഭനോതിനാൻ. ൧
ബലദൎപ്പത്തിനാൽ ദുഷ്ടേ! ദുൎഗ്ഗേ ഗൎവ്വിച്ചിടേണ്ട നീ
മാനമേറുന്ന നീ പോരാടുന്നിതന്യബലാശ്രയാൽ. ൨

ദേവി അരുളിച്ചെയ്തു.

ഞാൻതാനുലകിൽ ഞാനല്ലാതാരു രണ്ടാമതുണ്ടിഹ
ദുഷ്ട! കണ്ടാലുമെന്നിൽ താൻ ചേരുമീയെൻ വിഭൂതികൾ. ൩
അദ്ദേവിതന്മേനിയിലാബ്രാഹ്മിതൊട്ടുള്ള ദേവിമാർ
ചേൎന്നാരുടൻ ദേവിയപ്പോളേകയായ്ത്താൻ ഭവിച്ചുതേ. ൪

ദേവി അരുളിച്ചെയ്തു.

ഐശ്വൎയ്യംകൊണ്ടു ഞാൻ നിന്നേൻ ബഹുരൂപങ്ങൾ പൂണ്ടിഹ
അതൊക്കെപ്പോക്കി നില്ക്കുന്നു താനേ താൻ പോരിൽ നില്ക്ക നീ. ൫
സൎവ്വദേവാസുരന്മാരും കാണ്കവേ ബഹുഘോരമായ്
ദേവിയും സുംഭനും കൂടി പിന്നെ യുദ്ധം തുടങ്ങിനാർ. ൬
തീക്ഷ്ണദാരുണബാണാസ്ത്രശസ്ത്രവൎഷങ്ങളാൽ തഥാ
അവർതൻപോർ സൎവ്വലോകഭീതിയുണ്ടാക്കി പിന്നെയും. ൭
ദേവി പിന്നെ പ്രയോഗിച്ച ദിവ്യാസ്ത്രനിവഹത്തിനെ
പ്രത്യസ്ത്രൌഘം പ്രയോഗിച്ചു ഭഞ്ജിച്ചാൻ ദൈത്യനായകൻ. ൮
സുംഭാസുരൻ പ്രയോഗിച്ച ദിവ്യാസ്ത്രങ്ങളെയീശ്വരി
കളഞ്ഞു കളിയോടുഗ്രഹുങ്കാരോച്ചാരണാദിയാൽ. ൯
ആദ്ദൈത്യൻ ബാണസംഘത്താൽ പിന്നെ ദ്ദേവിയെ മൂടിനാൻ
അതിലാദ്ദേവിയും കോപാൽ വില്മുറിച്ചു ശരങ്ങളാൽ. ൧൦
വില്ലറുത്തപ്പോളുടനെ വേലെടുത്താമ്മഹാസുരൻ
മുറിച്ചു ദേവി ചക്രംകൊണ്ടവൻ കയ്യിലെഴുന്നതും. ൧൧
ശതചന്ദ്രചൎമ്മവും മിന്നും വാളും കയ്ക്കൊണ്ടനന്തരം
ആദ്ദേവിതൻ നേൎക്കു പാഞ്ഞാൻ ദാനവാധിപനായകൻ. ൧൨
വരുമ്പോൾ താനവൻതൻ വെളൊത്തു മിന്നുന്ന ഖഡ്ഗവും

ചർമ്മവുംദേവിഖണ്ഡിച്ചാളെയ്തുതീക്ഷ്ണശരങ്ങളാൽ. ൧൩
ഹതാശ്വസ്സൂതൻവിച്ഛിന്നചാപനദ്ദൈത്യനപ്പൊഴേ
ദേവിയെക്കൊല്ലുവാൻവേണ്ടീട്ടെടുത്താനുഗ്രമുൽഗ്ഗരം. ൧൪
അറുത്തുകൂർത്തമ്പുകളാൽവരംസുംഭന്റെമുൽഗ്ഗരം
എന്നാലുംമുഷ്ടിപൊക്കീട്ടുനേരെപാഞ്ഞാനവൻജവാൽ. ൧൫
ഇടിച്ചാൻദേവിതൻമാറത്തസുരേശ്വരനാമവൻ
ദേവിയുംതല്ലിനാൾമാറത്തവനെക്കൈത്തലത്തിനാൽ. ൧൬
കരപ്രഹാരംകൊണ്ടിട്ടാദ്ദൈത്യരാജൻമഹീതലേ
വീണാനുടനെഴുന്നേറ്റാനവ്വണ്ണംതന്നെപിന്നെയും. ൧൭
ചാടിപ്പിടിച്ചീശ്വരിയെക്കൊണ്ടവൻമാനമേറിനാൻ
ബാധവിട്ടങ്ങുമവനോടദ്ദേവിപൊരുതീടിനാൾ. ൧൮
സിദ്ധർഷികൾമഹാശ്ചര്യപ്പെട്ടുമാറപ്പൊളംബരെ
ദൈത്യനുംദേവിയുംതമ്മിൽചണ്ഡയുദ്ധംതുടങ്ങിനാർ. ൧൯
ബഹുനാളവനോടൊത്തുകെല്പോർചെയ്തുടനീശ്വരി
എടുത്തുയർത്തിച്ചുറ്റിച്ചിട്ടെറിഞ്ഞാളവനെക്ഷിതൌ. ൨൦
എറിഞ്ഞവൻമന്നിൽവീണുമുഷ്ടിപൊക്കീട്ടുരാശയൻ
വേഗാൽച്ചണ്ഡികയെക്കൊൽവാനിച്ഛയാൽനേരെയോടിനാൻ
വരുമസ്സർവ്വദൈത്യൌഘനാഥനെപ്പിന്നെയീശ്വരീ
ശൂലത്താൽമാറുകീറീട്ടുവീഴിച്ചാളവനീതലേ. ൨൨
ഉരുത്തുകുന്നാഴികളൊത്തൂഴിയൊക്കെക്കുലുങ്ങവേ
ദേവീശൂലാഗ്രമേറീട്ടുചത്തവൻവീണുഭൂമിയിൽ. ൨൩
ആദുഷ്ടൻചത്തനേരത്തുപിന്നെസ്സർവ്വംപ്രസന്നമായ്
ജഗത്തിലത്തലാറം പായച്ഛമായ്വന്നിതംബരം. ൨൪
മുമ്പിലുണ്ടായൊരുത്പാതജാലമേഘങ്ങൾകെട്ടുപോയ്
വഴിയ്ക്കൊലിച്ചുപുഴകൾസുംഭൻചത്തപ്പൊളങ്ങിനേ. ൨൫
അവൻചത്തപ്പൊളാനന്ദംദേവൌഘങ്ങൾക്കമാനസ
നിറഞ്ഞു,ഗന്ധർവ്വേന്ദ്രന്മാർപാടിനാർനല്ലഭംഗിയിൽ. ൨൬
ആടിനാരപ്സരസ്ത്രീകളടിച്ചാർപടഹങ്ങളെ

സൂൎയ്യൻസുപ്രഭനാ,യ്‌വീശീപുണ്യവാതങ്ങളങ്ങിനെ
കെട്ടുദിഗ്ഗജശബ്ദങ്ങൾസൌമ്യരായ്ത്തീവഹ്നികൾ. ൨൭

ഇങ്ങിനെ ശ്രീമാൎക്കണ്ഡേയപുരാണത്തിൽ
ദേവിമാഹാത്മ്യത്തിൽ സുംഭവധമെന്ന
പത്താമദ്ധ്യായം കഴിഞ്ഞു.

## പതിനൊന്നാമദ്ധ്യായം.

ഋഷി പറഞ്ഞു.

ദൈത്യേന്ദ്രനെദ്ദേവിവധിച്ചശേഷം
ദേവേന്ദ്രാഗ്നിമുഖ്യാമരരിഷ്ടലാഭാൽ
എല്ലാസ്യകാന്ത്യാശകളെപ്രകാശി-
പ്പിച്ചങ്ങുകാത്യായിനിയെസ്തുതിച്ചു. ൧
ഹേദേവിഭക്താൎത്തിഹരേപ്രസീദ
പ്രസീദനിശ്ശേഷജഗത്തിനമ്മേ!
പ്രസീദവിശ്വേശ്വരി!കാക്കവിശ്വം
ചരാചരാധീശ്വരി!ദേവി!നീതാൻ. ൨
മന്നായിനില്ക്കുന്നതുകാരണത്താൽ
ജഗത്തുകൾക്കാശ്രയഭൂതനീതാൻ
ഇതിന്നുസൎവ്വത്തിനനന്തവീൎയ്യേ!
നീവെള്ളമായ്ത്തൃപ്തിവരുത്തിടുന്നു. ൩
നീവീൎയ്യമേറീടിനവിഷ്ണുശക്തി
വിശ്വംചമക്കുംവരമായയുംനീ
ഇതൊക്കെയുംമോഹിതമംബ!നിന്നാൽ
മോക്ഷംതരുംനീഭുവനേതെളിഞ്ഞാൽ. ൪
പെൺ,വിദ്യ,വാക്കെന്നിവയൊക്കെയുംനിൻ
സ്വരൂപഭേദങ്ങളശേഷനാഥേ!
ലോകംനിറഞ്ഞമ്മയൊരുത്തിനീയേ
നിൻഗൌണമുഖ്യസ്തുതിയെന്തുദേവി? ൫
സ്വൎഗ്ഗാപവൎഗ്ഗപ്രദയായ്ദേവിയായ്വിശ്വരൂപയായ്
നിന്നെസ്തുതിച്ചാൽമറ്റെന്തുനല്ലവാക്കുള്ളുവാഴ്ത്തുവാൻ. ൬

ബുദ്ധിയായ്സൎവ്വലോകത്തിന്നുള്ളിൽനില്ക്കുംമഹേശ്വരി
സ്വൎഗ്ഗാപവൎഗ്ഗങ്ങൾതരുംനാരായണി!നമോസ്തുതേ. ൭
കലാകാഷ്ഠാദിരൂപംപൂണ്ടശേഷപരിണാമദേ!
വിശ്വംമുടിപ്പാൻകെൽപുള്ളനാരായണി!നമോസ്തുതേ. ൮
സൎവ്വാൎത്ഥസിദ്ധിദേ!ഗൌരി!ശരണ്യേത്രീക്ഷണേ!ശിവേ!
സൎവ്വമംഗലമംഗല്യേ!നാരായണി!നമോസ്തുതേ. ൯
ഗുണങ്ങൾക്കാശ്രയേസൃഷ്ടിസ്ഥിതിസംഹാരകാരിണി!
ശുദ്ധബ്രഹ്മാത്മികേ!നിത്യേ!നാരായണിനമോസ്തുതേ. ൧൦
കാക്കെന്നെണഞ്ഞദീനാൎത്തന്മാരെക്കാപ്പാൻസമുത്സുകേ!
സൎവ്വാൎത്തിതീൎത്തിടുംദേവി!നാരായണിനമോസ്തുതേ. ൧൧
ഹംസംചേൎന്നവിമാനത്തിൽനില്ക്കുംബ്രാഹ്മീസ്വരൂപിണി!
ദൎഭവെള്ളംതളിക്കുന്നനാരായണിനമോസ്തുതേ. ൧൨
പാമ്പുശൂലംതിങ്കളിവധരിച്ചവൃഷവാഹയായ്
മാഹേശ്വരീരൂപമൊത്തനാരായണിനമോസ്തുതേ. ൧൩
വൻവേലെടുക്കമനഘേ!കൌമാരീരൂപധാരിണി
മയിൽകോഴികളോടൊത്തനാരായണിനമോസ്തുതേ. ൧൪
വൈഷ്ണവീരൂപയായ്ശംഖംചക്രംവില്ലമ്പുവാൾഗദ
ഇതേന്തുംനീപ്രസാദിക്കുനാരായണിനമോസ്തുതേ. ൧൫
തേററയാൽമന്നുധരിച്ചവരാഹേന്ദ്രാകൃതേ!ശിവേ!
മഹോഗ്രചക്രംകൈക്കൊണ്ടനാരായണിനമോസ്തുതേ. ൧൬
നൃസിംഹഘോരരൂപംപൂണ്ടസുരപ്പടകൊന്നുടൻ
മൂപ്പാർപാലിക്കയാൽപൂജ്യേ!നാരായണിനമോസ്തുതേ. ൧൭
മഹാവജ്രകിരീടാഢ്യേ!സഹസ്രേക്ഷണശോഭിതേ!
വൃത്രപ്രാണൻഹരിച്ചൈന്ദ്രി!നാരായണിനമോസ്തുതേ. ൧൮
ദൈത്യഭൂരിബലംകൊന്നൊരുഗ്രരൂപേ!മഹാരവേ!
ശിവദൂതീരൂപമൊത്തനാരായണിനമോസ്തുതേ. ൧൯
ദംഷ്ട്രാവികടഘോരാസ്യേ!ചാമുണ്ഡേ!മുണ്ഡനാശിനി!
തലമാലയണിഞ്ഞീടുംനാരായണിനമോസ്തുതേ. ൨൦
ലക്ഷ്മി!ലജ്ജേ!മഹാവിദ്യേ!ശ്രദ്ധേ!പുഷ്ടേ!സ്വധേ!ധ്രുവേ!
മഹാരാത്രി!മഹാമായേ!നാരായണിനമോസ്തുതേ! ൨൧

ഗുണത്രയാത്മികേ! മേധേ! ശിവേ! ഭാരതി! ദൈവമേ!
പ്രസാദിക്കസമൎത്ഥേ! നീ നാരായണി നമോസ്തുതേ. ൨൨
സൎവ്വശക്തികളും ചേൎന്ന സൎവ്വേശേ! സൎവ്വരൂപിണി!
നിൎഭയം ഞങ്ങളേക്കാക്കദ്ദുൎഗ്ഗാദേവി! നമോസ്തുതേ. ൨൩
കാൽ, കൈ, കണ്ണുമുഖം, കാതു, മൂക്കെന്നംഗങ്ങളൊക്കെയും
എല്ലാടവും ചേൎന്നിടുന്ന നാരായണി നമോസ്തുതേ. ൨൪
സൌമ്യം മുക്കണ്ണണിഞ്ഞോരീ നിന്മുഖം പേടിയൊക്കവേ
തീൎത്തിട്ടു ഞങ്ങളേക്കാക്ക കാത്യായിനി നമോസ്തുതേ. ൨൫
ജ്വാലോജ്ജ്വലം നിൻ ത്രിശൂലമുഗ്രം സൎവ്വാസുരാൎദ്ദനം
ഞങ്ങളേക്കാക്കണം ഭീതേ ഭദ്രകാളി നമോസ്തുതേ. ൨൬
നാദത്താൽ ദൈത്യവീൎയ്യങ്ങൾ പോക്കുമഗ്ഘണ്ട ഞങ്ങളേ
ദേവി! പാപങ്ങൾ തീൎത്തമ്മ മക്കളെപ്പോലെ കാക്കണം, ൨൭
നിങ്കയ്യിൽ മിന്നും വാൾ ദൈത്യവസാസൃക് പങ്കചൎച്ചിതം
ശുഭം തരട്ടേ നിങ്കാക്കൽ നമ്രരായ് ഞങ്ങൾ ചണ്ഡികേ! ൨൮

തെളിഞ്ഞു പോക്കുന്നു ഗദങ്ങളെല്ലാം
നിയ്യിഷ്ടകാമങ്ങളെ നൽകിടുന്നു
നിങ്കാൽ പിടിച്ചോൎക്കു വരില്ലനൎത്ഥം
നിങ്കാൽ പിടിച്ചോരഖിലാശ്രയന്മാർ. ൨൯
ധൎമ്മം കെടുത്തും ദനുജേന്ദ്രനാശം
തന്മെയ്യു നാനാബഹുരൂപമാക്കി
നിയ്യിപ്പൊളിച്ചെയ്യുവിധത്തിൽ മററു
ചെയ്യുന്നതാരെൻ ജഗദംബ! ദേവി! ൩൦
വിവേകമേകും ബഹുശാസ്ത്രവേദ
ശ്രേഷ്ഠങ്ങളുള്ളപ്പൊഴുമേറെ വിശ്വം
ഇതെന്റെയെന്നുൾഭ്രമക്കൂരിരുട്ടിൽ
ചുററിച്ചുമാറിങ്ങിനെ നിയ്യൊഴിഞ്ഞ്. ൩൧
വിഷോഗ്രസൎപ്പങ്ങ, ളരക്കർ, കള്ള-
ക്കൂട്ടങ്ങൾ, മാററാർനിര, കാട്ടുതിയ്യ്
മഹാബ്ധിയെന്നുള്ളിവതൻ നടുക്കു
പെട്ടോരെ നീ കാത്തഴൽ തീൎത്തിടുന്നു. ൩൨

കാക്കുന്നുവിശ്വംജഗദീശയാംനീ-
ശ്ശേന്തുന്നുവിശ്വംജഗദാത്മികേ!നീ
വിശ്വേശർക്കൂപ്പുന്നിതുനിന്നെനിന്നെ-
ബ്ഭക്ത്യാഭജിപ്പോർജഗദീശ്വരന്മാർ. ൩൩
കാക്കാശ്ശുഞങ്ങളെവിരോധിഭയാൽസദാനീ
ഹേഃദേവി!ദൈത്യമഥനാലിതുനാൾകണക്കെ
ഉൽപ്പാതപാകഭവവിഘ്നഗണാഘജാലം
ലോകക്കടെച്ചുകളകാതിജവാൽപ്രസീദ. ൩൪
വിശ്വാർത്തിതീർത്തിടുംദേവി!നമിപ്പോരിൽപ്രസീദനീ
മുപ്പാരിലുള്ളോർവാഴ്ത്തുംനീലോകക്കേകേണമേവരം. ൩൫

ദേവി അരുളിച്ചെയ്തു.

വരംതരാംവാനവരേ!നിങ്ങൾക്കെന്തുള്ളുകാമിതം
ലോകോപകാരമായുള്ളോരതുനൽകാംവരിക്കുവിൻ. ൩൬

ദേവകൾ പറഞ്ഞു.

സവ്വബാധകളേപ്പോക്കുമുപ്പാരിന്നഖിലേശ്വരി!
നിന്നാലിതൊന്നുതാൻകാര്യമസ്മദ്വൈരിവിനാശനം. ൩൭

ദേവി അരുളിച്ചെയ്തു.

ഉണ്ടാകുമിരിപത്തെട്ടാംയുഗേവൈവസ്വതാന്തരേ
വേറെസുംഭനിസുംഭന്മാരെന്നദൈത്യപ്രധാനികൾ. ൩൮
യശോദതൻമകളായ്നന്ദവംശേജനിച്ചുഞാൻ
വിന്ധ്യൻകുന്നിലിരുന്നുംകൊണ്ടവരേക്കൊന്നിടുംപുനഃ ൩൯
അത്യുഗ്രരൂപംകൈക്കൊണ്ടുമന്നിൽവന്നിട്ടുപിന്നെയും
വൈപ്രചിത്തമഹാദൈത്യന്മാർകളേക്കലചെയ്യിടും. ൪൦
ഉഗ്രരാമാവൈപ്രചിത്തദൈത്യരേത്തിന്നുമെന്നുടേ
പല്ലൊക്കെയുംചുവന്നിടുംനാരകപ്പൂകണക്കിനെ. ൪൧
പിന്നെയെല്ലാസ്സുരന്മാരുംമന്നിടത്തിൽമനുഷ്യരും
എന്നെസ്സദാരക്തദന്തിയെന്നുചൊല്ലിസ്തുതിച്ചിടും. ൪൨
നൂറാണ്ടുമഴപെയ്യാഞ്ഞൂവെള്ളമില്ലാതെപിന്നെയും
അയോനിജാതയായുണ്ടാംമുനിമാരാക്കൊണ്ടുഞാൻ. ൪൩
മുനീന്ദ്രരെക്കടാക്ഷിക്കുംനൂറുകണ്ണുകൾകൊണ്ടുഞാൻ

പിന്നെശ്ശതാക്ഷിയെന്നെന്നെകീൎത്തിക്കുംമൎത്ത്യരായവർ. ൪൪
വൎഷത്താലുംപ്രാണരക്ഷക്കുണ്ടാമെന്മേനിയിൽപരം
ശാകങ്ങളവയാൽവിശ്വംഭരിക്കുംഞാൻസുരേന്ദ്രരേ. ൪൫
പ്രസിദ്ധയാകുംഞാൻശാകംഭരിയെന്നപ്പൊളൂഴിയിൽ
ദുൎഗ്ഗമാഖ്യമഹാദൈത്യൻതന്നെയുംകൊല്ലുമന്നുതാൻ. ൪൬
ഇനിക്കുണ്ടാംപുകളെഴന്നാദുൎഗ്ഗാദേവിയെന്നപേർ
പിന്നെയുംഭീമമാംരൂപംഞാൻകൈക്കൊണ്ടുഹിമാചലെ. ൪൭
ഭക്ഷിക്കുംരാക്ഷസന്മാരെമുനിരക്ഷണകാരണാൽ
നമ്രരായ്മുനിമാരെല്ലാമപ്പൊളെന്നെസ്തുതിച്ചിടും. ൪൮
ഭീമാദേവീതിപുകഴമാനാമംമേഭവിച്ചിടും
എപ്പോൾമുപ്പാരുബാധിക്കുമതിയായരുണാഭിധൻ. ൪൯
അപ്പോളസംഖ്യഭ്രമരഭ്രമരാകൃതിപൂണ്ടുഞാൻ
മഹാദാനവനെക്കൊല്ലുംമുപ്പാരിൻെറഹിതത്തിനായ്. ൫൦
അപ്പോൾഭ്രാമരിയെന്നുംമാംസ്തുതിക്കുംലോകരെങ്ങുമേ
ഈവിധംബാധയിപ്പാരിന്നെപ്പോളെപ്പോൾഭവിക്കുമോ ൫൧
അപ്പോളപ്പോൾപിറന്നിട്ടുചെയ്യുംഞാൻശത്രുസംക്ഷയം.

ഇങ്ങിനെ ശ്രീമാൎക്കണ്ഡേയപുരാണത്തിൽ ദേവീമാഹാത്മ്യ
ത്തിൽ നാരായണിസ്തുതിഎന്ന
പതിനൊന്നാമദ്ധ്യായംകഴിഞ്ഞു.

---

## പന്ത്രണ്ടാമദ്ധ്യായം.

---

ദേവി അരുളിച്ചെയ്തു.

ആരിസ്തോത്രങ്ങൾകൊണ്ടെന്നെനിത്യംഭക്ത്യാസ്തുതിപ്പതും
അവൻെറബാധയെല്ലാംഞാൻനശിപ്പിക്കുമസംശയം. ൧
മധുകൈടഭർതന്നന്തംമഹിഷാസുരനാശനം
നിസുംഭസുംഭവധമെന്നിവഭക്ത്യാകഥിക്കിലും. ൨
അഷ്ടമീനവമീപിന്നെവിശേഷിച്ചുചതുൎദ്ദശി
ഇദ്ദിനങ്ങളിലുൾകൃഷ്ടമെൻമാഹാത്മ്യംശ്രവിക്കിലും. ൩

അവൎക്കുണ്ടായ്വരാപാപമൊട്ടുംപാപാലനൎത്ഥവും
ഭവിക്കയില്ലദാരിദ്ര്യമിഷ്ടർവേർപെട്ടദുഃഖവും. ൪
വെള്ളക്കത്താ,യുദ്ധം,തീയ്യു,മന്നവൻ,വൈരി,തസ്കരൻ
ഇവർചെയ്യുംഭയംതെല്ലുംഭവിക്കില്ലെങ്ങൊരിക്കലും. ൫
കല്യാണമാൎഗ്ഗംസമ്പൂജ്യമെന്മാഹാത്മ്യമിതുത്തമം
ചൊൽകയുംകേൾക്കയുംവേണംസദാകാമദമാകയാൽ. ൬
മഹാമാരിവരുത്തുന്നസമസ്തോപദ്രവത്തെയും
എൻമാഹാത്മ്യംനശിപ്പിക്കുംതഥോൽപ്പാതത്രയത്തെയും. ൭
എന്നമ്പലത്തിലെങ്ങെന്നുംനന്നായിതുപഠിക്കമോ
സ്ഥിരമങ്ങെൻസാന്നിദ്ധ്യംസദാഞാനതുവിട്ടിടാ. ൮
ബലിദാനം,പൂജ,ഹോമം,മഹോത്സവമിവററയിൽ
ചൊൽകയുംകേൾക്കയുംവേണമെൻചരിത്രമിതൊക്കെയും. ൯
അറിഞ്ഞുമറിയാതേയുമെൻപ്രീതിക്കെന്തുചെയ്കിലും
പ്രീതിയോടതെടുക്കുംഞാൻവഹ്നിഹോമവുമങ്ങിനെ. ൧൦
വൎഷാകാലശരൽക്കാലങ്ങളിലെന്റെമഹാൎച്ചനം
ചെയ്യുമ്പോൾഭക്തിപൂണ്ടിയ്യെൻമാഹാത്മ്യംകേട്ടിടുംനരൻ.
സൎവ്വബാധകൾവേർപെട്ടധനധാന്യസുതാഢ്യനായ്
മൽപ്രസാദത്തിനാൽവാഴുംബഹുകാലമസംശയം. ൧൧
ശുഭങ്ങളെന്റെജന്മങ്ങൾമാഹാത്മ്യംയുദ്ധവിക്രമം
ഇവകേൾക്കുന്നപുരുഷൻപോരിൽനിൎഭയനായ്വരും. ൧൨
എന്മാഹാത്മ്യംകേൾപ്പവൎക്കുകല്യാണംശത്രുസംക്ഷയം
ഇവവേഗാൽഭവിച്ചീടുമുണ്ടാംകുലസമൃദ്ധിയും. ൧൩
ശാന്തികൎമ്മങ്ങൾചെയ്യുമ്പോൾദുസ്സ്വപ്നംകാണ്കിലുംതഥാ
ഗ്രഹോഗ്രപീഡകളിലുമെന്മാഹാത്മ്യംശ്രവിക്കണം. ൧൪
ഉൽപ്പാതങ്ങളുമത്യുഗ്രഗ്രഹപീഡകളുംകെടും
മൎത്ത്യർകണ്ടൊരുദുസ്സ്വപ്നമുടൻസുസ്വപ്നമായ്വരും. ൧൫
ബാലഗ്രഹങ്ങൾബാധിച്ചബാലന്മാൎക്കിതുസൌഖ്യദം
യോഗചരിദ്രേനരന്മാരെക്കൂട്ടിച്ചേൎക്കാനിതുത്തമം. ൧൬
ദുഷ്ടന്മാൎക്കൊക്കെയുംപാരംബലഹാനിവരുത്തിടും
രക്ഷോഭൂതപിശാചങ്ങൾപഠിച്ചാൽത്താൻനശിച്ചുപോം. ൧൭

എൻസാന്നിദ്ധ്യമുണ്ടാകുമെന്മാഹാത്മ്യമിതൊക്കെയും
ശ്രേഷ്ഠാഘ്യഗന്ധകുസുമധൂപദീപപശുക്കളും. ൯
ഹോമാഭിഷേകദാനശ്രീവിപ്രഭുക്തികളും പുനഃ
നാനാഭോഗങ്ങളും നൽകി മുടങ്ങീടാതൊരാണ്ടിനാൽ. ൧൦
ഇങ്ങെക്കും പ്രീതിയുണ്ടാകുമിതൊരിക്കൽ പഠിക്കിലും
കേൾക്കിലും, കേൾക്കിലാരോഗ്യം നല്ലും പാപങ്ങൾ പോക്കിടും.
ഭൂതാദികളിൽനിന്നിട്ടു കാക്കുമെൻ ജന്മകീർത്തനം
യുദ്ധങ്ങളിൽ ദുഷ്ടദൈത്യനാശനം ചരിതം മമ. ൧൧
കേൾക്കും പുമാന്മാർക്കുണ്ടാകയില്ല ശത്രുകൃതം ഭയം
നിങ്ങൾ ചെയ്തീസ്തുതികളും ബ്രഹ്മർഷീന്ദ്രസ്തവങ്ങളും. ൧൨
ബ്രഹ്മൻ ചെയ്താസ്തുതികളും നൽകുന്നു ശുഭബുദ്ധിയെ
ശൂന്യമാർഗ്ഗത്തിലോ ദൂരെ കാട്ടിലോ കാട്ടുതീയ്യിലോ. ൧൩
കള്ളന്മാർ തൻ നടുവിലോ പെട്ടാലും പിന്നെ വൈരികൾ
പിടിച്ചാലും, കാട്ടിലാന സിംഹവ്യാഘ്രങ്ങൾ പാഞ്ഞുടൻ. ൧൪
വന്നാലു, മരചൻ കോപാൽ വധിപ്പാനായ്വിധിക്കിലും
കെട്ടിയാലും, സമുദ്രത്തിൽ കപ്പൽ കാററാൽ ചലിക്കിലും. ൧൫
അതിരൗദ്രരണത്തിങ്കലായുധങ്ങൾ പതിക്കിലും
സർവ്വോഗ്രബാധകളിലും വേദനാർത്തിതനാകിലും. ൧൬
സർപ്പം പിന്നാലെ വന്നാലും മഹാസർപ്പം കടിക്കിലും
ഇവയ്യെൻ ചരിത്രമോർക്കുന്ന മർത്ത്യൻ സങ്കടമുക്തനാം. ൧൮
എൻപ്രഭാവേന കള്ളന്മാർ സിംഹാദികൾ വിരോധികൾ
എൻവൃത്തമോർപ്പവൻ തൻ്റെ ദൂരാൽ ത്താനോട്ടുമങ്ങിനെ. ൧൯
എന്നുരച്ചാ ഭഗവതി ചണ്ഡവിക്രമ ചണ്ഡികാ
മറഞ്ഞാൾ സർവ്വദേവന്മാർ നോക്കിനിൽക്കുമ്പൊളങ്ങു താൻ. ൨൦
യജ്ഞഭാഗം ഭുജിച്ചെല്ലാദ്ദേവന്മാരും രിപുക്ഷയാൽ
സ്വാധികാരങ്ങളെ ച്ചെയ്താർ പണ്ടത്തെപ്പോലെ നിർഭയം. ൨൧
ദേവലോകാരി യത്യുഗ്രൻ സുംഭൻ നിസ്തുല്യവിക്രമൻ
നിസുംഭനിവരെപ്പോരിൽ ദ്ദേവി കൊന്നോരനന്തരം. ൨൨
ശേഷിച്ച ദാനവന്മാരു പാതാളം പൂകിനാരുടൻ
അദ്ദേവിയാം ഭഗവതി നിത്യയാകിലുമങ്ങിനെ. ൨൩

പുനഃപുനസ്സംഭവിച്ചുകാക്കുന്നുഭുവനംനൃപ!
അവൾതാനേചെയ്യിട്ടുന്നുവിശ്വമോഹോത്ഭവങ്ങളെ. ൩൪
ഭോഗസ്വൎഗ്ഗാപവൎഗ്ഗങ്ങൾപൂജിച്ചാലവൾതാൻതരും
മഹാദേവിമഹാകാളിമഹാമാരിസ്വരൂപിണി. ൩൫
ഏവമുള്ളവളാൽവ്യാപ്തമിബ്രഹ്മാണ്ഡംനൃപാഖിലം
ഓരോകാലങ്ങളിൽഭൂതസൃഷ്ടിസ്ഥിതിലയങ്ങളെ. ൩൬
നിത്യയായജയായുള്ളോരവൾതാൻചെയ്യിട്ടുന്നതേ
നൽക്കാലേലക്ഷ്മിയായ്മൎത്ത്യൎക്കവൾതാൻവീട്ടിൽവൃദ്ധിയെ.
നൽകുന്നു,നാശംചെയ്യുന്നുദുഷ്കാലത്തിലലക്ഷ്മിയായ്
സ്തുതിച്ചുഭക്ത്യാപുഷ്പാദികൊണ്ടുപൂജിതയാമവൾ.
തരുന്നുശുഭമായ്ധൎമ്മബുദ്ധിപുത്രധനങ്ങളെ. ൩൭

ഇങ്ങിനെ ശ്രീമാൎക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽദേവീചരിതമാഹാത്മ്യമെന്ന
പന്ത്രണ്ടാമദ്ധ്യായം കഴിഞ്ഞു.

## പതിമൂന്നാമദ്ധ്യായം.

ഋഷിപറഞ്ഞു.

രാജൻ!നിന്നോടുചൊന്നേനിദ്ദേവീമാഹാത്മ്യമുത്തമം
വിശ്വംധരിക്കുമദ്ദേവിതൻപ്രഭാവങ്ങളിങ്ങിനെ. ൧
അവൾനന്നായ്പ്രസാദിക്കുന്നവൎക്കൊക്കെമഹാസുഖം
തരുന്നുവിദ്യയേവിഷ്ണുഭഗവന്മായയാമവൾ. ൨
അറിവുള്ളങ്ങെയും‌വൈശ്യൻതന്നെയുംമററുപേരെയും
മോഹിപ്പിക്കുന്നതവൾതാൻത്രികാലങ്ങളിലുംതഥാ. ൩
ആദ്ദേവിയെശ്ശരണമായ്പ്രാപിക്കുനൃപസത്തമ!
ഭോഗസ്വൎഗ്ഗാപവൎഗ്ഗങ്ങൾതരുംപൂജിതയാമവൾ. ൪

മാൎക്കണ്ഡേയൻ പറഞ്ഞു.

എന്നവൻതന്റെചൊൽകേട്ടാമന്നവൻസുരഥാഭിധൻ
നമിച്ചാൻവ്രതഭാഗ്യങ്ങളേറീടുന്നമഹൎഷിയെ. ൫
പോയരാജ്യത്തിൽമമതകൊണ്ടുദുഃഖംവളൎന്നുടൻ
തപസ്സിന്നായ്വൈശ്യനൊത്തുചെന്നുസഹ്യാചലേമുനേ! ൬

നദിതൻപുളിനേവാണുദേവിയെക്കാണുവാനവർ
ദേവീസൂക്തജപംചെയ്തുതപസ്സാരംതുടങ്ങിനാർ. ൭
ദേവീരൂപത്തെമണ്ണുകൊണ്ടാമണൽത്തിട്ടിൽചമച്ചവർ
പുഷ്പതർപ്പണധൂപാഗ്നികളാൽപൂജിച്ചുദേവിയെ. ൮
ഉള്ളടക്കിയുമൂൺവിട്ടുംദേവിയെദ്ധ്യാനമോർത്തവർ
തന്മെയ്യിലെച്ചോരവീഴ്ത്തീട്ടവിടെബ്ബലിനൽകിനാർ. ൯
ഉള്ളടക്കീട്ടുസേവിച്ചാർമൂവ്വാണ്ടീവിധമപ്പൊഴേ
പ്രത്യക്ഷമാലോകതായചൊന്നാളേറ്റംപ്രസന്നയായ്. ൰

ദേവി അരുളിച്ചെയ്തു.

കുലോത്തമന്മാരാംനിങ്ങളെന്തിച്ഛിക്കുന്നുവോനൃപ!
അതെല്ലാമെന്നോടർത്ഥിപ്പിൻപ്രസാദാലതുഞാൻതരാം.

മാർക്കണ്ഡേയൻ പറഞ്ഞു.

അന്യജന്മസ്ഥിരംരാജ്യംവരിച്ചാനുടനേനൃപൻ
ബലാലരിബലംകൊന്നുതൻനാടിങ്ങുംവരിച്ചുതേ. ൰൨
ഉള്ളിൽസംസാരവൈരാഗ്യംപൂണ്ടോരാപ്രാജ്ഞവൈശ്യനും
ഞാനെന്റെയെന്നുള്ളസംഗംപോക്കുംജ്ഞാനംവരിച്ചുതേ.

ദേവി അരുളിച്ചെയ്തു.

ഭൂപ!സ്വരാജ്യമങ്ങയ്ക്കുകിട്ടുമല്പദിനങ്ങളാൽ
രിപുക്കളെക്കൊന്നങ്ങേക്കുതിളക്കാതേയുമായ്വരും. ൰൪
മരിച്ചുപിന്നെയുംസൂര്യ്യദേവനന്ദനനായ്ഭവാൻ
സാവർണ്ണികാഖ്യമനുവായ്ഭവിക്കുംവത്സ!ഭൂമിയിൽ. ൰൫
വൈശ്യവര്യ!ഭവാനെന്നിൽനിന്നിച്ഛിച്ചവരത്തെയും
തരുന്നുനല്ലസിദ്ധിക്കായ്ജ്ഞാനമുണ്ടായ്വരുംതവ. ൰൬

മാർക്കണ്ഡേയൻ പറഞ്ഞു.

ഇച്ഛിച്ചവരമീവണ്ണമവർക്കേകിമഹേശ്വരി
അവരാലുടനേഭക്ത്യാസ്തുതയായിമറഞ്ഞുതേ. ൰൭
ഏവംവരംദേവിയോടുവാങ്ങിക്ഷത്രിയപുംഗവൻ
സുരഥൻസൂര്യ്യസുതനായ്സാവർണ്ണിമനുവായ്വരും. ൰൮

[ഇതുസുരഥനൃപന്റെഭക്തിയോഗം
പറയുകകേൾക്കുകഭക്തിയോടുചെയ്കിൽ

വിഷമഹൃദയശോകമാറവാഴും
സുഖമൊട്ടുവിണ്ണിലുമിങ്ങുമാമനുഷ്യൻ. ൧൯
സമാധിവൈശ്യൻറസമാധിയോഗം
സമാധിയോടൊത്തനിശംപഠിച്ചാൽ
സമാധിഭംഗംവരികില്ലവന്നു
സമാധിയാൽസ്സൽഗതിയാംമരിച്ചാൽ. ൨൦
ഭഗവതിയുടെയോരീവൃത്തമൊക്കെശ്രവിച്ചാൽ
വിഗതകലിയവന്നങ്ങത്തുമേനിത്യമോക്ഷം
അമലപരമമാദ്യംനിത്യമാമാപ്പദത്തിൽ
ഭ്രമരഹിതമനസ്സായൊക്കവാൻതക്കമുണ്ടാം.] ൨൧

ഇങ്ങിനെ ശ്രീമാൎക്കണ്ഡേയപുരാണത്തിൽ
ദേവീമാഹാത്മ്യത്തിൽ സുരഥവൈശ്യവരലാഭമെന്ന
പതിമൂന്നാമദ്ധ്യായം കഴിഞ്ഞു.

ദേവീമാഹാത്മ്യംസമാപ്തം.

ശ്രീ.

# ശ്രീകുരുംബാദേവി

# മാഹാത്മ്യസ്തോത്രം.

---

മൎത്ത്യാമൎത്ത്യാസുരേന്ദ്രാദ്യതിമഹിമയിലും
പഞ്ചഭൂതത്തിലെല്ലാം
ചീൎത്തീട്ടുംവൻപ്രഭാവത്തിലുമുടയമഹാ
വിസ്മയംഭസ്മമായ്മേ
കീൎത്തിപ്പെട്ടോരുവിശ്വേശ്വരനുടെജഗദുൽ-
പ്പത്തിരക്ഷാന്തകൎമ്മം
പാൎത്തപ്പോൾദ്ദേവിവിശ്വേശ്വരനുമയിപദം
കേവലംതേവലംബം. ൧

മാഹാത്മ്യംകൊണ്ടുസൃഷ്ടിസ്ഥിതിലയകരനായ്-
ഭക്തലോകൎക്കുമോക്ഷം
മോഹംതീൎത്തേകുമീശന്തിരുവടിഭഗവാ-
ന്തന്നെയുംമുന്നമേററം
മോഹിപ്പിച്ചോരുമായാനിധിമലർമകൾതൻ
നാഥനേക്കൂടിനന്നായ്
മോഹിപ്പിക്കുന്നവല്ലോഭഗവതി!ഹരിതൻ
നിദ്രയാന്നീയുമദ്ധം. ൨

ധാതാവിൻപ്രീതികാമിച്ചതികഠിനതപം
ചെയ്തുദൈതേയരക്ഷോ-
നാഥന്മാരെബ്ഭയപ്പെട്ടിഹമനമുരുകാ
താരുവാനോരിലുള്ള
ചേതസ്സിൽഭീതിപൂണ്ടാവിധിയുമഭയമ
ൎത്ഥിച്ചവാൎത്തിസ്തുതിക്കും
മാതാവേ!വിഷ്ണുനിദ്രേ!തരികതരികനീ
ഭുക്തിയുംമുക്തിയുംമേ. ൩

ദിവ്യന്മാരാംമഹാപൂരുഷർമുഴുവനഹോ
    'സ്വാഹ'യാസ്വാദിച്ചിട്ടുംനിൻ
ഭവ്യശ്രീനാമമാത്രശ്രവണരസഭരാ
    കൃഷ്ടരായ്ഹൃഷ്ടരായി
ദിവ്യാനേകാത്ഭുതശ്രീസുഖമയസകലാ
    ർത്ഥങ്ങൾതിങ്ങുന്നവിണ്ണും
ചൊടുക്കോടേകൈവെടിഞ്ഞിങ്ങധികകുതുകമോ-
    ടൊത്തുവന്നെത്തിടുന്നു. ൪

എന്തായാലുംകൊടുപ്പാൻപടുതപെടുകയാൽ-
    ദ്ദേവവൃക്ഷാഖ്യതേടും
സന്താനംനൽകുവാൻവമ്പവരുടെകരുണ-
    യ്ക്കന്യമററൊന്നിനില്ല
അന്തംവിട്ടന്യനാനാമഹിമകളുമഹോ
    പൂണ്ടിടുന്നാപ്പിതൃക്കൾ-
ക്കന്തസ്സംതൃപ്തിചേർക്കും'സ്വധ'ഭഗവതിനീ
    തന്നെനിശ്ശേഷനാഥേ! ൫

അന്നാസസ്യാദിരൂപംദൃഢമിഹസകല
    പ്രാണരക്ഷയ്ക്കുമൂലം
മന്നിൽസ്സസ്യാദിജന്മത്തിനുജനനിശിവേ!
    കാരണംമാരിതന്നെ
അന്യൂനശ്രീവിളങ്ങുംമഖമഖിലമഹാ
    മാന്യപർജ്ജന്യമൂലം
ധന്യേ!ധാത്രീന്ദ്രകന്യേ!ജനനിഭവതിതാ-
    ൻ'മഖം'ഭദ്രകാളി. ൬

സാരംചേരുന്നനാനാമഹിമകൾവിലസും
    വേദമന്ത്രാദിയെല്ലാ-
മോരോവർണ്ണങ്ങളാണെന്നഴകിനൊടറിയാ
    മേവരുംദേവലോകേ
നേരായ്'വർണ്ണ'ങ്ങളെല്ലാംനിരുപമഗുണനായ്-
    നിത്യബോധംകലർന്നി-

പ്പാരൊക്കെത്തീൎത്തൊവാണീരമണനുമരുൾചെ
 യ്യുന്നനിൎയ്യന്നിവണ്ണം. ൭
ചൊൽപ്പൊങ്ങീടുംമഹേശൻതിരുവടിഭഗവാ
 നെന്തിനെത്താൻപ്രയോഗി-
ച്ചപ്പോൾമോദിച്ചലിഞ്ഞിട്ടുടനൊരുനദിയാ
 യ്യുന്നപണ്ടിന്ദിരേശൻ
മപ്പാരിൽസൎവ്വസമ്മോഹനസരസകലാ
 കേളികോലാഹലംപൂ-
ണ്ടപ്പാട്ടുംമഞ്ജുനാനാ'ശ്രുതി'ഗണലയവും
 താളവുംമേളവുംനീ. ൮
വാനോർമുപ്പത്തുമുക്കോടിയുമതിലതിയാ
 യെണ്ണവും വണ്ണവുംപൂ-
ണ്ടൂനംവിട്ടുല്ലസിക്കുന്നസുരപതികളും
 തങ്ങളിൽച്ചേൎന്നിണങ്ങി
സ്ഥാനത്തിൽപ്പാൽസ്സമുദ്രംപണികൾപലവചെ-
 യ്യന്തിലിച്ചുമിഴ്ക്കകൊണ്ടോ
മാനത്തിൽത്താൻമഥിച്ചാർ'സുധ'യതുവസുധാ
 ഭൂതസ്യതേ!സൽസ്തുതേ!നീ. ൯
മന്നൊല്ലാംതീൎത്തമമ്മേ!ഭഗവതിപരിപാ
 ലിയ്ക്കയെന്നായ്സ്തുതിച്ചും
ധന്യന്മാർമൌലിതന്നിൽത്തെളിവൊടുവിലസും
 ചിന്മയബ്രഹ്മന്നേയും
മന്നംചെയ്യാതെകണ്ടിങ്ങഖിലജനചവി-
 ട്ടേററിടുംപുല്ലിന്നേയും
നന്നായ്വേണ്ടുംപ്രകാരംകരുണയൊടിഹകാ-
 ക്കുന്ന'മാതാവു'നീതാൻ. ൧൦
ധൎമ്മാധൎമ്മാദിയായിട്ടഖിലഫലദമായ്
 പ്രാണികൾക്കൊക്കെയൊക്കും
കൎമ്മംദേവ്യപ്രമേയംസകലവുമിഹനീ
 തന്നെയാണെന്നുപോരാ

ബ്രഹ്മാണ്ഡത്തിന്റെ സൃഷ്ടിസ്ഥിതിലയകരണം
    കൂടിയപ്പൊപ്പൊളെല്ലാം
ബ്രഹ്മൻവാല്മീകിമുമ്പാകിയകവികൾകഥി
    ച്ചുന്നുനിയ്യെന്നുനാഥേ! ൧൧

കിട്ടേണ്ടീങ്ങിന്ദ്രപട്ടംപരമഗുണഗണ-
    ശ്രേഷ്ഠമാംപാരമേഷ്ഠ്യം
പട്ടിച്ചുംകൂടിവേണ്ടെന്നവമുഴവനപേ-
    ക്ഷിച്ചുമോക്ഷേച്ഛയോടേ
കഷ്ടപ്പെട്ടിന്ദ്രിയംവെന്നമലമുനിജനം
    ദുഷ്ക്കരോഗ്രവ്രതംപൂ-
ണ്ടിഷ്ടംചേർന്നഭ്യസിച്ചുംമഹിതതര് മഹാ
    വിദ്യ നിതാനനാദ്യേ. ൧൨

സാരംപാർക്കുംദശായാംസകലസമയവും
    സച്ചിദാനന്ദരൂപം
ചേരുന്നാത്മാവിനേററംജനനമൃതിമുഖാ-
    നേകശോകംകെടുത്തും
നേരല്ലാതൊന്നുമററൊന്നിതിമതിയെവള-
    ർത്തുംവിരിഞ്ചാദിദേവ-
ന്മാരേക്കൂടിഭ്രമിപ്പിച്ചിടുമമിത് മഹാ
    മായ നീയേകുരുംബേ! ൧൩

ദിവ്യന്മാർക്കുംപരക്കെപ്പെട്ടുമഴൽമുഴവൻ
    തീർത്തുപൂർത്ത്യാശുഭത്തെ-
ച്ചേർത്തീട്ടോററംകൊടുക്കുന്നിതുഗുരുകൃപയാ
    യാതൊരുത്തൻതരത്തിൽ
സർവ്വബ്രഹ്മാണ്ഡസൃഷ്ടിസ്ഥിതിലയകരനാ-
    മാസ്സുമസ്സുശപരൻതൻ
സർവ്വജ്ഞതാസ്വരൂപംതടവുമൊരു മഹാ
    ശക്തി നീമുക്തിദാത്രി. ൧൪

കണ്ടാലത്യത്ഭുതംതോന്നിടുമൊരുവിധമാ-
    യിപ്രപഞ്ചത്തെയിമ്മ-

ട്ടുണ്ടാക്കാനദ്ര്യമിച്ചും സലിലജഭവനാം
ദേവനെൻകാവിലമ്മേ
പണ്ടുണ്ടായോരുകല്പങ്ങളിലഖിലമെഴും
സൎവ്വവസ്തുക്കളേയും
കുണ്ഠതപംവിട്ടുകൊണ്ടോപ്പതിനുതടവിട്ടും
വമ്പുനീതമ്പുരാട്ടി. ൧൩

ഓരോരുത്തൎക്കുനീക്കാനൊരുവിധവുമഹോ
പാൎക്കിൽവയ്യാതെയാം മ-
ട്ടോരോന്നിങ്ങെൻറയാണെന്നതിദൃഢമതിയെ-
ച്ചേൎത്തുമൎത്ത്യേന്ദ്രസേവ്യേ.
പാരം മാഹാത്മ്യമേവം നരദിതിജസുര-
ന്മാൎത്തുടങ്ങീസ്സമസ്ത-
ന്മാരേയും സംസരിപ്പിച്ചിട്ടുമമിത്'മഹാ
മോഹ'മേ!പാഹിദേവി! ൧൪

ദേവേന്ദ്രൻവാനുകാക്കുന്നിതുതരണിതപി-
ച്ചുന്നുവീശുന്നുവാതം
ജീവൻപോക്കുന്നുകാലൻഭുവനജനനി!തി-
ച്ചിങ്ങുചെയ്യുന്നുദാഹം
എവം നാനാപ്രകാരം വിലയുടയമഹാ
കൎമ്മമോരോന്നുചെയ്യും
ദേവന്മാൎക്കുള്ളതത്തൽക്രിയകളുടെ'മഹാ
ശക്തി'നീശൎമ്മദാത്രി. ൧൫

വല്ലാതേറെത്തപിച്ചും വരഗണമിഹവേ-
ണ്ടുന്നതെല്ലാം ലഭിച്ചും
ചൊല്ലാന്നേറാം മദിച്ചും സുരവരകുലവും
ജന്യമദ്ധ്യേജയിച്ചും
മെല്ലെന്നീരേഴുലോകങ്ങളുടെപതികളായ്
ഭംഗമെന്ന്യേഭവിച്ചും
കല്യാണത്തോടുവാണോരസുരഗണമഹാ
ശക്തിഭക്തപ്രിയേനീ. ൧൬

മന്നുണ്ടിരേഴതിങ്കൽധരണിധരലതാ-
വൃക്ഷഗുല്മാദിയായു-
ണ്ടിന്നോരാംസ്ഥാവരൌഘംപുനരപിഹരിദ-
ന്ത്യാദിജന്തുക്കളുണ്ട്
പിന്നെദ്ദേവോപദേവാസുരനരഗണമു-
ണ്ടുണ്ടുദേവോത്തമന്മാ-
രെന്നാലിച്ചൊന്നതിന്നൊക്കെയുമുരുകരുണേ!
വേരുനീനേരുപാൎത്താൽ. ൧൯

ജ്ഞാനാനന്ദങ്ങളേകിപ്പലരെയുമഴകാ-
യിട്ടുപാലിപ്പതുംനീ
മാനക്രുദ്ധംഭദുഃഖാദികളധികമണ-
ച്ചിട്ടുചാറിപ്പതുംനീ
ഊനംവിട്ടുള്ളഘോരാവരണമഹിമയാൽ
മോഹമുണ്ടാക്കിയേററം
ദീനത്വംചേൎപ്പതുംനീത്രിഗുണമയതനോ!
ഭദ്രേ!ഭദ്രകാളി! ൨൦

വാണീകാന്തന്നുകൂടിസ്മൃതമരണമണ-
ച്ചും'മഹാരാത്രി'നീതാൻ
കാണുന്നിസ്സൎവ്വലോകത്തിനുലയമുളവാ-
ക്കുന്നനീ'കാളരാത്രി'
ചേണാൎന്നിരാത്രിന്നാമംതവതിമിരസമാ-
ജ്ഞാനമോഹാൽഭവിച്ചു
കാണാൻവയ്യാത്തരൌദ്രാകൃതിയൊടുമമതാ
കത്ത്രിനീ'മോഹരാത്രി'. ൨൧

ദാരിദ്ര്യക്കേടുതീൎത്തിട്ടധികസുഖഭരം
ചേൎത്തുലോകത്തെയെല്ലാം
പാരംപാലിച്ചുമിന്നുംബഹുവിധഗുണമോ-
ടൊത്തസമ്പത്തുനീതാൻ
ഐസ്വരംമോദിച്ചുനാരായണനുടെഹൃദയേ
ചിത്തഭംഗ്യാവിളങ്ങും

താരിൽത്തന്വംഗി!ലക്ഷ്മീഭഗവതിവരദേ
ചണ്ഡികേ!നിർണ്ണയംനീ. ൨൨
കല്യാണൈശ്വര്യസാരംകണവനൊരുകണ-
ക്കെന്നിയേനല്കിയുംതാൻ
ചൊല്ലാർന്നീടുംപ്രഭാവാൽഭുവനമഖിലവും
ഭൂരിശക്ത്യാനിറഞ്ഞും
ഉല്ലാസാലീശ്വരൻതൻതിരുമടിനടുവിൽ
ഭൂഷണശ്രീയൊടൊത്തി-
ട്ടെല്ലായ്പോഴുംവസിക്കുംമലമകൾമഹിതേ!
കേവലംദേവിനീതാൻ. ൨൩
നാനാരൂപപ്രപഞ്ചങ്ങളിലുരുബലമായ്
നിന്നിടുംപ്രാണനുംനീ
താനേതാൻനിന്ദ്യകർമ്മങ്ങളിൽവിമുഖതയും
ബോധദേ!'ബുദ്ധി'യുംനീ
മാനാർത്ഥംഹീനകർമ്മങ്ങളിൽവിമുഖതയാം
'ലജ്ജ'യുംനീനിറഞ്ഞോ-
രാനന്ദൈകസ്വരൂപേ!ഭഗവതിനിതരാം
'തുഷ്ടി'യും, 'പുഷ്ടി'യും നീ. ൨൪
വേണ്ടുംഭാഗ്യാവിളങ്ങുംവിഷയനിരകളിൽ
പൂർണ്ണമായുള്ളകാമം
പൂണ്ടീടുംചക്ഷുരാദീന്ദ്രിയഗണമിഹവെ-
ന്നീടുവാൻപാടവംനീ
ഉണ്ടാറാംശക്തിയെന്നാകിലുമമിതപരോ-
പദ്രവത്തെസ്സഹിച്ചു-
കൊണ്ടത്യന്തംക്ഷമിപ്പാൻപെടുമൊരുവിരുതാം
'ക്ഷാന്തി'നീകാന്തരൂപേ. ൨൫
മുല്ലപ്പൂമൊട്ടുമട്ടുംരദനനിരകളും
ചാരുചന്ദ്രക്കലെക്കു-
ള്ളല്ലൽപ്പെട്ടോരുദംഷ്ട്രായുഗവുമഴകിലോ-
രോന്നിൽമുമ്മൂന്നുവീതം

കല്യാണശ്രീകളിക്കുംവലിയമിഴികളും
തുംഗഭംഗ്യാവിളങ്ങും
ഫുല്ലാംഭോജാഭിരാമംതവമുഖദശകം
കാളികാക്കേണമെന്നെ. ൨൬
പത്തല്ലോദിക്കതോരോന്നധികസുഖമുദി-
ക്കുംവിധംസർവ്വകാലം
പ്രത്യേകംകാത്തുകൊണ്ടീടണമിതിതിരുവു-
ള്ളത്തിലങ്ങോർത്തതിന്നായ്
നിത്യംനീസ്വീകരിച്ചീടിനഭുജദശകം
ദിവ്യനാനായുധംചേ-
ർന്നത്യന്തംതോന്നണംമേഹൃദിനതസകലാ-
ഭീഷ്ടദേദുഷ്ടഹന്ത്രി! ൨൭
പത്തല്ലോദിക്കതോരോന്നഴകിനൊടുഭരി-
ക്കുന്നവർക്കൊക്കെയൊന്നായ്
പ്രത്യേകംസർവ്വകാലംസതതമപിചസേ-
വിക്കുവാൻതക്കമാവാൻ
നിത്യംനീസ്വീകരിച്ചീടിനപദദശകം
സർവ്വസമ്പൽസ്സമൃദ്ധി-
ക്കത്യന്തംതോന്നണംമേഹൃദിസകലജഗ-
ന്നായികേമായമെന്യേ. ൨൮
പുണ്യശ്രീപൂണ്ടിടുംനിന്തിരുവടിയുടെനൽ-
ദ്ദിവ്യദേഹത്തിൽനിന്നി-
ട്ടെണ്ണംകൂടാതുദിക്കുംരുചിരരുചിചയം
മഞ്ജുഭിന്നാഞ്ജനാഭം
കണ്ണിൽത്തട്ടുംദശായാമതിശുഭസുഖമു-
ണ്ടാവ്വതുന്നുണ്ടതോർത്താ-
വിണ്ണോരുംകാളികാളാഞ്ജനമഴകിലണ-
ക്കുന്നനേത്രത്തിൽനിത്യം. ൨൯
നിൻപാദാബ്ജംതുടങ്ങിത്തിരുമുടിവരെയു-
ള്ളുത്തമാംഗങ്ങൾതന്നിൽ

സമ്പൂൎത്ത്യാമേചെന്നിട്ടുംനല്ലഴകിതുവിധമെ-
ന്നോതുവാനേതൊരുത്തൻ
വമ്പോടേലോകസൃഷ്ടിസ്ഥിതിലയകരരാം
ഭക്തരൊട്ടായതോൎത്തി-
ട്ടമ്പാഗാംഭീരമോദാത്ഭുതജലധികളിൽ-
ത്താണുപോകുന്നതായേ. ൩൦
ആഹാരംനിദ്രയെന്നുള്ളിവകളെമുഴുവൻ
വീതശങ്കംവെടിഞ്ഞും
നീഹാരംവൎഷവാതാതപമിവസദയേ!
സൎവ്വകാലംസഹിച്ചും
മാഹാത്മ്യംപൂണ്ടയോഗീശ്വരകുലമഖിലം
താഴ്ചയെന്യേതപംചെ-
യ്യാഹാക്ലേശിച്ചിടുന്നുണ്ടയിതവതിരുമെയ്
കാണുവാൻകാളിയമ്മേ! ൩൧
ഓരോരോസൽഗ്ഗുണത്താൽസ്സകലഭുവനവും
വശ്യമാക്കുംത്വദീയ-
ശ്രീരൂപംചിത്തരംഗേകിമപിവിലസിട്ടും
ഭക്തലോകൎക്കശേഷം
ഹാരുത്വംപൂണ്ടശബ്ദാദ്യഖിലവിഷയവും
സച്ചിദാനന്ദലക്ഷ്മീ
സാരംചേരുന്നകൈവല്യവുമതികരുണേ!
കാളികയ്ക്കുന്നപാരം. ൩൨
സമ്പത്തേകിസ്സമസ്തത്രിഭുവനമവനം
ചെയ്യുമംഭോജനേത്രൻ
മുമ്പായുള്ളോരുദേവപ്രവരനികരവും
ഭംഗമററുള്ളഭക്ത്യാ
സമ്പത്തുണ്ടായ്വരാനുംവിവിധതരവിപ-
ത്തൊക്കെയുംപോക്കുവാനും
നിൻപാദത്താൎക്കുന്നുവല്ലോനിഖിലനിരവധി-
ശ്രീകരിശ്രീകുരുംബേ! ൩൩

ചുട്ടറവള്ളോരുറപ്പുംവളവുമധികമാം
    മൂർച്ചയുംചേർച്ചികേന്നിൻ-
ദംഷ്ട്രയ്ക്കുള്ളോരുമറ്റോത്തസുരകുലവസാ-
    രക്തസംസിക്തമായി
ശിഷ്ടക്കിഷ്ടംകൊടുത്തുംദുരിതമഖിലവും
    നീക്കിയുംതൃക്കരത്തിൽ
തുഷ്ട്യാമിന്നുന്നഖഡ്ഗംബഹുശുഭമുടനേ
    തന്നെതന്നീടണംമേ. ൩൪

ചൊല്ലൊത്തുംവജ്രിവജ്രംമധുരിപുഭഗവ-
    ച്ചക്രമിത്യാദികൊണ്ടി-
ട്ടല്പംപൊട്ടാതെയുള്ളാമഹിഷമുഖമഹാ-
    ദൈത്യകണ്ഠസ്ഥലത്തെ
ക്ഷിപ്രംകുത്തിത്തുളച്ചുംശിഖിശിഖകൾചൊരി-
    ഞ്ഞുംഭവൽതൃക്കരാബ്ജേ
നില്പോരുഗ്രംത്രിശൂലംനതജനകരുണാ-
    ർദ്രാക്ഷിരക്ഷിച്ചിടേണം. ൩൫

ദുഃഖംകണ്ണീരൊടമ്മേ!ശരണമടിയന-
    ങ്ങുന്നതാനെന്നിതേറെ.
ശോകംപൂണ്ടോതിയെന്നോർത്തമിതകരുണയാൽ
    മംഗളംചേർക്കുവാനോ
ലോകദ്രോഹിക്കുചേരുംഫലമഖിലരെയും
    കാട്ടുവാനോസദാനീ
മാഴ്കാതേകയ്യിലേന്തുംസ്രവദതിരുധിരം
    ദൈത്യശീർഷംതൊഴുന്നേൻ. ൩൬

ഓരോവൻകുന്നെറിഞ്ഞിട്ടമരവരകുലം
    പോർക്കളത്തിൽപൊടിയ്ക്കും
വീരന്മാരായദൈത്യേശ്വരരുടെവലുതാ-
    യ്നിന്നിടുംവജ്രദേഹം
നിസ്സാരംപോരിൽപ്പൊടിച്ചങ്ങിനെകിമപികളി-
    ച്ചിച്ഛപോലംബികേന്നിൻ

ചാരുശ്രീപാണിപത്മേവിലസിനഗദയേ-
സ്സന്തതംഞാൻതൊഴുന്നേൻ. ൩൭
വയ്മ്പേറംദുഷ്ടനിലോല്പലനിരകളിൽനി-
ന്നിട്ടുസമ്പത്തെടുത്തി-
ട്ടമ്പോടേശിഷ്ടപത്മങ്ങളിലതുസരസം
വച്ചുവാച്ചോരുകാന്ത്യാ-
നിൻപത്മശ്രീകരാഗ്രേതെളിവൊടുവിലസും
ചക്രമാമക്കബിംബം
സമ്പത്തിങ്ങേകിടേണംസകലജനപരി-
ത്രാണകല്യാണശീലേ! ൩൮
ഗംഭീരസ്നിഗ്ദ്ധപുണ്യശ്രുതിസുഖനിനദ-
ക്കൊണ്ടുദൈത്യൌഘതേജോ-
ഡംഭത്തെപ്പോക്കിയുംസജ്ജനമനസിരസം
നൽകിയുംനന്ദിയോടേ
സമ്പൂർണ്ണേന്ദുപ്രകാശത്തൊടുതവവദനം
ചുംബനംചെയ്യുമമ്മേ!
നിൻപത്മശ്രീകരാഗ്രേവിലസിനദരമെ-
ന്നാർത്തിയെത്തീർത്തിടേണം. ൩൯
ഞാണാകുംമിന്നലോടുംഘനഗുണരവമാം
ഗർജ്ജിതത്തോടുമൊത്തും
ചേണാർന്നോരാത്തുശൌഘപ്രകടഗതികളാൽ
പൂർണ്ണയുദ്ധാർണ്ണവത്തിൽ
താണീടാതേകംബന്ധപ്രകരമുടനെതു-
ള്ളിച്ചുമയ്മ്പേറിടുംനിൻ
പാണൌമിന്നുന്നചാപാംബുദമഴകൊടുമേ
താപനാശംതരേണം. ൪൦
സ്ഥിതിരക്ഷാളോഗ്രഭാവത്തൊടുസകലജന-
ദ്രോഹമാഹന്തചെയ്യും
ദൈത്യേന്ദ്രാഹിരാജപ്രകരമിഹപത-
ങ്ങുന്നപാതാളദേശേ

യ്തൊന്നിൽഭീതിമൂലംതവകരഗതമാ-
　　മാശ്ശൂരംവിശ്വരമ്യ-
ശ്രീതിങ്ങുംമാമപാലിക്കണമലകഖിലം
　　സവ്വരക്ഷൈകദീക്ഷേ! ൪൫
കേടെന്യേപത്തുനൽക്കതിരകളൊടഴകാ-
　　യൊത്തുമേല്പോട്ടുചാടി-
ച്ചാടിച്ചെന്നാർത്താംഗങ്ങളൊട്ടുകട്ടുരവാൽ
　　വിക്രമിച്ചാക്രമിച്ചും
പാടേവൈരിവ്രജത്തെപ്പടനടുവിലര-
　　ത്തംബികേനിൻകരേവാ-
ണീടുംശ്രീമന്മുസൃണ്ഡിസ്ഥടിയനരതിക്കു-
　　ടാതെകൈക്കുപ്പിടുന്നേൻ. ൪൬
ആകാരത്താൽസ്വസാമ്യംതടവിനഭുജമൊ-
　　ത്തുള്ളദൈത്യവ്രജത്തെ
പാകാരാതിസ്തുതശ്രീചരണസരസിജേ!
　　തല്ലിയേററംതകർത്തും
പ്രാകാരാട്ടാലശൈലങ്ങളെയുമിഹപൊടി-
　　പ്പാൻപടുത്വംത്വദീയ-
സ്വീകാരാൽപൂണ്ടുമേവംവിലസിനപരിഘ-
　　ത്തിന്നഹന്ദേവി!വന്ദേ. ൪൭
ഇമ്മട്ടിൽദ്ദിവ്യനാനായുധരുചിരഗുണോ-
　　ല്ലാസഭംഗ്യാവിളങ്ങും
പൂമെയ്പൂണ്ടുംവണങ്ങുംവിധിയുടെമിഴിതൻ
　　മുമ്പിലാവിർഭവിച്ചും
ഭീമത്വംചേർന്നനേക്കംമധുദിതിസുതനും
　　കൈടഭന്നുംഹൃദന്ത-
വ്യാമോഹംചേർത്തനാഥേ!ജയജനനിമഹാ
　　കാളി!കാത്താലുമെന്നെ. ൪൮
കുന്നാക്കുംദേഹമൊക്കുംമഹിഷനെയുമവൻ
　　തൻറസൈന്യങ്ങളേയും

കൊന്നുൾക്കൊമ്പിൽപ്രമോദംപദനതരമര-
മ്മാക്ഷനന്നായ്കൊട്ടുപ്പാൻ
ധന്യാശേഷാച്യുതാദിത്രിദശതനുഗണ-
ത്തിങ്കൽനിന്നുത്ഭവിച്ചോ-
രന്യാകാരംപെട്ടുംനിൻതിരുവുടലിഹമേ
ദേവി!കാണായ്വരേണം. ൪൫
വീണ്ടുംധ്യാനിച്ചിട്ടുന്നോക്കഖിലസുകൃതവും
പാരമേകാൻപടുത്വം
പൂണ്ടുംശ്രീധർമ്മരാജപ്രചുരതരമഹ-
സ്സിങ്കൽനിന്നങ്കുരിച്ചും
കണ്ടാൽകാളുന്നകാന്ത്യാശമനഭഗിനിതാ-
നാണിതെന്നേവനുംധീ-
യുണ്ടാക്കുംനിന്റെവാർപൂങ്കുഴൽമമതരണം
പാപസന്താപനാശം. ൪൬
ചന്ദ്രാൽശ്രീവിളങ്ങുംനിടിലമൊടഴകായ്
ചേൎന്നമങ്ങുള്ളപൊട്ടും
സിന്ദൂരോല്ലാസിഫാലേക്ഷണകിരണഗണം
തഞ്ചിയേററംചുമന്നും
മന്ദത്വംവിട്ടുഭംഗ്യാവിലസുമൊരുഭവൽ-
ഭ്രൂയുഗംസജ്ജനത്താൽ
വന്ദ്യംസന്ധ്യാമഹസ്സഞ്ചയഭവമടിയൻ
ദേവിസേവിച്ചിടുന്നേൻ. ൪൭
ചൊല്ലേറുംവായുതേജോമയരുചിരതര-
ശ്രോത്രമോടൊത്തുചേൎന്നും
വല്ലാതുള്ളോരുദുഃഖാഭിധതിമിരഭരം
തീരെദൂരെക്കളഞ്ഞും
ഉല്ലാസത്തോടുമിന്നുംദഹനബഹുമഹ-
സ്സംഭവംലോചനംതേ
കല്യാണശ്രീവിലാസംഭഗവതി!യടിയ-
ത്തിന്നുടൻതന്നിടേണം. ൪൮

അക്ഷീണംഭക്തലോകത്തിനുധനമധികം
കോരിവാരിക്കൊടുത്തും
രക്ഷിച്ചുംദിവ്യനാനാവിഭവഗണമുദി-
ഷ്ണുംപ്രഭാവംകലൎന്നും
യക്ഷാധീശൻ്റതേജോമയതനുവൊടുചേ-
ൎന്നാനിതാന്തംവിളങ്ങും
ലക്ഷ്മീരംഗംഭവന്നാസികയുടെപുടമി-
ങ്ങേകണംശോകനാശം. ൪൯
ശ്വേതശ്വേതാഭയോടുംപ്രണതജനപരി-
ത്രാണസാമൎത്ഥ്യമോടും
ഭൂതിശ്രീശോഭയോടുംത്രിനയനനൊടുമൊ-
ത്തീശതേജസ്സിൽനിന്ന്
ജാതാനന്ദംജനിച്ചീടിനതവവദനം
ദാനവന്മാൎക്കുഭീമം
സ്ഫീതശ്രീസോമരമ്യംമമമനസിരസ-
ത്തോടുകൂത്താടിടേണം. ൫൦
ചാരുത്വദ്വക്ത്രമാകുംശശിയൊടുസതതം
കൂടിയുംദക്ഷതേജ-
സ്സാരംകൊണ്ടുത്ഭവിച്ചുംകിമപിമുകുളമാം
മുല്ലപോലുല്ലസിച്ചും
താരാസന്ദോഹമോയെന്നഖിലജനമന-
സ്സിങ്കലുംശങ്കചേൎത്തും
സ്വൈരംമിന്നുംത്വദീയംരദഗണമധികം
സൌഖ്യമുണ്ടാക്കണെംമേ. ൫൧
പ്രൌഢശ്രീചക്രശംഖാംബുജഗദകൾമുതൽ-
ക്കുള്ളദിവ്യായുധൌഘം
ഗാഢശ്രീയോടെടുത്തുംഖലദിതിജകുലം
സംഗരേസംഹരിച്ചും
കോടക്കാർവൎണ്ണമൊത്തുംഭുവനമഖിലവും
കാത്തുമോദംവിളങ്ങും

മോടിപ്പെട്ടോരുയുഷ്മൽപദനവപൃഥുഭുജ-
ങ്ങൾക്കുതോഷാൽതൊഴുന്നേൻ. ൩൨
ആലോചിയ്ക്കുമ്പൊളച്ഛന്നമിതഗുണഗണം
ചെയ്യുകെന്നുള്ളധർമ്മം
ശീലംചേരുന്നപുത്രന്നധികമൊരഴകാ-
ണെന്നുകാണിച്ചുകൊണ്ട്
ചേലൊത്തീടുംവസുക്കൾക്കുടയബഹുഗുണ-
ശ്രേഷ്ഠമായുള്ളതേജ-
സ്സാലുണ്ടായോരുനിൻതൃക്കരവിരൽവസുസ-
മ്പൂർത്തിയെച്ചേർത്തിടുന്നു. ൩൩
താരശ്രീപൂണ്ടമുക്താമണിഗണമയമാം
ഹാരജാലംകലർന്നും
പാരംധാവള്യമാർന്നുംസകലഗുണമൊട-
ങ്ങെത്രയുംവൃത്തമൊത്തും
പാരാതോരംവിളങ്ങുംഹിമകിരണമഹോ-
ജാതമാകുംത്വദീയം
ചാരുരോജദ്വയംമേകളയണമനിശം
വന്നുകൂടുന്നതാപം. ൩൪
തന്നൽക്കർഷോനിമിത്തംത്രിഭുവനനിലയ-
ന്മാരശേഷംപ്രദത്തം
തന്നിൽസ്സമ്പൂർണ്ണരാഗംസതതമപിചുമ-
ക്കുന്നമൂലംചുമന്നും
ധന്യശ്രീമത്സുധർമ്മാശ്രിതസകലജന-
ങ്ങൾക്കുമൊരാന്നിഷേവ്യം
നിന്നോമന്മദ്ധ്യഭാഗംനിരുപമകരുണേ!
നീക്കണംദുഷ്കൃതംമേ. ൩൫
അന്യന്മാരാകവർണ്ണാന്താളൊട്ടുമമിതമാ-
യോരുവിസ്താരമോടും
നന്നായിച്ചേർന്നലോകോത്തരഗുരുതകല-
ർന്നുത്തമാധാരമായി

മന്നിൻതേജസ്സുകൊണ്ടേററവുമഴകൊഴുകും
മട്ടിലുണ്ടായ്നിതാന്തം
മിന്നിടുംനിൻനിതംബേനിയതമടിയനാ-
ലംബമമ്മേ! പ്രസീദ. ൪൬
രാജിക്കുംസുന്ദരത്വംമൃതുലനലഹരീ
പൂർണ്ണമായിപ്രഫേത-
സ്സുജസ്സഞ്ജാതമായുള്ളൊരുതവകളേ
ചാരുനിലോർമ്മുമേ
ആജിഭൂപസ്ത്വാരിസംഘേലശരധിസദൃശമാ
യുള്ളനിൻജംഘരണ്ടും
വ്യാജംകൂടാതെഭക്ത്യാവിവിധതരവിപൽ-
ക്ലാന്തനാം ഞാൻതൊഴുന്നേൻ. ൪൭
പൂമാതിൻഗേഹമായിസ്സകലപരമഹം-
സാളിസംസേവ്യമായി-
സ്സീമാതീതപ്രഭാവാംബുരുഹഭവമഹഃ
പുഞ്ജസഞ്ജാതമായി
ഭീമാജ്ഞാനാന്ധകാരപ്രശമമൊടുവിട-
ന്നുല്ലസിക്കുന്നശോണ-
ശ്രീമൽപ്പാദാംബുജം തേ തരണമടിയനായ്-
മേദുരാമോദഭാരം. ൪൮
കീർത്തിശ്രീപൂണ്ടിടുംനിൻചരണസരസിജ-
ങ്ങൾക്കശോഭാവിശേഷം
ചേർത്തുംതന്നെബ്ഭുജിപ്പോക്ഷഴകൊടുതിമിര-
ക്ലേശനാശംകൊടുത്തും
ചീർത്തിടുംശോഭതേടുംദിനകരഭഗവാ-
ന്തന്റെതേജസ്സമൂഹം
തീർത്താരാതപൽപ്പദാബ്ജാംഗുലികൾസുഖമിനി-
ക്കേകണംലോകനാഥേ! ൪൯
ഈവർണ്ണംഭൂരിവർണ്ണംതടവിടുമുടൽപൂ-
ണ്ടെത്രയുംചിത്രമായി-

ദ്ദേവപ്രദ്വേഷിയാകുംമഹിഷനുടെമഹാ-
മസ്തകേനൃത്തമാടി
ആവിർമ്മോദംസുരന്മാൎക്കഖിലവുമധികം
ചേൎത്തനിൎമ്മൂൎത്തിയേററം
സേവിപ്പാനുള്ളയോഗംതരണമടിയനായ്
വമ്പെഴുംതമ്പുരാട്ടി. ൬൦
മാലാംഭോജങ്ങൾ,ബാണാസികൾ,കുലിശഗദാ
ശംഖചക്രങ്ങൾ,ചാപം,
ശ്ശൂലം,കോടാലി,ചൎമ്മം,മണി,വടി,കയർ,നൽ-
ക്കിണ്ടി,പൊൻപാനപാത്രം
വേലെന്നുള്ളായുധങ്ങൾക്കുടയൊരുമഹിമാ
വെന്തുഞാൻഹന്തചൊൽവു
ചാലേനിൻകൈകളിൽച്ചേൎന്നവകുടിമതിയായ്
ത്തന്നെവാഴുന്നുവല്ലോ. ൬൧
ഭക്തന്മാർതൻസഹസ്രംസതതമപിസമ-
ൎപ്പിച്ചിടുന്നൎത്ഥമൊപ്പം
വ്യക്തംവാങ്ങുന്നതിന്നോസകരുണമവർകൾ-
ക്കിഷ്ടമേകുന്നതിന്നോ
യുക്തധ്യാനൈകഗമ്യേ!ഭവതിസതതവും
സ്വീകരിക്കുംസഹസ്രം
തൃക്കൈകൾക്കായ്തൊഴുന്നേൻവരമടിയനുനൽ
കേണമേക്ഷീണമെന്യേ. ൬൨
ഏ്വംനാനാഗുണംചേൎന്നതിസുകൃതിമനഃ
പ്പങ്കജത്തിങ്കൽനിത്യം
മേവുംനിൻദിവ്യരൂപംഭഗവതി!ദൃഢമാ
യോൎത്തുചീൎത്തോരുഭക്ത്യാ
സേവിക്കുംപുണ്യവാനാംപുരുഷനയിമഹാ
ലക്ഷ്മി!വൃത്രാരിമുമ്പാം
ദേവന്മാൎക്കുംത്രിലോകത്തിനുമധിപതിയായ്-
വന്നിടുംവാദമില്ല. ൬൩

സ്സമ്പത്തുംഭുക്തിയുംമുക്തിയുമയിതവസൽ
ഭക്തിയുംദേവി!കിട്ടാൻ
നിമ്പത്തിൽഭാരമേല്പിച്ചഹമിഹകുറെനാ-
ളായിസേവിപ്പതല്ലോ
അമ്പുൾക്കാമ്പിൽത്തുളുമ്പുംഭഗവതി!പരമൌ
ദാൎയ്യവീൎയ്യാദിലക്ഷ്മീ-
സമ്പൂൎണ്ണേ!കാമമെല്ലാമടിയനുതരുവാ-
നെന്തമാന്തംനിതാന്തം ൬൪
കാലംനന്നല്ലിതൊട്ടുംകലിമലമയമാ-
ണെന്നമൂലംനിനച്ചാൽ
ചാലേനിന്നിഷ്ടമേകുന്നതിനുവിഷമമെ
ന്നേവമോതാവതല്ല
കാലപ്രധ്വംസിതേജോമയമുഖകമല-
ത്തിങ്കലെഭ്രൂവഭേദ-
ത്താലീക്കാലാതിദോഷാസകലവുമകലാ
താകുമോലോകനാഥേ! ൬൫
നിയ്യേററംപാപവാനാണെറികസുകൃതിയ-
ല്ലെന്നമൂലംതവേഷ്ടം
വയ്യേകാനെന്നിവണ്ണംമയിബതകുറവും
കുററവുംഃകററിട്ടന്നോ
നിയ്യല്ലേസൎവ്വകാലങ്ങളിലുമടിയനെ
ക്കൊണ്ടുകൎമ്മങ്ങളേവം
ചെയ്യിച്ചിട്ടുള്ളതെല്ലാംഭഗവതി!യടിയൻ
ചട്ടുകപ്രായനല്ലേ? ൬൬
പാരാതേസൎവ്വലോകങ്ങളിലുമഴകെഴും
ജ്ഞാനമായ്നിദ്രയായി-
ട്ടോരോകാൎയ്യങ്ങൾചെയ്യാനൊരുനിപുണതയാ
യോക്കിൽമറെറാക്കെയായി
സ്വൈരംനിന്നിട്ടുസൎവ്വേന്ദ്രിയമനവരതം
പ്രേരണംചെയ്യിട്ടുംനിൻ

ചാരുശ്രീചേർച്ചവടിത്താരടിയനുശരണം
    പിന്നെമററൊന്നുമില്ല. ൬൭
ശംഭുപ്രാണാധിനാഥയ്ക്കുടയൊരുടലിൽനി
    ന്നിട്ടുസംഭൂതയായി-
സ്തംഭംവിട്ടിന്ദുവന്ദിച്ചിട്ടുമതിധവള-
    ശ്രീയ്യെഴുംമെയ്യിണങ്ങി
സുംഭൻമുമ്പായവമ്പുള്ളസുരവരകുലം
    സംഹരിച്ചമ്പർകൾക്കായ്
ജൃംഭിച്ചാനന്ദമേകീടിനജനനി!മഹാ
    വാണി!വന്ദിച്ചിടുന്നേൻ. ൬൮
അമ്പുംവില്ലുംവിളങ്ങുംമുസലകിരികളും
    ശൂലവുംഖഡ്ഗവുംപോർ
വമ്പേറുംചക്രശംഖങ്ങളുമഴകിലെഴ-
    നഷ്ടബാഹുക്കൾക്കുണ്ടും
സമ്പൂജിയ്ക്കുന്നവർക്കൊക്കെയുമറിവഖിലം
    നൽകിയുംശുദ്ധസത്വം
കമ്പംകൂടാതെചേർന്നുംവിലസുമൊരുശിവേ!
    തുള്ളുകെന്നുള്ളിലെന്നും. ൬൯
നീതാൻനിർമ്മിച്ചുമുന്നംമധുമഥനനെയും
    മാന്യയാംഗൌരിയേയും
നീതാൻധാതാവിനേയുംരമയെയുമഴകാം
    മട്ടുസൃഷ്ടിച്ചുമുമ്പിൽ
നീതാൻവാഗ്ദേവിയേയുംത്രിപുരഹരനെയും
    തീർത്തുപണ്ടോർത്തുകണ്ടാൽ
മാതാവുംതാതനുംനീയിഹസകലജഗ-
    ത്തിന്നുമമ്മേകുരുംബേ! ൭൦

ഇങ്ങിനെ ശ്രീകുരുംബാദേവീമാഹാത്മ്യസ്തോത്രം
സമ്പൂർണ്ണമായി.

## പൂജാവിധി

# ധ്യാനം.

---

സൎവ്വത്തിന്നുമോരാദിഭൂതേ!ദേവീ!
സൎവ്വവ്യാപ്തേ!ഗുണത്രയരൂപിണി!
സൎവ്വാധീശ്വരാധീശ്വരിഞങ്ങളേ-
സൎവ്വദാരക്ഷിച്ചാലുംമഹാലക്ഷ്മി! ൧
നാലുതൃക്കൈകളിൽഗ്ഗദാവട്ടക
ഖേടലോകളംചൎമ്മംമാതുളനാരങ്ങ
മൌലിയിൽപ്പാമ്പുയോനിലിംഗമിവ
ചാലേഭംഗ്യാധരിച്ചുവിളങ്ങിയും. ൨
തപ്തകാഞ്ചനവൎണ്ണംകലൎന്നുംനൽ
തപ്തകാഞ്ചനാലങ്കാരങ്ങൾപൂണ്ടും
എത്രയുംപ്രകാശിച്ചഭവതിത-
ന്നുത്തമരൂപംഞാനിതാകൂപ്പുന്നേൻ. ൩
ലക്ഷ്യമായൊരീത്വത്സ്വരൂപംമഹാ-
ലക്ഷ്മി!ദേവി!മേകാണായ്വരേണമേ
അക്ഷീണകൃപാമൃതേ!ഭവതിയൊ-
ന്നക്ഷികൊണ്ടുകടാക്ഷിച്ചുകൊൾകമാം. ൪
ഘോരമാകുംപ്രളയത്തിൽസ്ഥൂലമാ-
യോരുരൂപമശേഷംനശിക്കയാൽ
പാരംസംസ്കാരമാത്രമായ്ത്തീൎന്നൊരീ-
പ്പാരഖിലംനിറഞ്ഞുനിരന്തരം. ൫
ലക്ഷ്യമല്ലാതെയുള്ളഭവദ്രൂപ-
മക്ഷീണജ്ഞാനമാത്രംതൊഴുന്നേൻഞാൻ
സാക്ഷാൽമായേ!ഭവതിജഗത്തേവം
വീക്ഷിച്ചിട്ടന്യരൂപത്തെക്കൈക്കൊണ്ടാൾ. ൬

ചട്ടറ്റൊരാരാത്തിരുമെയ്യിൻമാഹാത്മ്യ-
മൊട്ടല്ലെത്രയുംശോഭനംശോഭനം
പൊട്ടിച്ചഞ്ജനക്കല്ലിന്റെവണ്ണത്തെ
മറ്റിച്ചീടുന്നകാന്തിപ്രവാഹവും. ൭
ദംഷ്ട്രാശോഭിതവക്ത്രേന്ദുബിംബവും
മുഷ്ടിയിലൊതുങ്ങീടുന്നമദ്ധ്യവും
സ്പഷ്ടമായനമ്പുംവിസ്താരവുംകൂട്ടും
ദൃഷ്ടിപത്മവുംസ്നിഗ്ദ്ധകടാക്ഷവും. ൮
ഉടലിൽനല്ലാരാഭരണമായി-
ട്ടുടലുകൾകൊണ്ടുള്ളൊരുമാലയും
തലയിലതുപോലെതന്നെഭംഗ്യാ
തലകൾകൊണ്ടുതീൎത്തൊരുമാലയും. ൯
വടിയിൽക്കളത്തിക്കോൎത്തകഴുത്തുള്ള
നെടുതായതലയുംപരിചയും
വടിവേറിയവട്ടകയുംവാളു-
മുടയനാലുതൃക്കരാബ്ജങ്ങളും. ൧൦
അധികഭംഗിയോടേകലൎന്നനിൻ
മധുരാകാരംമംഗളംമംഗളം
മധുകൈടഭനാശനാൎത്ഥംപണ്ടു
വിധിദൎശിതംഞാനിതാകുപ്പുന്നേൻ. ൧൧
ഇങ്ങിനേരണ്ടുരൂപങ്ങൾപൂണ്ടീടും
നിങ്ങൾതങ്ങളിലില്ലൊരുഭേദവും
എങ്കിലുംമഹാലക്ഷ്മിയെമാത്രംവെ-
ന്നങ്ങിനേഭാവിച്ചാതിനാൾതാമസി. ൧൨
അമ്മേ!ചൊന്നാലുമെന്നുടെനാമവും
കൎമ്മവുമങ്ങത്തായിതാകുപ്പുന്നേൻ
ഇമ്മട്ടിൽമഹാലക്ഷ്മിയാമങ്ങുന്നു
ചെമ്മേതാമസിവാക്കുകേട്ടോതിനാൾ. ൧൩
കീൎത്തിച്ചീടുന്നേൻഞാനിന്നുനിന്നുടേ
പേരുത്തുംകൎമ്മാനുരൂപനാമങ്ങളേ

ശ്രീമഹാമായശ്രീമഹാകാളിനീ
ശ്രീമഹാമാരിനിദ്രാക്ഷുധാതൃഷ്ണ. ൰൪
ഏകവീരാതൃഷാഖ്യാദ്ദരത്ന്യയ-
യാകുന്നകാളരാത്രിയെന്നിങ്ങിനെ
നന്മയേറുമിപ്പത്തുനാമത്താൽനിൻ
കമ്മമെല്ലാമറിഞ്ഞവർചൊല്ലുകിൽ. ൰൫
കൽമഷമെല്ലാംപോകുമവനുടൻ
നിമ്മലനിത്യാനന്ദംഭവിച്ചീടും
ഹന്തഗഭ്ത്തിൽസവ്വജ്ഞനായ്വാഴും
ജന്തുവിന്നുപിറന്നോരനന്തരം. ൰൬
അന്ധതാപംചേക്മൂലംനിനക്കുണ്ടായ്
ചന്തത്തിൽമഹാമായയെന്നുള്ളപേർ
പണ്ടുപണ്ടേറാംചെയ്യോരുകമ്മങ്ങൾ-
ക്കുണ്ടാകുംബഹുവാസനയെച്ചേത്തു. ൰൭
കുണ്ടാമണ്ടിയാംമോഹത്തെനൽകുന്ന-
കൊണ്ടുംനീമഹാമായയായീശ്വരി!
ഞാനിതെന്നുമിതെൻറയെന്നുമുള്ളിൽ
ജ്ഞാനമേറാമുറപ്പിച്ചുലോകത്തെ. ൰൮
നാനാമട്ടിൽഭ്രമിപ്പിപ്പതുകൊണ്ടും
നൂനംനീമഹാമായയായീശ്വരി!
അമ്മതൻെറമടിയിൽക്കരേറേണ
മമ്മിഞ്ഞപ്പാൽകുടിച്ചുകളിക്കേണം. ൰൯
ഇമ്മട്ടാഗ്രഹംലോകക്കുനൽകയാൽ-
ച്ചെമ്മേനീമഹാമായയായീശ്വരി!
അപ്പംവേണമടവേണംനിത്യവും
നല്ലൊന്നോതിരംമാലയിവവേണം. ൨൦
ഇപ്പടിലോകക്കാഗ്രഹമേകയാൽ
കെല്പോടേമഹാമായയായ്ദേവി!നീ.
വിദ്യകൾവേണംവിഖ്യാതിവേണംന
ല്ലുദ്യോഗംവേണമുൽകൃഷ്ടനാകേണം. ൨൧

ഇത്യാദികാമംലോകൎക്കുചേൎക്കയാൽ
നിത്യേ!നീമഹാമായയായീശ്വരി!
ആൎയ്യസൌന്ദൎയ്യമാധുൎയ്യസൌശീല്യ
സ്ഥൈൎയ്യാദിഗുണപൂൎണ്ണയാംബാലികാ. ൨൨
ഭാൎയ്യയാകേണമെന്നിലവൾക്കേററം
സ്ഥൈൎയ്യമോടനുരാഗമുണ്ടാകേണം
മേടകൾവേണംമേളിച്ചിരിക്കുവാൻ
മോടികളതിലേററംവരുത്തേണം. ൨൩
പാടേഭോജനാദിക്കുചിതങ്ങളാ-
യീടുംസൎവ്വവിഭവങ്ങളുംവേണം
വമ്പേറമോരോകാഴ്ചകളിൽച്ചെന്നു
തൻപ്രതാപംമുഴവനുംകാട്ടേണം. ൨൪
സമ്പത്തുവേണംസംഖ്യയില്ലാതേററം
സമ്പൂൎണ്ണഗുണസന്തതിയുംവേണം
ശത്രുവൎഗ്ഗത്തെസ്സൎവ്വവുംസംഹരി-
ച്ചത്രനല്ലോരുമാനംനേടീടേണം. ൨൫
മിത്രവൎഗ്ഗത്തിന്നിഷ്ടമെല്ലാംകൊടു-
ത്തത്രയുംപുനരുത്തമനാകേണം
നിത്യവുംലോകരാബാലവൃദ്ധമായ്
ചത്തുചത്തൊടുങ്ങുന്നതുകണ്ടാലും. ൨൬
ചിത്തത്തിലതിൻതത്വമറിഞ്ഞിടാ-
തിത്ഥമോരോരോകാമസമുദ്രത്തിൽ
മുങ്ങിമുങ്ങിക്കരയേത്തുംകാണാതേ
മങ്ങിമങ്ങിമയങ്ങിക്കുഴങ്ങുന്നു. ൨൭
ഇങ്ങിനെവിശ്വമൊക്കെഭ്രമിപ്പിപ്പ-
തങ്ങുന്നാകയാൽനീമഹാമായയായ്
കാമഭംഗംനിമിത്തമതിമാത്രം
കേമമായ്ക്രോധമേകിജ്ജനങ്ങളെ. ൨൮
വ്യാമോഹിപ്പിച്ചീടുന്നതുകാരണം
ശ്രീമഹാമായയായ്നീഭഗവതി

അത്രതന്റെമതത്തിൻവിരുദ്ധമായ്-
പ്പുത്രമിത്രകളത്രഭൃത്യാദികൾ. ൨൯
എത്രയുംപ്രവൃത്തിക്കുന്നമൂലവും
ശത്രുലോകാപരാധങ്ങൾമൂലവും
ചിത്തത്തിലതിമാത്രമായ്ക്രോധാഗ്നി
കത്തിക്കത്തിജ്വലിപ്പിച്ചുലോകത്തെ. ൩൦
ചിത്രമായിട്ടുതുള്ളിക്കുമ്പോലയി
സുത്രാമസ്തുതേ! നീമഹാമായയായ്
ക്രോധംപോലെമഹാനിന്ദ്യമായൊരു
സാധനമില്ലലോകത്തിലെന്നേവം. ൩൧
ബോധമുള്ളോൎക്കുംക്രോധത്തെച്ചേൎക്കയാൽ
സാധുവന്ദ്യേ! മഹാമായയായിനി
ഇരക്കാൻനിജബന്ധുതുനിഞ്ഞാലും
തരക്കേടുകളെന്തൊക്കെവന്നാലും. ൩൨
മരിക്കുമിപ്പോളെന്നുവരികിലു-
മരക്കാശുംകൊടുക്കുകയില്ലഞാൻ
ഇത്ഥമുള്ളോരുറപ്പോടുസൂക്ഷിക്കു-
മൎത്ഥമൊക്കെയുംവ്യൎത്ഥമാകുംവിധം. ൩൩
ചിത്തേലോഭംജനങ്ങൾക്കുചേൎക്കയാൽ
നിത്യേ! നീമഹാമായയായീശ്വരി
എന്നുമൊന്നുംചിലവുചെയ്യാത്തൎത്ഥ-
മൊന്നുമില്ലാത്തപോലെതാൻനിന്നീടും. ൩൪
എന്നതുമല്ലചോരാദിബാധയാൽ
വന്നിടുമാപത്തിന്നൊരുമൂലമാം
നന്നായിട്ടിതറിയാമഖിലൎക്കു-
മെന്നാലുമങ്ങിദ്ദോഷമുണ്ടാംവിധം. ൩൫
കുന്നിക്കുംലോഭംലോകൎക്കുചേൎക്കയാൽ
വന്നുനിൻപേർമഹാമായയെന്നേവം
എന്നുടെമാനമൊക്കെനശിച്ചാലു-
മെന്നുടേധനമെല്ലാംമുടിഞ്ഞാലും. ൩൬

എന്നിൽസ്നേഹംദൃഢമാൎന്നുലരുന്ന
ധന്യന്മാരെല്ലാമേററമിടഞ്ഞാലും
എന്നതുമല്ലനമ്മുടെജീവൻപോ-
മെന്നുള്ളമഹാദോഷംഭവിച്ചാലും. ൩൭
കുന്നൊക്കുംകൊങ്കയാളാമിവളെഞാൻ
കുന്നിക്കുമപേക്ഷിക്കില്ലനിൎണ്ണയം
എന്നിവണ്ണംപലപലമാതിരി
വന്നുകൂട്ടുംവ്യസനങ്ങളെച്ചേൎത്തു. ൩൮
ഒന്നായ്വിശ്വമശേഷംഭ്രമിപ്പിച്ചീ-
ട്ടുന്നമൂലംമഹാമായയായിനീ
ഇപ്രകാരംപലതരംലോകത്തെ
ക്ഷിപ്രംമോഹിപ്പിച്ചീടുംമഹാകാളി. ൩൯
അപ്രമേയപ്രഭാവേമഹാമായേ!
ത്വൽപാദാബ്ജംശരണംശരണംമേ
ഈമട്ടുനിൻമഹാമായയെന്നുള്ള
നാമത്തിന്നെഴുമൎത്ഥംനിരൂപിച്ചു. ൪൦
സാമോദംതിരുനാമങ്ങളെപ്പാടി
പ്രേമത്തോടേനിൻതൃക്കാൽനമിക്കുന്നേൻ
ശ്രീമഹാമായയെന്നുതുടങ്ങിയ
നാമങ്ങളങ്ങയ്ക്കീവിധമിട്ടടൻ. ൪൧
ശ്രീമഹാലക്ഷ്മിയായനീനിൎമ്മല-
സോമശോഭയുള്ളന്യത്രൂപംപൂണ്ടോൾ
വീണാപുസ്തകമാലാങ്കുശങ്ങളെ
പാണികൾനാലിലേന്തീടുമാരൂപം. ൪൨
ചേണാൎന്നശുദ്ധസത്വഗുണമയം
കാണേണംഭവദീയംസദാമമ
ശ്രീമഹാവിദ്യാഭാരതീവാഗാത്മാ
ശ്രീമഹാവാണിബ്രാഹ്മീസരസ്വതി. ൪൩
കാമധേനുത്രയീഗൎഭാധീശ്വരീ
നാമങ്ങളിവയിട്ടാൾനിനക്കുനീ

ശ്രീമഹാവാണിയ്ക്കുനാപത്ഥങ്ങളായ
നാമങ്ങൾപത്തുഭംഗിയോടിട്ടുടൻ. ൪൪
ശ്രീമഹാകാളിവാണിമാരോടേവം
ശ്രീമഹാലക്ഷ്മിയങ്ങുന്നരുൾചെയ്തു
ഉണ്ടാക്കീട്ടുവിൻനിങ്ങൾവഴിപോലെ
രണ്ടുപേരുംമിഥുനത്തെവെവ്വേറെ. ൪൫
കൊണ്ടാടിക്കൊണ്ടിവണ്ണമുരച്ചുടൻ
തണ്ടാർവാസിനിയായമഹാലക്ഷ്മി
ചാരുരൂപവിശേഷംചേരുന്നോരു
നാരിയേയുംനരനേയുംനിർമ്മിച്ചാൾ. ൪൬
പാരാതായവർശോഭിച്ചതാമര-
ത്താരിന്നുള്ളിൽഹിരണ്യഗർഭന്മാരായ്
ധാതാവേവിധേബ്രഹ്മൻവിരിഞ്ചയെ-
ന്നോതിനാമങ്ങളപ്പുമാനപ്പോൾനീ. ൪൭
ശ്രീദേവിപത്മേലക്ഷ്മികമലേഹേ
മാതാവേയെന്നാപ്പെണ്ണിന്നുപേരിട്ടു
ശ്രീമഹാലക്ഷ്മികല്പിച്ചതുപോലെ
ശ്രീമഹാവാണിയായഭവതിയും. ൪൮
കേമനായൊരുപൂരുഷനെത്തീർത്താ-
ളാമട്ടിലൊരുപെണ്ണിനേയുംതീർത്താൾ
ഇന്ദ്രനീലസമാനഗളത്തോടും
ചന്ദ്രലേഖയണിഞ്ഞശിരസ്സോടും. ൪൯
ചന്ദ്രനോക്കാൾവെളുത്തദേഹത്തോടും
മന്ദതവിട്ടുരക്തഭുജത്തോടും
ഉത്തമഗുണമാഹാത്മ്യത്തോടുംചേ-
ന്നെന്ത്രയുംവിളങ്ങീടിനാനപ്പുമാൻ. ൫൦
മുത്തുപോലെവെളുത്തതിരുമേനി-
യൊത്തുകൊണ്ടേററമപ്പെണ്ണുംശോഭിച്ചു
സൈപരംപിന്നെക്കപർദ്ദിത്രിലോചനൻ
ശ്രീരുദ്രൻസ്ഥാണുശങ്കരനെന്നേവം. ൫൧

ചേരുമാറുള്ളപേരുകളിട്ടാളാ-
പ്പൂരുഷന്നുമഹാകാളിദേവി!നി
വിദ്യ,യക്ഷരാ,ഭാഷാ,സ്വരാ,ത്രയീ,
ഏദ്ര്യയാം,കാമധേനു,വെന്നിങ്ങിനേ. ൩൨
വിദ്യോത്തമാനയായോരാപ്പെണ്ണിന്നു-
മുദ്ര്യൽകൌതുകംപേരുകളിട്ടുനീ
ഭാരതിയാന്നിഷ്ടപ്പൂണ്ടുഞാനൊരു
പൂരുഷനെയുംനാരിയേയുംതീൎത്തു. ൩൩
ഗൌരിയാണതിൽപ്പെണ്ണുനിറംകൊണ്ടു
പൂരുഷനതികൃഷ്ണന്മദനാഹരൻ
വിഷ്ണോഹേഹൃഷീകേശ!ജനാൎദ്ദന!
കൃഷ്ണ!ഹേവാസുദേവ!യെന്നിങ്ങിനേ. ൩൪
അപ്പുമാനെവിളിച്ചാളുഴകോടേ
കെല്പേറുംമഹാപ്രാണിയായോരുനീ
ചണ്ഡി!ഗൌരി!സുഭഗേ!ശിവേ!സതി!
വന്ദ്യയാമുമേ!സുന്ദരിയെന്നേവം. ൩൫
പുണ്യവാന്മാർഭജിയ്ക്കുംഭവതിയാ-
പ്പെണ്ണിനേവിളിച്ചീടിനാളാദരാൽ
ദേവിമാരായനിങ്ങളുടനേതാ-
നിവണ്ണംപുരുഷന്മാരുമായിനാർ. ൩൬
കേവലജ്ഞാനചക്ഷുസ്സുചേൎന്നവ-
രീവിധമുള്ളനിങ്ങളേക്കാണുന്നു
നല്ലോരീഭൂവദ്ദിവ്യരൂപങ്ങളേ-
തെല്ലാംകണ്ടിടാമാംസ്വചക്ഷുസ്സുകൾ. ൩൭
കല്യാണഗുണമേറുംഭവതിമാ-
ൎക്കെല്ലാവൎക്കുംഞാൻപ്രത്യേകംകല്പിക്കുന്നേൻ
നന്മചേരുന്നവിദ്യയേപ്പത്നിയായ്
ബ്രഹ്മദേവന്നുനൽകീമഹാലക്ഷ്മി. ൩൮
ത്ര്യക്ഷന്നേകിനാൾഗൌരിയാംദേവിയെ
ലക്ഷ്മിയേഹൃഷീകേശന്നുനൽകിനാൾ

ബ്രഹ്മദേവൻത്രയീവിദ്യയോടൊത്തീ
ബ്രഹ്മാണ്ഡത്തെമുഴവനുംസൃഷ്ടിച്ചു. ൩൯
സാദരംഗൌരീദേവിയോടൊന്നിച്ചു
ഭേദിച്ചാനത്തുരുദ്രൻമഹാദേവൻ
നാലുംപത്തുമാമീബ്ഭുവനങ്ങളേ-
ച്ചാലേ വിഷ്ണുഭഗവാൻജഗന്നാഥൻ. ൪൦
ലീലയാലക്ഷ്മീദേവിയോടൊന്നിച്ചു
പാലനംചെയ്യാൻവൃദ്ധിയാകുംവിധം
ഇമ്മട്ടിൽസ്സൎവ്വത്തിന്നുള്ളമൂലമാ-
യമ്മയായ്സ്സൎവ്വനാഥൎക്കുംനാഥയായ്. ൪൧
നന്മയോടേവിളങ്ങുന്നതോൎക്കുമ്പോൾ-
ച്ചിന്മയിയാംമഹാലക്ഷ്മിനീയല്ലോ
ലക്ഷ്യാലക്ഷ്യാസ്വരൂപങ്ങളെമഹാ-
ലക്ഷ്മിയാകിയനീതാൻവഹിക്കുന്നു. ൪൨
അക്ഷീണഗുണനാമങ്ങളായിരം
ലക്ഷംപോരാഭവതിക്കുപാൎക്കുമ്പോൾ
ശ്രീമഹാമായയെന്നുതുടങ്ങിയും
ശ്രീമഹാവിദ്യയെന്നുതുടങ്ങിയും. ൪൩
ക്ഷേമദങ്ങളായുള്ളശ്ശുഭതിരു-
നാമങ്ങളെല്ലാംനിന്നുടെയാകുന്നു
ജ്ഞാനരൂപിണിനിന്തിരുമേനിതൻ
നാനാരൂപാവതാരഭേദങ്ങളേ. ൪൪
ആനന്ദംമേന്മേൽവന്നുഭവിക്കുവാൻ
ഞാനോരോന്നോൎത്തുകീൎത്തിച്ചുകൂപ്പുന്നേൻ
നന്ദഗോപന്റെനന്ദിനിയായുണ്ടു
നന്ദയെന്നതിരുനാമവുംപൂണ്ടു. ൪൫
നന്ദിയിൽപ്പിറന്നോരുതവമഹാ-
നന്ദരൂപംസുവൎണ്ണമയംസൎവ്വം
അങ്കുശപാശശംഖചക്രങ്ങൾകൊ-
ണ്ടങ്കിതചതുൎബ്ബാഹുക്കളോടൊത്തു. ൪൬

തങ്കത്താമരപ്പൂവിൽവിളങ്ങുന്ന
നിങ്കഴലിണരംനിത്യംതൊഴുന്നേൻഞാൻ
രക്തവസ്ത്രവുംരക്തമാംവണ്ണവും
രക്തസർവ്വാംഗഭൂഷണജാലവും. ൬൭
രക്തനേത്രവുംരക്തായുധങ്ങളും
രക്തകേശനഖരദന്തങ്ങളും
പാരപോലെപെരുത്തശരീരവും
മേരുപോലെതടിച്ചമുലകളും. ൬൮
ഘോരഭാവവുംഭക്തജനങ്ങളിൽ
കാരുണ്യാധികസൌമ്യസ്വഭാവവും
പാത്രഖൾഗമുസലാഹലങ്ങളേ
ന്തിച്ചിത്രമായെന്തുംനാലുഭുജങ്ങളും. ൬൯
രക്തദന്തിയെന്നുള്ളപേരുംചേരും
രക്തചാമുണ്ഡേയാഗേശ്വരീദേവി
അപ്രമേയചരാചരമായുള്ളോ-
രിപ്രപഞ്ചംനിറഞ്ഞമരുംനാഥേ! ൭൦
സപ്രണയംഭജിക്കുമടിയനെ
ക്ഷിപ്രമങ്ങുന്നുകാത്തുകൊള്ളേണമേ
നീലനീരജനേത്രവുംവാസവ-
നീലനിലമാമംഗപ്രകാശവും. ൭൧
സ്ഥൂലത്തുംഗഘനസ്തനയുഗ്മവും
ചേലുചേരുംചെറുതായമദ്ധ്യവും
അമ്പുകൾനിറഞ്ഞുള്ളൊരുതൂണികളും
വമ്പിച്ചവില്ലെട്ടുകൊന്നതുകളും. ൭൨
ഇമ്പമേറുംമധുരസസൌരഭ്യ-
സമ്പൂർണ്ണാംഭോജമെന്തുന്നതുകളും
ക്ഷുത്തൃഡാഹാജ്വരാദിരോഗവ്രജം
മൃത്യുവെന്നിവയെല്ലാംനശിപ്പിപ്പാൻ ൭൩
പാരംവമ്പുള്ളമൂലഫലാദികൾ
ചേരുംചീരയെടുക്കുന്നതുകളും

പൂണ്ടുശോഭിയ്ക്കുംശാകംഭരീദുൎഗ്ഗേ!
മീണ്ടുംനിന്തിരുമേനി കുപ്പുന്നുഞാൻ. ൧൪
കണ്ടാലുംകൃപശീതശതാക്ഷികൾ
കൊണ്ടൊന്നൊന്നസ്ശൂതക്ഷ ഭഗവതി
വട്ടകചന്ദ്രഹാസംധമരുകം
ഖട്വാംഗമെന്നിവരറകളേന്തുന്നു. ൧൫
എട്ടിൽപ്പാതിഭുജങ്ങളുംനിണ്ടിട-
ന്മെട്ടുനേത്രവുംപീനസ്തനങ്ങളും
ഓമനത്തിങ്കൾക്കൊക്കുന്നദംഷ്ട്രയും
ശ്യാമളാഭയുംപൂണ്ടുവിളങ്ങുന്നു. ൧൬
ഭീമേദേവി!ഭവതിയേകുപ്പുന്നേൻ
കാമദായിനിയായിബ്ഭുവിയ്ക്കുമേ
ഉത്തമതേജോമണ്ഡലഭൂഷേ!
ചിത്രലേപനേ!ചിത്രവിഭൂഷണേ! ൧൭
മിത്രകാന്തിപ്രകാശേനമിയ്ക്കുമെ-
ന്നത്തൽതീൎത്താലുമീശ്വരി!ഭ്രാമരി!
ഇങ്ങിനേയുള്ളനിന്തിരുമേനിതൻ
മംഗളാകാരമൂൎത്തിവിശേഷങ്ങൾ. ൧൮
ഭംഗമാറ്റുള്ളഭംഗിയോടെൻമനോ-
രംഗത്തിങ്കൽവിളങ്ങേണമെപ്പൊഴും
വിണ്ണുതൊട്ടുഭുവനങ്ങൾക്കൊക്കയും
വിണ്ണോർമുമ്പായജീവികൾക്കൊക്കയും. ൧൯
പുണ്യപാപങ്ങൾക്കൊക്കയുമീശ്വരീ!
വൎണ്ണനീയചരിത്രേ!മഹാലക്ഷ്മി!
നന്നായ്നാലുകരങ്ങളിണങ്ങുംനി-
ന്നൊന്നാമത്തെശ്ശരീരംമനോഹരം. ൨൦
വന്ദിച്ചാറാവുംപൂജിച്ചിടുന്നുഞാൻ
മന്ദിച്ചീടാതെഭക്തിതരികമേ
ഭീമബാഹുചതുഷ്ടയമുള്ളോരു
ശ്രീമഹാകാളീവിഗ്രഹംമംഗളം. ൨൧

ശ്യാമളപ്രഭം ദക്ഷിണപാൎശ്വത്തിൽ
പ്രേമത്തോടോത്തു പൂജിച്ചീടുന്നേൻ ഞാൻ
ഇത്തരം മഹാവാണിയാം ദേവിത-
ന്നുത്തമാകാരം സൎവ്വവിദ്യാകരം. ൮൨
എത്രയും ഭക്ത്യാ വാമപാൎശ്വം തന്നി-
ലത്ര നന്നായ് നിനച്ചു പൂജിക്കുന്നേൻ
അമ്മേ! ഭാൎയ്യാസമേതന്മാരായീടും
ബ്രഹ്മവിഷ്ണുമഹേശ്വരന്മാൎകളേ. ൮൩
ചന്തമേറും നിൻ പൃഷ്ഠഭാഗത്തിങ്കൽ
ച്ചിന്തിച്ചാറവും പൂജിച്ചീടുന്നേൻ ഞാൻ
നടുവിൽ ബ്രഹ്മദേവനും വാണിയും
നിടിലാക്ഷനും ഗൌരിയും ദക്ഷിണേ. ൮൪
ഇടത്തേപ്പുറത്തംബുജനേത്രനും
മടുത്താൎമകളാകിയ ലക്ഷ്മിയും
തങ്ങൾ തങ്ങൾക്കുള്ളമ്മമാരെക്കണ്ടു
തിങ്ങിവിങ്ങും പരമാനന്ദം പൂണ്ടും. ൮൫
മംഗളമോടമരും സ്വഭാവത്തെ
മങ്ങാതോരോത്തോൎത്തു പൂജിച്ചീടുന്നേൻ ഞാൻ
പത്തുമെട്ടും ഭുജങ്ങൾ കലൎന്നിട്ടു-
മുത്തമകാളീവാണിമാരൊന്നിച്ചു. ൮൬
പത്തുമെട്ടും ഭുജങ്ങൾ ചേരും തവ
നിത്യമാം രൂപം ഭക്ത്യാ ഭജിക്കുന്നേൻ
ശ്രീമഹാകാളിയായ് വിളങ്ങുന്നതും
ശ്രീമഹാവാണിയായ് വിളങ്ങുന്നതും. ൮൭
ശ്രീമഹാലക്ഷ്മി നീ താനെന്നിങ്ങിനേ
മാമുനീശ്വരന്മാരരുൾ ചെയ്യുന്നു
തൽക്ഷണം തന്നെ സൎവ്വാരിഷ്ടങ്ങളും
പ്രക്ഷയിക്കുവാൻ കാലമൃത്യുക്കളെ. ൮൮
ദക്ഷിണോത്തരഭാഗങ്ങളിൽ തവ
ശിക്ഷയിൽ പൂജിക്കുന്നേൻ മഹാലക്ഷ്മി!

സൎവ്വകമൂലഭൂതയായീടുന്ന
സൎവ്വരൂപിണി! നിൻപൂജനം ചെയ്യുകിൽ. ൯൯
സൎവ്വദേവാദിപൂജനത്തിൻഫലം
നിൎവ്വിവാദമവനനുഭവിച്ചിടും
ആദ്യമിന്നു ഞാൻ പൂജിക്കുന്നേനൎഘ്യം
പാദ്യമാചമനീയമിവകൊണ്ടും. ൱൦
ഹൃദ്യശ്രീമണിതങ്കപ്രകാശങ്ങൾ
വിദ്യോതിക്കുന്നലങ്കാരങ്ങൾകൊണ്ടും
കൽഹാരോല്പലകഞ്ജകുസുമങ്ങൾ
മുല്ലപ്പൂവുകൾ പിച്ചകപ്പൂവുകൾ. ൱൧
വില്വപത്രം തുളസീപത്രമിവ-
യെല്ലാംകൊണ്ടും ഞാനൎച്ചനം ചെയ്യുന്നേൻ
അക്ഷതശുഭമുണ്ടാക്കീടും വിധ-
മക്ഷതങ്ങൾകൊണ്ടൎച്ചിച്ചിടുന്നേൻ ഞാൻ. ൱൨
അക്ഷയഗുണധൂപങ്ങളെക്കൊണ്ടും
ലക്ഷം മംഗളദീപങ്ങളെക്കൊണ്ടും
രക്ഷാദീക്ഷിതേ! സൎവ്വേശ്വരി! മഹാ-
ലക്ഷ്മി! താവകപൂജനം ചെയ്യുന്നേൻ. ൱൩
ഭക്ഷ്യങ്ങൾ പലതൊന്നിച്ചു ഭക്തൈക-
ലക്ഷ്യരൂപേ! ഞാൻ നൈവേദ്യം നൽകുന്നേൻ
പായസങ്ങൾ പലതരം ശൎക്കരെ-
പ്പായസം സിതാദുഗ്ദ്ധാജ്യപായസം. ൱൪
മായമെന്യേ മധുരരസം ചേരും
കായകൾ പലതെന്നിവയൊക്കെയും
സ്വാദുകൂട്ടും വിധത്തിൽ ചമച്ചിട്ടു
മേദുരഭക്ത്യാ ഞാനിതാ നൽകുന്നേൻ. ൱൫
മോദമോടിവ സൎവ്വവും ഞാൻ തരും
മോദകാദിയും സ്വീകരിക്കേണമേ
കസ്തൂരി ഹരിചന്ദനചന്ദ്രാദി
വസ്തുജാലത്താൽ തീൎത്ത വിലേപനം. ൱൬

തൽസ്നാനാദിയിൽനന്നായണിയുവാൻ
നിസ്തുലാമോദമർപ്പിച്ചീടുന്നേൻഞാൻ
കർപ്പൂരാദിമിളിതമാംതാംബൂല-
മർപ്പിച്ചീടുന്നേനാദരവോടുഞാൻ.
കെല്പോടേറംപ്രദക്ഷിണംവെയ്ക്കുന്നേൻ
തൃപ്പാദങ്ങളിൽതാണുവണങ്ങുന്നേൻ
നിന്നുടെപൂജ്യസായൂജ്യംപ്രാപിച്ച-
ച്ഛിന്നശീർഷമഹിഷാസുരേന്ദ്രനേ.
നിന്നഗ്രത്തിലിടത്തുപുറത്തായി
നന്നായ്പൂജിച്ചീടുന്നേൻമഹാല[illegible]
സമ്പൂർണ്ണസർവ്വധർമ്മസ്വരൂപനാം
വമ്പേറുംതവവാഹനസിംഹത്തെ
തമ്പുരാട്ടിസമർച്ചിക്കുന്നേൻതിരു-
മുമ്പിലൊട്ടുവലത്തുപുറത്തായി
യാതൊന്നില്ലെങ്കിൽസർവ്വമമംഗളം
യാതൊന്നുണ്ടെങ്കിൽസർവ്വംസുമംഗളം
മാതാവേ!യടിയന്നാദ്യവൽഭക്തി-
യേതുമേകുറവെന്ന്യേതരേണമേ.

പൂജാവിധിപാന

സമാപ്തം.

22 NOV 195

22 NOV 1957

025.2.291 3251

BHASHA DEVI MAHATMAYAM

KOCHUNNI THAMBURAN

Indic Digital Archive Foundation
gpura.org